# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN

വാല്യം 96

ലക്കം 11

2024 മെയ്

Malayalam Monthly

Price Rs. 25/- Annual Subscription Rs. 300/-




**The official organ of the Archeparchy of Changanacherry**


2024

മെയ്

# 99–ാം ചരമവാർഷികം

**(ജൂൺ 2)**



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

**പ്രഥമമെത്രാൻ**

**(14 ജനുവരി 1873 - 2 ജൂൺ 1925)**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 11 ● 2024 മെയ്

# ഉള്ളടക്കം


ദൈവവിളി ആഗോളപ്രാർത്ഥനാദിനസന്ദേശം - മാർപാപ്പ .............. 05
സർക്കുലർ- അതിരൂപതാദിനാചരണം (24 Ch. 304 - 386) .................12
സർക്കുലർ- മുദ്രാലയപ്രേഷിതത്വം (24 Ch. 305 - 387) ...................17
സർക്കുലർ- തെരഞ്ഞെടുപ്പ് (24 Ch. 303 - 385) ........................... 20
കച്ചേരിക്കാര്യം ........................................................................ 22
റിപ്പോർട്ട് - വൈദികസമ്മേളനം ................................................ 25
സന്ദേശനിലയം ......................................................................... 27
ചെറുപുഷ്പ മിഷൻലീഗ് ............................................................ 30
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........................32
ഫാമിലി അപ്പോസ്തലേറ്റ് .......................................................... 34
യുവദീപ്തി - SMYM ...................................................................36
CHASS ......................................................................................38
ചാസ്സ് - ഖാദി ............................................................................ 43
ജീവകാരുണ്യനിധി ട്രസ്റ്റ് ............................................................ 45
DFC ......................................................................................... 47
ആതുരശുശ്രൂഷാമേഖല ............................................................. 49
പ്രവാസി അപ്പോസ്തലേറ്റ് ...........................................................53
KLM ........................................................................................ 54
ആത്മതാകേന്ദ്രം ....................................................................... 56
DCMS ..................................................................................... 58
SFO ......................................................................................... 59
വിൻസെൻഷ്യൻ വേദി .............................................................. 60
കരിസ്മാറ്റിക് നവീകരണം ...........................................................62
പൗരോഹിത്യ ആദ്ധ്യാത്മികത .......................................................63
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..............................................69
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ............................ 77
ഐക്കൺവിവരണം (കവർ ബാക്ക്) ........................................... 82



**വേദപ്രചാര മദ്ധ്യസ്ഥൻ**
ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



Annual Subscription: Rs. 300/-

No. 4013/K-5/KCBC/OL/DS 06.04.2024

# ദൈവവിളികൾക്കായുള്ള 2024ലെ 61–ാമത്
# ആഗോളപ്രാർഥനാദിനത്തിൽ
## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശം

## *പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കാനും സമാധാനം സംസ്ഥാപിക്കാനും വിളിക്കപ്പെടുന്നത്*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ആഗോളപ്രാർഥനാദിനത്തിൽ ഓരോ വർഷവും കർത്താവു നമുക്ക് ഓരോരുത്തർക്കും നൽകുന്ന അമൂല്യ വിളിയെക്കുറിച്ചു ചിന്തിക്കാൻ അവിടുന്നു നമ്മെ ക്ഷണിക്കുന്നു. തന്റെ വിശ്വസ്തരായ തീർഥാടകജനത്തിലെ അംഗങ്ങളെന്നനിലയിൽ അവിടുത്തെ സ്നേഹംനിറഞ്ഞ പദ്ധതിയിൽ പങ്കുചേരാനും സുവിശേഷത്തിന്റെ സൗന്ദര്യം ജീവിതത്തിന്റെ വ്യത്യസ്തമായ അന്തസ്സുകളിൽ പ്രകാശിതമാക്കാനുമാണ് ഈ വിളി. ദൈവികവിളി കേൾക്കുകയെന്നതു നമ്മുടെ സന്തോഷത്തിനായുള്ള അഗാധമായ ആഗ്രഹം സഫലീകരിക്കാനുള്ള സുനിശ്ചിതമായ മാർഗമാണ്; ആ വിളി നമ്മുടെമേൽ – അതൊരു മതാത്മകമായ ആദർശത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽപോലും – അടിച്ചേല്പിക്കപ്പെട്ട ഒരു കടമയല്ല. നാം ആരാണെന്നു സ്വയം മനസ്സിലാക്കുമ്പോൾ, നമുക്കുള്ള ദാനങ്ങൾ എന്താണെന്നു കണ്ടെത്തുമ്പോൾ, എവിടെയാണു നമുക്കു ഫലം പുറപ്പെടുവിക്കാമെന്നതു തിരിച്ചറിയുമ്പോൾ, നാം എവിടെത്തന്നെയായിരുന്നാലും സ്നേഹത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളും തുറവിയോടെ മറ്റുള്ളവരെ സ്വീകരിക്കാനുള്ള താത്പര്യവും സൗന്ദര്യവും ശാന്തിയും ആർജിക്കാനുള്ള മാർഗങ്ങളും നാം കണ്ടെത്തുമ്പോൾ നമ്മുടെ ജീവിതങ്ങൾ സഫലീകൃതമാകും.

ആകയാൽ, തങ്ങളുടെ അസ്തിത്വത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ഈ വിളിയിൽ വിശ്വസ്തമായി നിലനിൽക്കാനായി നിരന്തരമുള്ള രഹസ്യ

ശ്രമങ്ങൾ നടത്തിക്കൊണ്ട് അതിനുത്തരം നൽകുന്ന എല്ലാവരെയും ഓർക്കാനും കർത്താവിനു കൃതജ്ഞതയർപ്പിക്കാനും ഈ ദിനം ഉത്തമ മായ ഒരവസരമൊരുക്കുന്നു. പ്രഥമമായി തങ്ങളെക്കുറിച്ചു ചിന്തിക്കാതിരിക്കുകയും നൈമിഷികമാംവിധം മിന്നിമറയുന്ന പരിഷ്കാരങ്ങളെ പിഞ്ചെല്ലാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കന്മാരെ ഞാൻ അനുസ്മരിക്കുന്നു. അവർ തങ്ങളുടെ ജീവിതങ്ങൾ രൂപപ്പെടുത്തുന്നതു ബന്ധങ്ങൾ വഴിയാണ്; ആ ബന്ധങ്ങളാകട്ടെ സ്നേഹത്തിലും ആർദ്രതയിലും ജീവന്റെ ദാനത്തോടുള്ള തുറവിലും തങ്ങളുടെ മക്കളോടുള്ള പ്രതിജ്ഞാബദ്ധതയിലും പക്വതയിലുള്ള വളർച്ചയിലും ഉൾപ്പെട്ടിരിക്കുന്നതാണ്. മറ്റുള്ളവരുമായി സഹകരണചൈതന്യത്തോടെ തങ്ങളുടെ ജോലി നിർവഹിക്കുന്നവരെയും കൂടുതൽ നീതിയുക്തമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനും കൂടുതൽ ബലമുള്ള ഒരു സമ്പദ്വ്യവസ്ഥയും സമദർശിയായ ഒരു സാമൂഹ്യനയവും കൂടുതൽ മാനുഷികമായ ഒരു സമൂഹവും രൂപവത്കരിക്കുന്നതിനുമായി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ശ്രമിക്കുന്നവരെയും ഞാൻ അനുസ്മരിക്കുന്നു.

ഒറ്റവാക്കിൽ പറഞ്ഞാൽ, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനായി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും ഞാനോർക്കുന്നു. മാത്രമല്ല, പ്രാർഥനയുടെ നിശബ്ദതയിലും അപ്പസ്തോലികപ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നുകൊണ്ടു തങ്ങളുടെ ജീവിതങ്ങൾ കർത്താവിനുവേണ്ടി കാഴ്ചവെച്ചു പ്രവർത്തിക്കുന്ന സമർപ്പിതരായ സ്ത്രീപുരുഷന്മാരെ ഞാൻ പ്രത്യേകം സ്മരിക്കുന്നു; ചിലപ്പോഴൊക്കെ അവർ പ്രവൃത്തിയെടുക്കുന്നതു സമൂഹത്തിന്റെ വിളുമ്പുകളിലാണ്; അവർ തങ്ങൾക്കു ചുറ്റുമുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് അക്ഷീണം തങ്ങളുടെ ദാനങ്ങൾ ക്രിയാത്മകമാംവിധം പരിപോഷിപ്പിക്കുന്നു. ശുശ്രൂഷാപൗരോഹിത്യത്തിലേക്കുള്ള ദൈവത്തിന്റെ വിളി സ്വീകരിച്ചിട്ടുള്ള എല്ലാവരെയും ഞാനോർക്കുന്നു. അവർ സുവിശേഷപ്രഘോഷണത്തിനായി സ്വയം സമർപ്പിക്കുമ്പോൾ പരിശുദ്ധ കുർബാനയോടൊപ്പം തങ്ങളുടെ ജീവിതങ്ങൾതന്നെ സഹോദരീസഹോദരന്മാർക്കായി മുറിച്ചുവിളമ്പുന്നതിനും അങ്ങനെ പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കുന്നതിനും ദൈവരാജ്യത്തിന്റെ സൗന്ദര്യം എല്ലാവർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതിനും തയ്യാറാകുന്നു.

യുവതീയുവാക്കളോട്, പ്രത്യേകിച്ചു സഭയിൽനിന്നു വിദൂരത്തായിരിക്കുകയും സഭയെക്കുറിച്ച് ഒരു നിശ്ചയവുമില്ലാതിരിക്കുകയും ചെയ്യുന്നവരോടു ഞാൻ ഇപ്രകാരം പറയുന്നു: ഈശോതന്നെയും നിങ്ങളെ അവന്റെ അടുത്തേക്കുകൊണ്ടുവരട്ടെ. സുവിശേഷങ്ങൾ വായിക്കുന്നതിലൂടെ ഉയർന്നുവരുന്ന നിങ്ങളുടെ പ്രധാനപ്പെട്ട ചോദ്യങ്ങൾ

അവന്റെ പക്കലേക്കുകൊണ്ടുവരിക; തന്റെ സാന്നിധ്യംവഴിയായി അവൻ നിങ്ങളെ വെല്ലുവിളിക്കട്ടെ; അവന്റെ സാന്നിധ്യം എപ്പോഴും ആരോഗ്യ കരമായ ഒരു പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. മറ്റാരെയുംകാൾ ഈശോ നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. ഈശോ ഒരിക്കലും ഒന്നും അടിച്ചേല്പിക്കുകയില്ല; നിർദേശിക്കുകമാത്രം ചെയ്യും. അവന് ഇടം കൊടുക്കുക; അവനെ അനുഗമിക്കുന്നതുവഴിയായി നിങ്ങൾ നിശ്ചയ മായും സന്തോഷത്തിന്റെ വഴി കണ്ടെത്തും. അവൻ നിങ്ങളോട് ആവശ്യ പ്പെട്ടാൽ നിങ്ങളെത്തന്നെ പൂർണമായി അവനു നൽകുക.

## സഞ്ചരിക്കുന്ന ഒരു ജനം

ക്രൈസ്തവസമൂഹം തിരിച്ചറിയുകയും അനുഗമിക്കുകയും ചെയ്യുന്ന വൈവിധ്യമാർന്ന കാരിസങ്ങളുടെയും തൊഴിലുകളുടെയും ബഹുസ്വരത ക്രിസ്ത്യാനികളെന്നതിന്റെ അർത്ഥമെന്താണെന്നു കൂടുതൽ പൂർണമായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. മ്ശിഹായുടെ ശരീരത്തിലെ സജീവശിലകളും അവന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ നമ്മൾ ഈ ലോകത്തിലെ ദൈവത്തിന്റെ ജനമെന്നനിലയ്ക്കു വളരെ വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും പിതാവിന്റെ മക്കളെന്ന നിലയിൽ പരസ്പരം സഹോദരീസഹോദരന്മാരാണെന്നും തിരിച്ചറി യുന്നു. നാം നമ്മിൽതന്നെ ഒതുങ്ങുന്ന ദ്വീപുകളല്ല, പ്രത്യുത വലിയൊരു പൂർണതയുടെ വിവിധഭാഗങ്ങളാണ്. ഈ അർഥത്തിൽ ദൈവവിളി കൾക്കായുള്ള ആഗോളപ്രാർഥനാദിനത്തിന് ഒരു സിനഡാത്മകസ്വഭാ വമുണ്ട്: നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങൾക്കിടയിൽ പരസ്പരം ശ്രവി ക്കാനും ഒരുമിച്ചുസഞ്ചരിക്കാനും നാം ക്ഷണിക്കപ്പെടുന്നു; അത് ഓരോരു ത്തരെയും അംഗീകരിക്കാനും എല്ലാവരുടെയും നന്മയ്ക്കായി എവിടേ ക്കാണ് ആത്മാവു നമ്മെ നയിക്കുന്നതെന്നതു വിവേചിച്ചറിയാനും വേണ്ടിയാണ്.

ഈ കാലസന്ധിയിൽ നമ്മുടെ പൊതുവായ സഞ്ചാരം 2025ലെ ജൂബിലിയാഘോഷത്തിലേക്കാണു നമ്മെ കൊണ്ടെത്തിക്കുന്നത്. വിശുദ്ധവർഷത്തിലേക്കു 'പ്രത്യാശയുടെ തീർഥാടകരായി' ഒരുമിച്ചു യാത്ര ചെയ്യാം. എന്തെന്നാൽ, നമ്മുടെതന്നെ വിളി കണ്ടെത്തുകയും ആത്മാവു വർഷിക്കുന്ന വിവിധങ്ങളായ ദാനങ്ങളുടെയിടയിൽ അതിന്റെ സ്ഥാനം നമുക്കു കണ്ടെത്തുകയും ചെയ്യാം; അങ്ങനെ ദൈവത്തിന്റെ സ്നേഹ ത്താലും ഉപവിയുടെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും ശൃംഖലകളാലും ബന്ധിക്കപ്പെട്ട് ഒന്നായിത്തീർന്നുകൊണ്ടു നമ്മുടെ ലോകത്തിന് ഏകമനുഷ്യകുടുംബമെന്ന ഈശോയുടെ സ്വപ്നത്തിന്റെ സാക്ഷികളും സന്ദേശവാഹകരുമായിത്തീരാം.

തന്റെ രാജ്യത്തിന്റെ നിർമിതിക്കായി വിശുദ്ധമായ ദൈവവിളികൾക്കായി പിതാവിനോടു സവിശേഷമായി യാചിക്കാനുള്ള ഒരു ദിനമാണിത്: 'തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ' *(ലൂക്കാ 10:2)*. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പ്രാർഥനയെന്നത് അവിടുത്തോടു സംസാരിക്കുക എന്നതിലുപരി അവിടുത്തെ ശ്രവിക്കുകയെന്നതത്രെ. ദൈവം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു; അതു തുറന്നിരിക്കുന്നതു കാണാൻ അവിടുന്നാഗ്രഹിക്കുന്നു; അത് ആത്മാർഥവും ഉദാരവുമായതുമായിരിക്കണം. ഈശോമിശിഹായിൽ മാംസംധരിച്ച അവിടുത്തെ വചനം പിതാവിന്റെ ഹിതം പൂർണമായും നമുക്കു വെളിപ്പെടുത്തിത്തന്നു.

ജൂബിലിയുടെ ഒരുക്കത്തിനായുള്ള പ്രാർഥനയ്ക്കായി മാറ്റിവെച്ചിരിക്കുന്ന ഈ വർഷം കർത്താവുമായുള്ള ഹൃദയപൂർവമായ സംഭാഷണത്തിലേർപ്പെടുന്നതിനുള്ള നമ്മുടെ അമൂല്യാനുഗ്രഹമായ കഴിവു വീണ്ടും കണ്ടെത്താനും അങ്ങനെ പ്രത്യാശയുടെ തീർഥാടകരായിത്തീരാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ 'പ്രത്യാശയുടെ ആദ്യത്തെ ശക്തി പ്രാർഥനയാണ്. നിങ്ങൾ പ്രാർഥിക്കുമ്പോൾ പ്രത്യാശ വർധിക്കുന്നു; അതു മുന്നോട്ടുനയിക്കുന്നു. പ്രാർഥനയാണു പ്രത്യാശയുടെ വാതിൽ തുറക്കുന്നത്. പ്രത്യാശ അവിടെയുണ്ട്; എന്റെ പ്രാർഥനവഴി ഞാൻ വാതിൽ തുറക്കുന്നു' (Catechesis, 20 May 2020).

## പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ നിർമാതാക്കളും

തീർഥാടകരായിരിക്കുക എന്നുപറഞ്ഞാൽ എന്താണ്? തീർഥാടനത്തിനു പോകുന്നവർ മുഖ്യമായും തങ്ങളുടെ ദൃഷ്ടികൾ ഒരുലക്ഷ്യത്തിൽ പതിപ്പിക്കുന്നു; അതവരുടെ മനസ്സിലും ഹൃദയത്തിലും എപ്പോഴുമുണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ആ ലക്ഷ്യം പ്രാപിക്കാൻ അവർ ഓരോ ചുവടിലും ശ്രദ്ധ ചെലുത്തേണ്ടതാണ്. ആകയാൽ കുറഞ്ഞഭാരവുമായി സഞ്ചരിക്കണം. അതായത്, തങ്ങളെ ഭാരപ്പെടുത്തുന്നതെല്ലാം ഉപേക്ഷിക്കേണ്ടത്; അത്യാവശ്യം വേണ്ടവ മാത്രം വഹിക്കുകയും ഓരോ ദിവസവും ക്ഷീണവും ഭയവും അനിശ്ചിതത്വവും മുരടിപ്പുമൊക്കെ ഒഴിവാക്കുകയും വേണം. തീർഥാടകർ ഓരോ ദിവസവും ആരംഭിക്കുന്ന ആളുകളാണ്; അവർ നവമായി തുടങ്ങുന്നു. യാത്ര ക്ഷീണമുളവാക്കുന്നതും ദുഷ്കരവുമാണെങ്കിൽപോലും അതിന്റെ ഓരോ ഭാഗത്തും ആവശ്യമായുള്ള താത്പര്യവും ശക്തിയും ഓരോദിവസവും അവർ കണ്ടെത്തുന്നു; അപ്പോൾ പുതിയചക്രവാളങ്ങൾ മിഴിതുറക്കുകയും നാം മുമ്പു കണ്ടിട്ടില്ലാത്ത വീഥികൾ തുറന്നുവരികയും ചെയ്യും.

നമ്മുടെ ക്രൈസ്തവതീർഥാടനത്തിന്റെ ആത്യന്തികമായ അർഥമിതാണ്: ദൈവസ്നേഹം കണ്ടെത്താനായി നാം ഇറങ്ങിപ്പുറപ്പെടുന്നു;

അതേസമയംതന്നെ നാം നമ്മെത്തന്നെയും കണ്ടെത്തുന്നു; അതായത്, നമ്മുടെയുള്ളിൽതന്നെ നടത്തുന്ന യാത്രവഴിയായി; അതു പരിപോഷിപ്പിക്കപ്പെടുന്നതു മറ്റുള്ളവരുമായുള്ള ബന്ധംവഴിയാണ്. നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നതിനാലാണു തീർഥാടകരായിരിക്കുന്നത്: ദൈവത്തെ സ്നേഹിക്കാനും പരസ്പരം സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നവർ. ഈ ലോകത്തിലുള്ള നമ്മുടെ തീർഥാടനം ലക്ഷ്യമില്ലാതെ മുന്നേറുന്നതോ അലഞ്ഞുതിരയുന്നതോ അല്ല. മറിച്ച്, ഓരോ ദിവസവും ദൈവത്തിന്റെ വിളിയ്ക്കു പ്രത്യുത്തരം നൽകിക്കൊണ്ട് ഒരു പുതിയലോകത്തിലേക്കു കാൽവെക്കാനുള്ള ശ്രമം നാം നടത്തുന്നു; അവിടെ എല്ലാവർക്കും സമാധാനത്തിലും നീതിയിലും വസിക്കാനാകും. നമ്മൾ പ്രത്യാശയുടെ തീർഥാടകരാണ്; കാരണം, നമ്മൾ കൂടുതൽ ശോഭനമായ ഒരു ഭാവിയിലേക്കാണു കുതിക്കുന്നത്; ഓരോ കാൽവെപ്പിലും അതു സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

യഥാർഥത്തിൽ ഓരോ ദൈവവിളിയുടെയും ലക്ഷ്യമിതാണ്: പ്രത്യാശയുടെ സ്ത്രീപുരുഷന്മാരായി ഭവിക്കുക. ഐതിഹാസികമായ വെല്ലുവിളികളാൽ കലുഷിതമായ ഇന്നത്തെ ലോകത്ത്, വ്യക്തികളും സമൂഹങ്ങളും എന്നനിലയിൽ, നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങളും ശുശ്രൂഷകളും വഴിയായി സുവിശേഷസന്ദേശമായ പ്രത്യാശയുടെ ആൾരൂപങ്ങളും സന്ദേശവാഹകരുമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ കാലസന്ധി വിവിധയിടങ്ങളിൽ കുറേശ്ശെയായി പൊരുതപ്പെടുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ വിനാശകരമായ മായാവലയത്തിലാണ്. കൂടുതൽ നല്ലയൊരു ഭാവിയെ അന്വേഷിക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ സ്വന്തം നാടുകൾ ഉപേക്ഷിച്ചു ദേശാന്തരഗമനം ചെയ്യുന്നവരുടെ പ്രവാഹം, വർധിതമായിക്കൊണ്ടിരിക്കുന്ന ദരിദ്രരുടെ എണ്ണം, നമ്മുടെ ഈ ഗ്രഹത്തിന്റെ ആരോഗ്യം തിരിച്ചുപിടിക്കാനാകാത്തവിധമുള്ള പ്രശ്നങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങളാണു നാം ദിവസവും അഭിമുഖീകരിക്കുന്നത്; അവ പലപ്പോഴും നമ്മെ കീഴടങ്ങലിലേക്കും പരാജയം അംഗീകരിക്കുന്നതിലേക്കും കൊണ്ടെത്തിക്കുന്നു.

ആകയാൽ, നമ്മുടെ ഈ ദിനങ്ങളിൽ ക്രിസ്ത്യാനികളായ നാം പ്രത്യാശഭരിതമായ ഒരു കാഴ്ചപ്പാടു പുലർത്തുകയെന്നത് അനിവാര്യമാണ്. ദൈവരാജ്യത്തിന്റെ സ്നേഹത്തിനും നീതിയ്ക്കും സമാധാനത്തിനുംവേണ്ടിയുള്ള ശുശ്രൂഷയുടെ ഭാഗമായി നമുക്കു ലഭിച്ചിട്ടുള്ള ദൈവവിളിക്കു ഫലപ്രദമാംവിധം ഉത്തരം നൽകിക്കൊണ്ടു നാം പ്രവർത്തിക്കണം. ഈ പ്രത്യാശ നമ്മെ, പൗലോസ്ശ്ലീഹാ പറയുന്നതുപോലെ 'നിരാശരാക്കുന്നില്ല' *(റോമാ 5:5)*. കാരണം, കർത്താവു നമ്മോടൊപ്പം എപ്പോഴും വസിക്കുമെന്നും ഓരോ വ്യക്തിയുടെയും ഹൃദയത്തിലും

സൃഷ്ടിയുടെതന്നെ 'ഹൃദയത്തിലും' അവിടുന്നു നിവർത്തിയാക്കാൻ ആഗ്രഹിക്കുന്ന രക്ഷാകരപ്രവൃത്തിയിൽ നമ്മെയും പങ്കാളികളാക്കു മെന്നുമുള്ള അവിടുത്തെ വാഗ്ദാനത്തിലും അധിഷ്ഠിതമാണിത്. മ്ശിഹായുടെ ഉത്ഥാനത്തിലാണ് ഈ പ്രത്യാശ അതിന്റെ മുന്നോട്ടുള്ള ഗതിയുടെ ശക്തി കണ്ടെത്തുന്നത്. എന്തെന്നാൽ, ''ഈ ലോകം മുഴുവൻ നിറച്ച ഒരു ജീവശക്തി ഉത്ഥാനത്തിനുണ്ട്. എല്ലാം മരണത്തിനധീന മായി എന്നുതോന്നുന്നിടത്തു പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉയർന്നുവരുന്നു. അതാർക്കും തടുക്കാനാവാത്ത ഒരു ശക്തിയാണ്. ദൈവമില്ലെന്നു പലപ്പോഴും തോന്നിപ്പോകും. കാരണം, നമുക്കുചുറ്റും എല്ലായിടത്തും സ്ഥിരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ, ഇരുട്ടിന്റെ മധ്യത്തിലും പുതിയ എന്തെങ്കിലും ജീവനിലേക്കു വരുന്നുവെന്നതും ഒരു യാഥാർഥ്യമാണ്; അതു പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു'' (*Evangelii Gaudium* 276). പൗലോസ്ശ്ലീഹാ വീണ്ടും നമ്മോടുപറയുന്നു: 'പ്രത്യാശ യാലാണു നാം രക്ഷിക്കപ്പെട്ടത്' *(റോമാ 8:24)*. പെസഹാരഹസ്യത്തിൽ പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പു പ്രത്യാശയുടെ സ്രോതസ്സാണ്. അതു സുനിശ്ചിതവും വിശ്വാസയോഗ്യവുമായ പ്രത്യാശയാണ്; അതുമൂലം നമുക്ക് ഇക്കാലത്തെ വെല്ലുവിളികളെ നേരിടാനാകും.

ആകയാൽ, പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാ ക്കളുമായിരിക്കുക എന്നുപറഞ്ഞാൽ മ്ശിഹായുടെ ഉത്ഥാനമെന്ന പാറ മേൽ നമ്മുടെ ജീവിതങ്ങൾ പടുത്തുയർത്തുക എന്നത്രേ. അതു നാം ആശ്ലേഷിക്കുകയും ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിളിയ്ക്ക് അനുയോജ്യമായി നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും വ്യർഥമായി ത്തീരുകയില്ലായെന്ന ബോധ്യത്തിലേക്കു നമ്മെ നയിക്കുന്നതാകും. വഴിമധ്യേ പരാജയങ്ങളും തടസ്സങ്ങളുമുണ്ടായേക്കാം; പക്ഷേ, നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ നിശബ്ദമായി വളർന്നുകൊണ്ടി രിക്കും. ആത്യന്തികലക്ഷ്യത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാൻ ഒന്നിനും സാധിക്കുകയില്ല; അതായത്, മ്ശിഹായുമായുള്ള കണ്ടു മുട്ടലും സഹോദരസ്നേഹത്തിൽ നിത്യമായി ജീവിക്കുന്നതിന്റെ ആനന്ദ വുമെന്ന ലക്ഷ്യം. ഈ ആത്യന്തികവിളി ഓരോ ദിവസവും നാം മുൻ കൂട്ടി അനുഭവിക്കേണ്ടതാണ്; അതായത്, ഇപ്പോൾതന്നെ ദൈവമായും നമ്മുടെ സഹോദരീസഹോദരന്മാരുമായും നമുക്കുള്ള സ്നേഹബന്ധം ഐക്യത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റേതുമായ ദൈവത്തിന്റെ സ്വപ്നം നിലവിൽ വരുത്തുന്നതിന്റെ ആരംഭംകുറി ക്കുന്നതാണ്. ഒരാൾക്കും ഈ വിളിയിൽനിന്ന് ഒഴിവാക്കപ്പെടുന്നുവെന്ന തോന്നലുണ്ടാകാതിരിക്കട്ടെ. നമുക്ക് ഓരോരുത്തർക്കും, നമ്മുടെതന്നെ എളിയമാർഗങ്ങളിലൂടെ, നമ്മുടെ ജീവിതാന്തസ്സിന്റെ പ്രത്യേക സാഹചര്യ

മനുസരിച്ച്, ആത്മാവിന്റെ സഹായത്തോടെ, പ്രത്യാശയുടെയും സമാധാനത്തിന്റെയും വിത്തുകൾ വിതയ്ക്കുന്നവരായിത്തീരാൻ സാധിക്കും.

## പ്രതിജ്ഞാബദ്ധമാകാനുള്ള ധൈര്യം

ഈ പശ്ചാത്തലത്തിൽ, ഞാൻ ആഗോളയുവജനദിനത്തിൽ പോർച്ചുഗലിലെ ലിസ്ബണിൽ പറഞ്ഞതുപോലെ, വീണ്ടുംപറയട്ടെ: 'എഴുന്നേൽക്കുവിൻ!' നിദ്രവിട്ടു നമുക്ക് എഴുന്നേൽക്കാം, നിസ്സംഗത നമുക്ക് ഒഴിവാക്കാം; പലപ്പോഴും നാം നമ്മെത്തന്നെ സ്വയം അടച്ചുപൂട്ടുന്ന തടവറയുടെ വാതിലുകൾ നമുക്കു തുറക്കാം. അങ്ങനെ നമുക്ക് ഓരോരുത്തർക്കും സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൈവവിളി കണ്ടെത്തുകയും പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളുമായി മാറാം. ജീവിതത്തെക്കുറിച്ചു നമുക്ക് ആവേശഭരിതരാകാം; നാം ജീവിക്കുന്ന ഓരോയിടത്തും നമുക്കു ചുറ്റുമുള്ളവരെ സ്നേഹപൂർവം ശുശ്രൂഷിക്കുന്നതിനു നമുക്കു പ്രതിജ്ഞാബദ്ധരാകാം. വീണ്ടും ഞാൻ പറയട്ടെ: 'പ്രതിജ്ഞാബദ്ധരാകാനുള്ള ധൈര്യമുണ്ടായിരിക്കുക!' എപ്പോഴും ദരിദ്രരുടെയും അരക്ഷിതരുടെയും ചാരെ നിന്നിരുന്ന സ്നേഹത്തിന്റെ അക്ഷീണനായ അപ്പസ്തോലനായിരുന്ന *ഒരെസ്തേ ബെൻസി* എന്നവൈദികൻ പലപ്പോഴും പറയുമായിരുന്നു: ''ഒന്നും നൽകാൻ കഴിയാത്തവിധം ഒരാളും അത്രയ്ക്കു നിർധനനല്ല; ഒന്നും സ്വീകരിക്കേണ്ട ആവശ്യമില്ലാത്തവിധം ഒരാളും അത്രയ്ക്കു ധനവാനുമല്ല''.

ആകയാൽ നമുക്ക് എഴുന്നേൽക്കാം; പ്രത്യാശയുടെ തീർഥാടകരായി നമുക്കു പുറപ്പെടാം; പരി. മറിയം എലിസബത്തിനായിരുന്നതുപോലെ, നമുക്കു സന്തോഷത്തിന്റെ സന്ദേശവാഹകരാകാം; നമുക്കു പുതുജീവന്റെ സ്രോതസ്സുകളും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ശിൽപികളുമാകാം.

ജോൺ ലാറ്ററൻ ബസിലിക്ക, റോം
ഏപ്രിൽ 21, 2024
പെസഹാക്കാലത്തിലെ നാലാം ഞായർ

Francis

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി 682025

സർക്കുലർ

24 Ch. 304 - 386

# അതിരൂപതാദിനാചരണം: പശ്ചാത്തലവും ചരിത്രപ്രാധാന്യവും

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ

മെയ് 20നു നമ്മൾ 138-ാമത് അതിരൂപതാദിനം ആചരിക്കുകയാണ്. 1887 മെയ് 20നു തൃശൂർ വികാരിയാത്തിനോടൊപ്പം ആരംഭംകുറിച്ച കോട്ടയം വികാരിയാത്തിന്റെ തുടർച്ചയായ ചങ്ങനാശ്ശേരി അതിരൂപത ഈ മെയ് 20നു 138-ാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. തോമാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിലൂടെ രൂപംകൊണ്ട ഇന്ത്യയിലെ പുരാതനമായ ക്രൈസ്തവസമൂഹം മാർതോമാനസ്രാണികൾ എന്നാണു ചരിത്രത്തിൽ അറിയപ്പെട്ടിരുന്നത്. ഇന്നത്തേതുപോലുള്ള രൂപതാ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. പുരാതനകാലംമുതലേ സുറിയാനി യായിരുന്നു മാർതോമാനസ്രാണികളുടെ ആരാധനാഭാഷ. അതിനാൽ സുറിയാനിക്കാർ എന്നും മാർതോമാനസ്രാണികളെ വിളിച്ചിരുന്നു. കത്തോലിക്കാസഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ആറുറീത്തുകളിൽ ഒന്നായ കൽദായസുറിയാനിറീത്തിലെ ആരാധനക്രമംതന്നെയാണ്- അതായത് പൗരസ്ത്യസുറിയാനി ആരാധനക്രമമാണു നമ്മുടെ സഭയിലും പുരാതനകാലംമുതലേ ഉപയോഗിച്ചുപോന്നിരുന്നത്. മാർ തോമാശ്ലീഹാ യിൽനിന്നു ലഭിച്ച ഏറ്റവും വിലപ്പെട്ട പൈതൃകമാണു സുറിയാനിഭാഷ എന്നുവിശ്വസിക്കുകയും അതിൽ അഭിമാനംകൊള്ളുകയും ചെയ്ത വരാണു മാർതോമാനസ്രാണികൾ. ഈശോമ്ശിഹായുടെതന്നെ മാതൃ ഭാഷയായ 'അറമായ' യുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഷാഭേദവും സാഹിത്യ ഭാഷയുമാണു സുറിയാനി. പൗരസ്ത്യസുറിയാനിപാരമ്പര്യത്തിന്റെ പിള്ളത്തൊട്ടിലും പ്രധാനകേന്ദ്രവുമായിരുന്ന ഈസ്റ്റേൺതുർക്കിയിലെ എഡേസ്സായിലാണ് ഈ സുറിയാനിഭാഷാഭേദം രൂപപ്പെട്ടത്.

പൗരസ്ത്യസുറിയാനിസഭാകുടുംബത്തിലെ (കാൽഡിയൻ) ഒരു വ്യക്തിസഭ എന്നനിലയിൽ ഇന്ത്യയിലെ മാർതോമാനസ്രാണിസഭ പൗരസ്ത്യസുറിയാനി ആരാധനാപാരമ്പര്യത്തെ സ്വാഭാവികമായും സ്വന്തം പാരമ്പര്യമായി സ്നേഹിച്ചാദരിച്ചു സംരക്ഷിച്ചുപോന്നു. അതിനുവേണ്ടി എന്തു ത്യാഗംസഹിക്കാനും നസ്രാണികൾ തയ്യാറായിരുന്നു. പതിനാറാം നൂറ്റാണ്ടുവരെയും അത് അഭംഗുരം സംരക്ഷിച്ചനുഷ്ഠിച്ചുപോരുകയും ചെയ്തിരുന്നു.

പിന്നീടു മൂന്നുനൂറ്റാണ്ടോളം മാർതോമാനസ്രാണികൾ പാശ്ചാത്യ ലത്തീൻഭരണത്തിൻകീഴിൽ കഴിയേണ്ടിവന്നു. ഈ കാലഘട്ടത്തിൽ പൗരസ്ത്യസുറിയാനിറീത്തുകാരായ മാർതോമാനസ്രാണികളെയും ലത്തീൻസഭയുടെ ഒരു ഭാഗമെന്നപോലെ അധികാരികൾ കരുതിപ്പോന്നു. അതിനാൽ മാർതോമാനസ്രാണിസഭയ്ക്കു സ്വന്തം തനിമയിലും വ്യക്തിത്വത്തിലും വളർന്നുവികസിക്കാൻ കഴിഞ്ഞില്ല. ഒരു സഭയുടെ വ്യക്തിത്വത്തിന്റെ മുഖ്യഘടകങ്ങളായ ആരാധനാക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം ഇവയിലെല്ലാം ലത്തീൻസഭയോട് അനുരൂപപ്പെടുത്താനുള്ള സമ്മർദങ്ങൾക്കു മാർതോമാനസ്രാണിസഭ ഇരയാകേണ്ടിവന്നു.

തങ്ങളുടെ സഭയുടെ പൗരസ്ത്യവ്യക്തിത്വത്തെക്കുറിച്ചും തനിമയെക്കുറിച്ചും ബോധ്യമുണ്ടായിരുന്ന നസ്രാണികളും അവരുടെ വൈദികരും അവ വീണ്ടെടുക്കുന്നതിന് അത്യന്തമാഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തിരുന്നു. നിരവധി പ്രതികൂലസാഹചര്യങ്ങൾ നേരിടേണ്ടിവന്നെങ്കിലും അവസാനം പരിശുദ്ധസിംഹാസനത്തിൽനിന്ന് അനുകൂലമായ പ്രതികരണമുണ്ടായ നിർണായകസംഭവമാണ് 13-ാം ലെയോ മാർപാപ്പ 1887 മെയ് 20നു സുറിയാനിക്കാർക്കായി കോട്ടയം, തൃശൂർ എന്നീ രണ്ടുവികാരിയാത്തുകൾ സ്ഥാപിച്ചുവെന്നത്. അതായത്, അതുവരെ മൂന്നുനൂറ്റാണ്ടോളം ലത്തീൻസഭയുടെ ഭാഗമെന്നപോലെ കരുതിയിരുന്ന സുറിയാനിക്കാരെ വീണ്ടും ലത്തീൻകാരിൽനിന്നും വേർതിരിച്ച് അവർക്കുവേണ്ടിമാത്രമായി രണ്ടുവികാരിയാത്തുകൾ സ്ഥാപിക്കുകയായിരുന്നു. അതുവഴി മാർതോമാനസ്രാണികൾ തങ്ങളുടെ പൗരസ്ത്യവ്യക്തിത്വവും പൗരസ്ത്യസുറിയാനിപാരമ്പര്യവും വീണ്ടെടുത്തുവളരാൻ മാർപാപ്പ വഴിയൊരുക്കുകയായിരുന്നു. പൗരസ്ത്യസഭകളുടെ മഹത്ത്വത്തെയും അവയുടെ വിലപ്പെട്ട പാരമ്പര്യങ്ങളെയുംകുറിച്ചു ബോധ്യമുണ്ടായിരുന്ന 13-ാം ലെയോ മാർപാപ്പായുടെ ഉറച്ചതീരുമാനം

നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമായി. വികാരി യാത്തുസ്ഥാപനത്തോടെ ആരംഭംകുറിച്ച നമ്മുടെസഭയുടെ പുനരുദ്ധാരണപ്രക്രിയ, 1992ൽ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽപദവിയിലേക്ക് ഉയർത്തിയതോടെ നൈയാമികമായി പൂർത്തിയായി എന്നു പറയാം. അതായത്, സ്വന്തം വ്യക്തിത്വവും തനിമയും വീണ്ടെടുത്ത് ഒരു സ്വതന്ത്രവ്യക്തിസഭയായി വളരാനുള്ള അധികാരവും അവകാശവും നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്നു.

1887ൽ സുറിയാനിവികാരിയാത്ത് സ്ഥാപിച്ചകാലത്തെ നമ്മുടെ പൂർവികതലമുറയ്ക്കു നഷ്ടപ്പെട്ടുപോയ നമ്മുടെ പൗരസ്ത്യതനിമ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഭാവിവളർച്ചയെക്കുറിച്ചും സ്വന്തംസമുദായത്തിന്റെ ക്ഷേമത്തെക്കുറിച്ചും വ്യക്തവും ശക്തവുമായ ബോധ്യങ്ങളും വിശാലമായ കാഴ്ചപ്പാടുമുണ്ടായിരുന്നതായി സമകാലികരേഖകളിൽനിന്നു മനസ്സിലാക്കാൻകഴിയും. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു:

കോട്ടയം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടതു ഫ്രഞ്ചുകാരനും ലത്തീൻസഭാംഗവും ഈശോസഭാംഗവുമായ അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് മെത്രാനായിരുന്നു. മാന്നാനത്തുവച്ച് അദ്ദേഹത്തിനു നൽകപ്പെട്ട ഗംഭീരസ്വീകരണത്തിൽ ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. നമ്മുടെ നസ്രാണിസമുദായത്തിന്റെ വികാരവും ആഗ്രഹവും ആവശ്യങ്ങളും എന്തെന്നു വ്യക്തമാക്കുന്നതായിരുന്നു പ്രസ്തുത മംഗളപത്രത്തിലെ ഉള്ളടക്കം. അതിപ്രകാരമായിരുന്നു: ''സ്വന്തം റീത്തുകാരായ മെത്രാന്മാരുടെ അഭാവംമൂലം ഞങ്ങളുടെ പുരാതനറീത്തിനും ആചാരങ്ങൾക്കും അവയുടെ മനോഹാരിതയെ സ്പർശിക്കുന്ന ന്യൂനതകൾ കാലാതിപാതത്താൽ ഭവിച്ചിട്ടുണ്ട്. അങ്ങയുടെ ഭരണകാലത്തു പൂർവികപ്രശസ്തിയിലേക്കും പ്രതാപത്തിലേക്കുമുള്ള അവയുടെ പുനരുദ്ധാരണം കാണാൻ സാധിക്കുമെന്നും, അതിലധികം വിദ്യാഭ്യാസം സംബന്ധമായി ഞങ്ങൾക്കുള്ള തുലോം താഴ്ന്നനിലയിൽനിന്ന് ഒരു മഹാപാഠശാലയുടെയും തദധീനങ്ങളായ ആംഗലവിദ്യാലയങ്ങളുടെയും സ്ഥാപനങ്ങൾമൂലം ഞങ്ങളെ ഉന്നമിപ്പിക്കുമെന്നും ഞങ്ങൾ ആശിക്കുന്നു...''

സുറിയാനിറീത്തിന്റെ പുനരുദ്ധാരണത്തിലൂടെ നസ്രാണിസഭയുടെ തനതായ വ്യക്തിത്വം വീണ്ടെടുക്കുക, വിദ്യാഭ്യാസപരമായി ഏറെ പിന്നിലായിരിക്കുന്ന നസ്രാണികത്തോലിക്കാസമുദായത്തെ, ഉന്നത

വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു പുരോഗതിയിലേക്കു ആനയിക്കുക എന്നിങ്ങനെ സഭാത്മകവും സമുദായപരവുമായ ആവശ്യങ്ങളാണു നസ്രാണിമഹാസമ്മേളനം ഉന്നയിച്ചത്. കൂടാതെ, സുറിയാനിക്കാരനായ ഒരു സഹായമെത്രാനെ നിയമിക്കണമെന്ന ആവശ്യവും മംഗളപത്രത്തിൽ സൂചിപ്പിച്ചിരുന്നു. സുറിയാനിറീത്തിന്റെ പരിപോഷണമാണ് അതുവഴി ലക്ഷ്യംവച്ചത്.

30000 ആളുകളും മുന്നൂറിലധികം വൈദികരും നൂറോളം വൈദി കാർത്ഥികളും പങ്കെടുത്ത സ്വീകരണച്ചടങ്ങിൽ സമർപ്പിക്കപ്പെട്ട മംഗള പത്രത്തിന്റെ ഈ മുഖ്യപ്രമേയങ്ങൾ വ്യക്തമാക്കുന്നതു നസ്രാണികൾ തങ്ങളുടെ റീത്തിനെയും സമുദായക്ഷേമത്തെയും എത്രമാത്രം സ്നേഹി ക്കുകയും വിലമതിക്കുകയും ചെയ്തിരുന്നുവെന്നാണ്. രണ്ടുകാര്യങ്ങ ളോടും വളരെ അനുകൂലമായാണു ലവീഞ്ഞുപിതാവു പ്രതികരിച്ചത്.


ഇപ്രകാരം വികാരിയാത്തുസ്ഥാപനത്തോടെ സീറോമലബാർസഭ യുടെ ആധുനികചരിത്രത്തിന് ആരംഭംകുറിച്ചു. അതോടൊപ്പം റീത്തിന്റെ പുനരുദ്ധാരണത്തിനും. സീറോമലബാർസഭയുടെ കഴിഞ്ഞ 137 വർഷത്തെ ചരിത്രം അഭിമാനകരമാണ്. ഏറെ പ്രതികൂലസാഹചര്യങ്ങളും വെല്ലു വിളികളും നേരിടേണ്ടിവന്നെങ്കിലും പരിശുദ്ധ സിംഹാസനത്തിന്റെ സുസ്ഥിരമായ നേതൃത്വത്തിലും പിന്തുണയിലും സീറോമലബാർസഭ ഇന്നൊരു സ്വതന്ത്രസ്വയാധികാരവ്യക്തിസഭയായി അതിന്റെ നൈയാമിക വളർച്ചയുടെ പൂർണതയിലെത്തിയിരിക്കുന്നു. നമ്മുടെ അതിരൂപത അതിന്റെ ചരിത്രപ്രയാണത്തിലുടനീളം സഭയുടെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ഇന്നും ആ നിലപാടിൽ ഉറച്ചുനിന്നു സഭാശുശ്രൂഷ യിൽ സജീവമായി സഹകരിക്കുന്നു.

നമ്മുടെ മാതൃസഭയുടെ വളർച്ചയിലും നേട്ടങ്ങളിലും സന്തോഷിക്കു മ്പോഴും, ആഭ്യന്തരമായ ചില പ്രശ്നങ്ങൾ സഭാമാതാവിനെ ഇന്നു വേദനി പ്പിക്കുന്നു. പൂർവികർ ഏറ്റവും വിലപ്പെട്ട പിതൃസ്വത്തായി കരുതി പുന രുദ്ധരിച്ചു സംരക്ഷിക്കാൻ പരിശ്രമിച്ച പൗരസ്ത്യസുറിയാനിറീത്തിനെ തള്ളിപ്പറയുകയും സഭയുടെ പരമാധികാരത്തെപ്പോലും ധിക്കരിക്കയും ചെയ്യുന്ന സഭയിലെതന്നെ ചെറുതെങ്കിലും ഒരുവിഭാഗം സഭാമക്കൾ മാതൃസഭയുടെ വളർച്ചയിലും സാക്ഷ്യത്തിലും പ്രതിബന്ധമായിത്തീ രുന്നു. അതുപോലെതന്നെ നമ്മുടെ സമുദായത്തിന്റെ പൊതുനന്മയും ഭാവിയും കണക്കിലെടുക്കാതെ സ്വാർത്ഥതാത്പര്യങ്ങൾക്കു മുൻഗണന കൊടുക്കുന്ന സഭാമക്കളും, ഇക്കാര്യത്തിൽ നിസ്സംഗത പുലർത്തുന്ന

മനോഭാവവും നമ്മുടെ സഭയുടെയും സമുദായത്തിന്റെയും ഭാവിയെ ഇരുളടഞ്ഞതാക്കുന്നു.

അതിരൂപതാദിനാചരണം നമ്മുടെ സഭയ്ക്കും സമുദായത്തിനുംവേണ്ടി പുനർസമർപ്പിക്കാനും അങ്ങനെ ലോകത്തിൽ സുവിശേഷത്തിന്റെ യഥാർത്ഥസാക്ഷികളാകാനും അവസരമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു. മാർഗനിർദേശങ്ങൾക്കനുസരിച്ച് എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവം,



**ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2024 മെയ് 12 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

സർക്കുലർ

24 Ch. 305 - 387

# ശതാബ്ദി പിന്നിടുന്ന നമ്മുടെ മുദ്രാലയപ്രേഷിതത്വം

ഈശോമ്ശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

അച്ചടിമേഖലയിൽ ക്രൈസ്തവസഭ എക്കാലത്തും മുൻനിരയിൽ തന്നെയാണ്. ചങ്ങനാശ്ശേരി അതിരൂപതയും ഈ രംഗത്ത് ഒരുനൂറ്റാണ്ടു പിന്നിടുകയാണ്. 1924ൽ ഒരു ഹാൻഡ് പ്രസ്സ് സ്വന്തമാക്കിക്കൊണ്ടു സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് പ്രവർത്തനമാരംഭിച്ചതോടെ ചങ്ങനാശ്ശേരി അതിരൂപതയുടെ മുദ്രാലയപ്രേഷിതത്വചരിത്രത്തിന് ആരംഭംകുറിച്ചു. തുടർന്ന്, അഭി. കാളാശ്ശേരിപ്പിതാവിന്റെ കാലംമുതൽ പ്രസ്സിന്റെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി വളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടിരുന്നു. അതിരൂപതയുടെ ഔദ്യോഗികജിഹ്വയായ വേദപ്രചാരമദ്ധ്യസ്ഥനും പള്ളിരേഖകളുമൊക്കെയായിരുന്നു ആരംഭത്തിൽ അച്ചടിച്ചിരുന്നത്. പിന്നീടു പുറത്തുനിന്നുള്ള അച്ചടിയാവശ്യങ്ങളും സ്വീകരിച്ചുകൊണ്ടു പ്രസ്സിന്റെ പ്രവർത്തനങ്ങൾ ക്രമേണ വിപുലമായിക്കൊണ്ടിരുന്നു. ഇവിടെ പ്രവർത്തിച്ചിരുന്ന ഓർഫനേജിലെ കുട്ടികളുടെ ചെലവിനു പ്രസ്സിൽ നിന്നുള്ള വരുമാനവും ഉപയോഗിച്ചുപോന്നു.

കാലാകാലങ്ങളിൽ അതിരൂപതയെ നയിച്ചിരുന്ന അഭി. പിതാക്കന്മാരുടെ ശ്രദ്ധയും താത്പര്യവും മുദ്രാലയപ്രേഷിതത്വത്തിന്റെ വളർച്ചയിൽ നിർണായകമായ പങ്കുവഹിച്ചു. അഭി. കോച്ചേരിപ്പിതാവിന്റെ ശക്തമായ പിന്തുണയും മറക്കാനാവില്ല. പ്രസ്സിന്റെ സ്ഥാപകമാനേജർ പനച്ചിക്കൽ ബഹു. തോമസ് അച്ചൻ മുതൽ നിരവധി വൈദികർ മാനേജർമാരായി ഈ സ്ഥാപനത്തിന്റെ കാലോചിതമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി അക്ഷീണം യത്നിച്ചിട്ടുണ്ട്. അവരെയെല്ലാം നന്ദിയോടെ നമുക്കോർമിക്കാം.

ചെറിയതോതിൽ ഒരു ഹാൻഡ് പ്രസ്സിൽ പ്രവർത്തനമാരംഭിച്ച മുദ്രാലയപ്രേഷിതത്വം അഞ്ചുവർഷംകഴിഞ്ഞു സിലിണ്ടർ പ്രസ്സിലേക്കും 1977-1979 കാലഘട്ടത്തിൽ ഓട്ടോമാറ്റിക് സിലിണ്ടർ പ്രസ്സിലേക്കും പിന്നീടു ലെറ്റർ പ്രസ്സിൽനിന്ന് ഓഫ്സെറ്റ് സംവിധാനത്തിലേക്കും വളർന്നു. 2003ൽ ഒരു ഡബിൾകളർ ഓഫ്സെറ്റ് പ്രസ്സും അനുബന്ധസംവിധാന

ങ്ങളും പ്രവർത്തനസജ്ജമായി. പ്രിന്റിങ്ങിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2005ൽ ഓറിയന്റ് വെബ്മെഷീൻ പ്രവർത്തനമാരംഭിച്ചതു ശ്രദ്ധേയമായ ഒരു നേട്ടമായി. പിന്നീട്, 2009ൽ മാനുഗ്രാഫ് ഫോർ കളർ പ്രസ്സും അനുബന്ധസജ്ജീകരണങ്ങളും 2014ൽ പുതിയ പ്രിന്റിങ് ടെക്നോളജിക്ക് അത്യാവശ്യമായിരുന്ന സി.റ്റി.പി. എന്ന നൂതനസംവിധാനവും 2015ൽ ജപ്പാനിൽനിന്നു വാങ്ങിയ കൊമോറി ലിത്രോൺ എ-37 പ്രസ്സും സ്വന്തമായപ്പോൾ സെന്റ് ജോസഫ് പ്രസ്സ് കേരളത്തിലെ അറിയപ്പെടുന്ന ഒരു പ്രിന്റിങ് സംവിധാനമായി വളർന്നു. എണ്ണത്തിൽ കുറവുള്ള അച്ചടികൾ അതിവേഗത്തിലും ഉയർന്നനിലവാരത്തിലും ചെയ്യാൻ സാധിക്കുന്ന സെറോക്സ് വേർസെന്റ് പ്രസ്സ് എന്ന ഏറ്റവുംപുതിയ മോഡൽ പ്രസ്സും സ്വന്തമാക്കിയതോടെ ഡിജിറ്റൽരംഗത്തും നമ്മുടെ മുദ്രാലയപ്രേഷിതത്വം മുൻനിരയിലെത്തിയിരിക്കുന്നു. അതോടുചേർന്നു പുതിയ സ്ക്രീൻപ്രിന്റിങ് മെഷീനും പ്രവർത്തിച്ചുതുടങ്ങി. ഫ്ളെക്സ് പ്രിന്റിങ് ഒഴികെ ഏതുരീതിയിലുമുള്ള പ്രിന്റിങ് ജോലികൾക്കും നമ്മുടെ പ്രസ്സ് ഇപ്പോൾ പ്രവർത്തനസജ്ജമാണ്.

പ്രസ്സിനോടുചേർന്ന് 1967 മുതൽ ഒരു ബുക്കുസ്റ്റാളും പ്രവർത്തനമാരംഭിച്ചു. നല്ല പുസ്തകങ്ങൾ പ്രചരിപ്പിക്കുക, വായനാശീലം വളർത്തുക എന്നീലക്ഷ്യങ്ങളോടെ *ചങ്ങനാശ്ശേരി പുസ്തകമേള* എന്നപേരിൽ വർഷംതോറുമുള്ള പുസ്തകമേളകൾ അനേകായിരങ്ങളെ ആകർഷിക്കുന്നു. 2014 മുതൽ 'മദ്ധ്യസ്ഥൻ റീഡേഴ്സ് ക്ലബ്ബും' പ്രവർത്തിച്ചു വരുന്നു.

2011ൽ ആരംഭിച്ച 'മദ്ധ്യസ്ഥൻ മാട്രിമണി'യുടെ സേവനം ഏറെ പ്രയോജനപ്രദമായി. അതോടുചേർന്നുള്ള വെഡ്ഡിങ് കാർഡ് ഗാലറിയും പൊതുജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ഇപ്പോൾ മദ്ധ്യസ്ഥൻ മാട്രിമണി, സീറോമലബാർസഭയ്ക്കു മുഴുവനുമായി ആരംഭിച്ച 'സീറോമലബാർ മാട്രിമണി'യോടു ചേർന്നുപ്രവർത്തിക്കുന്നു.

1982ലാണ് ഇപ്പോളായിരിക്കുന്ന പാസ്റ്ററൽ സെന്ററിലേക്കു പ്രസ്സ് മാറ്റി സ്ഥാപിക്കപ്പെട്ടത്. എസ്.ബി. കോളേജിന്റെ എതിർവശത്ത് എം.സി. റോഡിനോടുചേർന്നു സജ്ജീകരിച്ചിരിക്കുന്ന ബൈന്റിങ് യൂണിറ്റ് ഈ മേഖലയിൽ കേരളത്തിൽതന്നെ അപൂർവമാണ്.


മുത്തൂർ സെന്റ് ആന്റണീസ് പള്ളിയോടുചേർന്നു സെന്റ് ജോസഫ് പ്രസ്സിന്റെ ഒരു ബ്രാഞ്ച് ആരംഭിച്ചതും ഓൺലൈൻ കച്ചവടത്തിന്റെ സാധ്യതയും സ്വീകാര്യതയും മനസ്സിലാക്കി അതിനായി ഒരു ഓഫീസ് ക്രമീകരിച്ച്, സ്വദേശത്തും വിദേശത്തും കസ്റ്റമേഴ്സിനെ കണ്ടെത്തി അവർക്കു മികച്ചസേവനം നൽകിക്കൊണ്ടു പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയതും നിർണായക ചുവടുവെപ്പുകളാണ്. കൂടാതെ എൽ.ഇ.ഡി. ഫ്രെയിമുകൾക്കും ഐക്കൺ ഗാലറിക്കുമായി ഒരു ഓഫീസ്സംവിധാ

നവും സ്റ്റേഷനെറിസാധനങ്ങളും ഉൾപ്പെടുത്തി പുതിയൊരു ഷോപ്പുംകൂടി, നിലവിലുള്ള കടയോടുചേർന്ന് ആരംഭിച്ചതു വലിയൊരു നേട്ടമായി.

1924ൽ 10 തൊഴിലാളികളുമായി എളിയരീതിയിൽ പ്രവർത്തനമാരം ഭിച്ച സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് 100 വർഷം പിന്നിടുമ്പോൾ നൂറിലധികം സ്റ്റാഫംഗങ്ങളുള്ള ഒരു മഹാപ്രസ്ഥാനമായി വളർന്നി രിക്കുന്നു. സ്റ്റാഫിന്റെ കുടുംബാംഗങ്ങളുടെ സംഗമങ്ങളും അവരുടെ കുടുംബങ്ങളുമായുള്ള മാനേജുമെന്റിന്റെ നല്ലബന്ധങ്ങളും പ്രസ്സിന്റെയും ബുക്കുസ്റ്റാളിന്റെയും എല്ലാ പ്രവർത്തനങ്ങളിലും ഒരു കുടുംബാരൂപി പുലർത്താനും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കാനും പ്രചോദന മാണ്. ഗുണമേന്മയോടെ വർക്കുകൾ ചെയ്യാൻ സാധിക്കുന്നതിനാൽ വിദേശത്തുനിന്നും ഓർഡറുകൾ ലഭിക്കുന്നുവെന്നതു നമ്മുടെ മുദ്രാ ലയപ്രേഷിതത്വത്തിന്റെ കാര്യക്ഷമതയാണു വ്യക്തമാക്കുന്നത്. ഓർഫ നേജിനുവേണ്ടി ആരംഭിച്ച പ്രസ്സ് നല്ലരീതിയിൽതന്നെ ഓർഫനേജിനെ സഹായിക്കുന്നു. നൂറിലധികം സ്റ്റാഫിന്റെ കുടുംബങ്ങൾക്കു പ്രസ്സും ബുക്കുസ്റ്റാളും തുണയാണെന്നുള്ളതും സന്തോഷകരമാണ്.

ശതാബ്ദിയുടെ നിറവിലായിരിക്കുന്ന സെന്റ് ജോസഫ് പ്രസ്സിന്റെ സേവന ചരിത്രവും വളർച്ചയും നമുക്ക് അഭിമാനവും സന്തോഷവും നൽകുന്നു. അതിന്റെ പിന്നിൽ ആത്മാർത്ഥതയോടെയും ത്യാഗബുദ്ധിയോടെയും പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കാം. പ്രത്യേകിച്ച് മാനേജർ അച്ചന്മാരെയും അവരുടെ സഹപ്രവർത്തകരെയും മറ്റു സ്റ്റാഫംഗ ങ്ങളെയും. കൂടുതൽ സേവനംചെയ്യാനും പ്രസ്സിന്റെ നല്ല പ്രവർത്തനങ്ങ ളിലൂടെ സാധിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്യാനും എല്ലാവരും ശ്രദ്ധിക്കണം. പ്രസ്സിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും സേവനം കൂടുതൽ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് അതു സാധിക്കേ ണ്ടത്. നമ്മുടെ പള്ളികളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഉത്സാഹം കാണിക്കണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. എല്ലാക്കാര്യ ങ്ങളിലും നമ്മുടെ കർത്താവിന്റെ കൃപ സമൃദ്ധമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2024 മെയ് 26 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

## സർക്കുലർ
24 Ch. 303 - 385

# തെരഞ്ഞെടുപ്പും വോട്ടവകാശവും

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ

ഒരു ജനാധിപത്യപരമാധികാരറിപ്പബ്ലിക്കായ ഇന്ത്യയിൽ ഭരണാധികാരികളെ തെരഞ്ഞെടുക്കാനുള്ള അവകാശവും അധികാരവും വോട്ടവകാശമുള്ള ജനങ്ങൾക്കാണ്. അതു വിവേകത്തോടും സത്യസന്ധമായും നീതിബോധത്തോടുംകൂടി നിർവഹിക്കുകയെന്നത് ഓരോ പൗരന്റെയും ഗൗരവമേറിയ ചുമതലയാണ്. പാർലമെന്റിലേക്കോ നിയമസഭയിലേക്കോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കോ തങ്ങളുടെ പ്രതിനിധികളായി അർഹതയും യോഗ്യതയുമുള്ളവരെ ജനങ്ങൾ കണ്ടെത്തുന്നതു വോട്ടവകാശം ശരിയായി വിനിയോഗിക്കുന്നതിലൂടെയാണ്. ഇക്കാര്യത്തിൽ ഓരോ പൗരനും പൂർണസ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം ഒരുവിധത്തിലും നിഷേധിക്കപ്പെടാനിടയാകരുത്. സമ്മർദങ്ങൾക്കോ സ്വാർത്ഥമോഹങ്ങൾക്കോ അടിമപ്പെടാതെ ശുദ്ധമായ മനഃസാക്ഷിയനുസരിച്ചു വോട്ടുരേഖപ്പെടുത്താൻ ഓരോരുത്തരും ശ്രദ്ധിക്കണം. അലസതയോ മറ്റു നിസ്സാര അസൗകര്യങ്ങളോമൂലം ആരും വോട്ടു ചെയ്യാതിരിക്കരുത്.

രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമമാണു ഭരണാധികാരത്തിന്റെ ലക്ഷ്യം. അതു നിഷ്പക്ഷമായും നീതിബോധത്തോടെയും നിർവഹിക്കുമെന്ന് ഉറപ്പുള്ളവരെ തെരഞ്ഞെടുക്കുകയെന്നതു ജനങ്ങളുടെ കടമയാണ്. ജാതി, മത, വർഗ, വർണ, ഭാഷാ വിവേചനമില്ലാതെ ഭൂരിപക്ഷത്തിനും ന്യൂനപക്ഷങ്ങൾക്കും പൂർണസംരക്ഷണം നൽകുന്ന ഭരണഘടനയാണ് ഇന്ത്യയുടേത്. ഈ ഭരണഘടനയെ ആദരിച്ചുസംരക്ഷിക്കുകയും അതനുസരിച്ചു ഭരണം നടത്തുകയും ചെയ്യുമെന്നുറപ്പുള്ളവരെയാണു ജനപ്രതിനിധികളായി തെരഞ്ഞെടുക്കേണ്ടത്.

വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളായോ സ്വതന്ത്രരായോ സ്ഥാനാർത്ഥികളായി മത്സരിക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ, എല്ലാവരുടെയും ക്ഷേമവും നന്മയും ലക്ഷ്യംവച്ചാണ് അധികാരവും പദവിയും വിനിയോഗിക്കേണ്ടതെന്നുള്ള കാര്യം വിസ്മരിക്കരുത്. പക്ഷാഭേദം പുലർത്താത്ത പൊതുജനസേവനമാണു ഭരണാധികാരികൾ

നിർവഹിക്കേണ്ടത്. അങ്ങനെയുള്ളവരെ തെരഞ്ഞെടുക്കാൻ സമ്മതിദായകർ ശ്രദ്ധിക്കണം.

തെരഞ്ഞെടുപ്പുകാലത്തു ജനസമ്പർക്കം പുലർത്തി വാഗ്ദാനങ്ങൾ നൽകുകയും പിന്നീട്, ജനങ്ങൾ നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളിൽ പോലും നിസ്സംഗത കാണിക്കുകയും ചെയ്യുന്നവരെ തിരിച്ചറിഞ്ഞു വേണം വോട്ടവകാശം വിനിയോഗിക്കാൻ. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും അവരുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകൊടുക്കാനും കഴിവും കാര്യക്ഷമതയും സന്മനസ്സുമുള്ളവരെവേണം അധികാരത്തിലേറ്റാൻ.

ഭരണഘടന ഉറപ്പുനൽകുന്ന പല അവകാശങ്ങളും നിഷേധിക്കപ്പെടുകയും സാധിച്ചുകിട്ടുന്നതിനുവേണ്ടി കോടതിയെ ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. പല ന്യൂനപക്ഷാവകാശങ്ങളും ലംഘിക്കപ്പെടുന്നു. മതത്തിന്റെപേരിൽ വിവേചനവും പീഡനങ്ങളും സഹിക്കേണ്ടിവരുന്നു. വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം ജനജീവിതം ദുസ്സഹമാക്കുന്നു. കാർഷികമേഖല പലവിധത്തിൽ തകർക്കപ്പെടുന്നു. മദ്യവും ലഹരിവസ്തുക്കളും സമാധാനജീവിതം കെടുത്തുകയും ജീവഹാനി വരുത്തുകയും ചെയ്യുന്നു. കള്ളക്കടത്തും കോഴയും ഗുണ്ടായിസവും ശക്തിപ്രാപിക്കുന്നു. ഇവയ്ക്കൊന്നും ശാശ്വതമായ പരിഹാരം കണ്ടെത്താൻ പര്യാപ്തമായ ആസൂത്രണങ്ങളോ പദ്ധതികളോയില്ലാത്തയവസ്ഥ ജനങ്ങളുടെ ആത്മവിശ്വാസവും പ്രതീക്ഷയും തകർക്കുന്നു.

കക്ഷിരാഷ്ട്രീയപ്രീണനംമൂലം അനേകർക്കു നീതിയും തൊഴിൽമേഖലയിലും മറ്റും അവസരസമത്വവും നിഷേധിക്കപ്പെടുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണനേതൃത്വം കക്ഷിരാഷ്ട്രീയപരിഗണനകൾക്കതീതമായി പൊതുജനക്ഷേമപ്രവർത്തനങ്ങൾക്കാണു മുൻഗണന നൽകേണ്ടത്. അപ്രകാരം നിഷ്പക്ഷവും വിശാലവുമായ കാഴ്ചപ്പാടുള്ള ജനപ്രതിനിധികളെ തെരഞ്ഞെടുക്കുവാനുള്ള ആർജവത്വം വോട്ടവകാശമുള്ള ഓരോ പൗരനുമുണ്ടാകണം. അങ്ങനെയൊരു തെരഞ്ഞെടുപ്പ് ആശംസിക്കുന്നു.

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** *യുക്തമായ മാർഗങ്ങളിലൂടെ വിശ്വാസികളെ അറിയിക്കാനായി നൽകപ്പെട്ട സർക്കുലർ.*




## I

## സ്വർഗാരോഹണത്തിരുനാൾ

**2024 മെയ് 9-ാം തീയതി വ്യാഴാഴ്ച** ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവരും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## II

## 138-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം കുറുമ്പനാടംഫൊറോനയുടെ നേതൃത്വത്തിൽ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ **മെയ് 20 തിങ്കൾ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു** സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

**പങ്കെടുക്കേണ്ടവർ:** അതിരൂപതയിൽ സേവനംചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരുപ്രതിനിധി, നടത്തുകൈക്കാരൻ, ഇടവകയിൽനിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം), അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ, യുവദീപ്തി-എസ്.എം.വൈ.എം. ഫൊറോനാ എക്സിക്യൂട്ടിവംഗങ്ങൾ.

## III

## പരിശുദ്ധ കുർബാനനിയോഗം

**2024 ഏപ്രിൽ 24ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ പുതുപ്പറമ്പിൽ ബഹു. സക്കറിയാസ് അച്ചനെ

നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനു വേണ്ടി ഒരു പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.

## IV

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6നു റംശായോടുകൂടിയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

**ബാച്ച് I - ജൂൺ 16 മുതൽ 21 വരെ**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ MSFS**
*(സുപ്പീരിയർ ജനറൽ, എം.എസ്.എഫ്.എസ്.)*

**ബാച്ച് II - ജൂൺ 23 മുതൽ 28 വരെ**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ MSFS**

**ബാച്ച് III - ജൂലൈ 7 മുതൽ 12 വരെ**
**ധ്യാനഗുരു - മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(കൂരിയ മെത്രാൻ, സീറോമലബാർസഭ)*

അതിരൂപതയ്ക്കുപുറത്തു സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസ വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താത്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതുബാച്ചിലാണു ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

■

# 138 – ാമത് അതിരൂപതാദിനാചരണം

**കുറുമ്പനാടംഫൊറോനയുടെ നേതൃത്വത്തിൽ**
**കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി**
**മാർ ജോസഫ് പവ്വത്തിൽ നഗറിൽ**

**2024 മെയ്**
**20 തിങ്കൾ**
**9.30 am - 1.30 pm**

### ഇടവകതല അതിരൂപതാദിനാഘോഷം

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും **മെയ് 19 ഞായറാഴ്ച** ഇടവകതല അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുക. കാറോസൂസാ പ്രാർത്ഥനയിൽ അതിരൂപതാദിനത്തെ സമർപ്പിച്ച് ഒരുക്കപ്രാർത്ഥന ചൊല്ലുക. ആദ്യത്തെ പരിശുദ്ധ കുർബാനയ്ക്കുശേഷം അതിരൂപതാദിനത്തിന്റെ വിളംബരമായി പേപ്പൽപതാക ഉയർത്തുക. പരിശുദ്ധ കുർബാനകൾക്കുശേഷം അതിരൂപതാ ആന്തം ആലപിക്കുന്നതും അതിരൂപതാദിനപ്രതിജ്ഞ ചൊല്ലുന്നതും അഭികാമ്യമാണ്.

### സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ

അതിരൂപതയിൽ സേവനംചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, ഇടവകയിൽനിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം), അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ, യുവദീപ്തി-എസ്.എം.വൈ.എം. ഫൊറോനാ എക്സിക്യൂട്ടിവംഗങ്ങൾ.

സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ബഹു. വികാരിയച്ചന്മാർ അതിരൂപതാകേന്ദ്രത്തിൽനിന്നു ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോം' **മെയ് 13നു മുമ്പായി** പൂരിപ്പിച്ചുനൽകേണ്ടതാണ്.

+ [signature]

**മാർ തോമസ് തറയിൽ**
(സഹായമെത്രാൻ)

*അതിരൂപതാ കോഡിനേറ്റേഴ്സ്*
**ഫാ. ജോൺ വടക്കേകളം** (9496828593)
**ഫാ. ജോസഫ് കിഴക്കേമുറി** (9496538882)
**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)

<u>റിപ്പോർട്ട്</u>

# വൈദികസമ്മേളനം –2 ഏപ്രിൽ 2024

അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ ഈസ്റ്റർസമ്മേളനം 2024 ഏപ്രിൽ 2 ചൊവ്വാഴ്ച ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ സംഘടിപ്പിച്ചു. അതിരൂപതയിൽ സേവനം ചെയ്യുന്ന സന്യസ്തവൈദികരും ഇതിൽ പങ്കെടുത്തു.

സമ്മേളനത്തിനൊരുക്കമായി രാവിലെ 9:45ന് അതിരൂപതാ സിഞ്ചെള്ളൂസ് വാണിയപ്പുരയ്ക്കൽ പെരിയ ബഹു. ജോസഫച്ചന്റെ നേതൃത്വത്തിൽ ഖൂഥാആപ്രാർത്ഥന ചൊല്ലി. തുടർന്ന്, കഴിഞ്ഞ വൈദികസമ്മേളനത്തിനു ശേഷം അതിരൂപതാകുടുംബത്തിൽനിന്നു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അതിരൂപതാംഗങ്ങളായ മഞ്ചേരിക്കളം ബഹു. സെബാസ്റ്റ്യനച്ചൻ, മറ്റു വൈദികർ, സമർപ്പിതർ, അല്മായസഹോദരർ എന്നിവരെ അനുസ്മരിച്ച് അഭി. പെരുന്തോട്ടംപിതാവ് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് എല്ലാവരെയും വൈദികസമ്മേളനത്തിലേക്കു സ്വാഗതംചെയ്തു. അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച വൈദികരെ പൂക്കൾ നൽകി വൈദികകൂട്ടായ്മയിലേക്കു സ്വീകരിച്ചു. അതേത്തുടർന്ന്, അതിരൂപതയിലെ അജപാലനപ്രവർത്തനങ്ങളുടെ സംക്ഷിപ്തമായ റിപ്പോർട്ട് വീഡിയോരീതിയിൽ MAC TV അവതരിപ്പിച്ചു.

അഭി. മാർ തോമസ് തറയിൽപിതാവു തന്റെ സന്ദേശത്തിൽ അജപാലനസാക്ഷ്യം വഹിക്കുന്ന വൈദികരെയും മാതൃസഭയിൽനിന്നു വിശ്വാസപരിശീലനം സ്വീകരിച്ചു സഭയുടെ തനിമ സംരക്ഷിക്കുന്നതിൽ തീക്ഷ്ണത പുലർത്തുന്ന പ്രവാസികളെയുമോർത്ത് അഭിമാനിക്കുന്നെന്നും പാർലമെന്റ് തെരഞ്ഞെടുപ്പിനൊരുക്കമായി ജനത്തിനു ജനാധിപത്യാവബോധം നൽകണമെന്നും നല്ല നേതാക്കൾക്കായി പ്രാർത്ഥിക്കണമെന്നും പങ്കുവച്ചു. തദവസരത്തിൽ, ജർമ്മനിയിലെ ബാംബർഗ് അതിരൂപതയിൽ അജപാലനശുശ്രൂഷ ചെയ്യുന്ന അതിരൂപതാംഗം പതാലിൽ ബഹു. ജോസഫ് അച്ചൻ *ഡെയ്‌ലി ബ്രഡ് ബാങ്ക്* എന്നപേരിൽ അതിരൂപതയിലാരംഭിച്ച ജീവകാരുണ്യപ്രവർത്തനങ്ങളെ അഭി. തറയിൽപിതാവു പ്രത്യേകം അനുസ്മരിച്ചഭിനന്ദിച്ചു. അഭി. ജോർജ് കോച്ചേരിപ്പിതാവു വൈദികർക്കു നൽകിയ സന്ദേശത്തിൽ, 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നചിന്തയോടെ വൈദികർ പ്രവർത്തിക്കണമെന്നും സീറോമലബാർസഭയിലെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകാൻ പ്രാർത്ഥിക്കണമെന്നും ഓർമിപ്പിച്ചു.

തുടർന്നുനടന്ന പൊതുചർച്ചയിൽ, ബഹു. അച്ചന്മാർ ഇടവകകളിൽ നിർവഹിക്കുന്ന അജപാലനപ്രവർത്തനങ്ങൾ, സഭയും പൊതുസമൂഹവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചു പങ്കുവച്ചു.

ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ പേരിലുള്ള കിടങ്ങറയിലെ വൃദ്ധസദനത്തിന്റെ ഭരണച്ചുമതല അതിരൂപത ഏറ്റെടുത്തിരിക്കുന്നതായി അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു യോഗാംഗങ്ങളെ അറിയിച്ചു. തുടർന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു വൈദികർക്കു നൽകിയ സന്ദേശത്തിൽ, പുരോഹിതന്റെ ഏറ്റവും പ്രധാനദൗത്യം കൂദാശകൾ പരികർമം ചെയ്യുകയെന്നതാണെന്നു വൈദികസമൂഹത്തെ ഓർമിപ്പിച്ചു. ആരാധനക്രമജീവിതത്തിൽ തകർച്ച സംഭവിച്ചാൽ അതു നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കും. അതുകൊണ്ട് വിശ്വാസികൾക്കു തുടർച്ചയായി ആരാധനക്രമപരിശീലനം നൽകുന്നതിൽ വൈദികർ ശ്രദ്ധിക്കണമെന്നും നിർദേശിച്ചു.

അതിനുശേഷം നൽകിയ പ്രധാനനിർദേശങ്ങൾ തുടർന്നുപറയുന്നവയാണ്: ഞായറാഴ്ചയാചരണത്തിനു തടസ്സം വരുത്തുന്ന രീതിയിൽ പള്ളികളിൽ മറ്റു കർമങ്ങൾ അനുഷ്ഠിക്കുന്നത് ഉപേക്ഷിക്കണം, പള്ളിയുടെ പവിത്രത കാത്തുസൂക്ഷിക്കുന്നതിൽ അതീവശ്രദ്ധയും ജാഗ്രതയും വൈദികർ പുലർത്തണം, വി. കുമ്പസാരത്തിനു വിശ്വാസികളെ നല്ല രീതിയിൽ ഒരുക്കണം, വീടുകളിൽ രോഗികളായി കഴിയുന്നവരെ പ്രത്യേകം ശ്രദ്ധിക്കുക, യുവജനവർഷത്തോടനുബന്ധിച്ചു യുവജനങ്ങൾക്കു വിശ്വാസസത്യങ്ങളെക്കുറിച്ചു കൃത്യമായ അറിവുകൊടുക്കുക, ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സംക്ഷിപ്ത ചരിത്രം തീയതിയുൾപ്പടെ രേഖപ്പെടുത്തി ആളുകൾക്കു കാണാൻ സാധിക്കുന്ന തരത്തിലുള്ള ഒരു ഫലകം സ്ഥാപിക്കുക, തങ്ങളുടെ ഫൊറോനയുടെ പരിധിയിലെ ഇടവകകളിൽ പൊതുവായിവരുന്ന പരിപാടികൾ ഫൊറോനാവികാരിമാർ നന്നായി ഏകോപിപ്പിക്കുക, ഫൊറോനാതലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കുക, മൈ പാരിഷ് സോഫ്റ്റ്വെയറിന്റെ ഭാഗമായി ഇടവകകളിൽ നടത്തിയ സർവേയുടെ നിഗമനങ്ങൾ ഫൊറോനാതലത്തിൽ ചർച്ചചെയ്യുക, വികാരിയച്ചന്മാർ അസിസ്റ്റന്റ് വികാരിയച്ചന്മാർക്ക് അജപാലനകാര്യങ്ങളിൽ പ്രായോഗികപരിശീലനം നൽകാനും അവരുമായി ഒന്നിച്ചിരുന്നു യാമപ്രാർത്ഥനകൾ ചൊല്ലാനും ശ്രദ്ധിക്കുക.

ഉച്ചകഴിഞ്ഞ് 1.30നു സമാപിച്ച വൈദികസമ്മേളനത്തിൽ പങ്കെടുത്തവർക്ക് അതിരൂപതാ സിഞ്ചെള്ളൂസ് പാലയ്ക്കൽ പെരിയ ബഹു. ജയിംസച്ചൻ നന്ദിപറഞ്ഞു. വൈദികസമ്മേളനത്തിന് അതിരൂപതാ സിഞ്ചെള്ളിമാരായ വാണിയപ്പുരയ്ക്കൽ പെരിയ ബഹു. ജോസഫച്ചൻ, പാലയ്ക്കൽ പെരിയ ബഹു. ജയിംസച്ചൻ, താനമാവുങ്കൽ പെരിയ ബഹു. വർഗീസച്ചൻ, അതിരൂപതാ ചാൻസലർ ആലഞ്ചേരി പെരിയ ബഹു. ഐസക്കച്ചൻ, അതിരൂപതാ പ്രൊക്ക്യുറേറ്റർ കാരിക്കൊമ്പിൽ പെരിയ ബഹു. ചെറിയാനച്ചൻ എന്നിവർ നേതൃത്വംനൽകി.

**ഫാ. ജോർജ് പുതുമനമൂഴിയിൽ**
*(അതിരൂപതാ വൈസ് ചാൻസലർ)*

# സന്ദേശനിലയം

മ്ശിഹായിൽ സ്നേഹമുള്ളവരേ,

ഈശോയുടെ ഉത്ഥാനത്തിന്റെ സന്തോഷത്തിലൂടെ കടന്നുപോകുന്ന നമ്മൾ വിശ്വാസോത്സവം പൂർത്തിയാക്കി അവധിക്കാലത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. നാം പരിശീലിച്ചവ എത്രമാത്രം ഫലം കണ്ടുവെന്ന് ആത്മപരിശോധന നടത്താൻ ഈ അവധിക്കാലമിടയാകട്ടെ. ആത്മീയ-വിശ്വാസജീവിതത്തിന് അവധിയില്ലെന്നു മനസ്സിലാക്കിക്കൊണ്ട് എല്ലാദിവസവും പരിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും കുടുംബപ്രാർത്ഥനയിൽ സജീവഭാഗഭാക്കുകളാകാനും ഉത്സുകരാകാം. ആഗതമാകുന്ന പന്തക്കുസ്താത്തിരുനാളിലൂടെ പരി. റൂഹായുടെ പുതുചൈതന്യം സ്വീകരിച്ചു പുതിയ വിശ്വാസപരിശീലനവർഷം കൂടുതൽ ഫലദായകമാക്കാൻ സാധിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ഉയിർപ്പുകാലം**

**മെയ്**

01 ബുധൻ : **തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പ്** *(ഓഫീസ് അവധി)*
05 ഞായർ : ഉയിർപ്പുകാലം ആറാം ഞായർ, **സന്ദേശനിലയം സ്ഥാപിച്ചദിനം**
09 വ്യാഴം : **കർത്താവിന്റെ സ്വർഗാരോഹണം** *(കടമുള്ള ദിവസം)*
: പന്തക്കുസ്താത്തിരുനാളിനൊരുക്കമായുള്ള ദശദിനപ്രാർത്ഥനയുടെ ആരംഭം
11 ശനി : **ബി.സി.റ്റി. ക്യാമ്പ്**
12 ഞായർ : ഉയിർപ്പുകാലം ഏഴാം ഞായർ, **ബി.സി.റ്റി. ക്യാമ്പ്**

**ശ്ലീഹാക്കാലം**

19 ഞായർ : **പന്തക്കുസ്താത്തിരുനാൾ, മതബോധനവർഷം ഉദ്ഘാടനം,** ശ്ലീഹാക്കാലം ഒന്നാം ഞായർ
20 തിങ്കൾ : **അതിരൂപതാദിനം** *(ഓഫീസ് അവധി)*
26 ഞായർ : ശ്ലീഹാക്കാലം രണ്ടാം ഞായർ

**ജൂൺ**

01 ശനി : **മതാധ്യാപക നേതൃസംഗമം**
02 ഞായർ : ശ്ലീഹാക്കാലം മൂന്നാം ഞായർ, **മതബോധന ക്ലാസ്സുകളുടെ ആരംഭം** ക്ലാസ്സ്- 01
08 ശനി : **അതിരൂപതാ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം**
09 ഞായർ : ശ്ലീഹാക്കാലം നാലാം ഞായർ ക്ലാസ്സ്- 02

## ECOS@Sandes

2022–2023 മതബോധനവർഷത്തെ 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് സന്ദേശനിലയത്തിൽനിന്നും ഇനിയും വാങ്ങിയിട്ടില്ലാത്തവർ അതിനുള്ള നടപടികൾ താമസംവിന പൂർത്തീകരിക്കേണ്ടതാണ്.

2023–2024 മതബോധനവർഷത്തെ 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റിന് ആവശ്യമായ രേഖകൾ ECOS@Sandesൽ പൂർത്തിയാക്കിയശേഷം പ്രത്യേകം കവറിലാക്കി സൺഡേസ്കൂളിന്റെ പേരെഴുതിവേണം സന്ദേശനിലയത്തിൽ സമർപ്പിക്കാൻ. കുട്ടികളുടെ പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റ് സന്ദേശനിലയം ഓഫീസിൽനിന്നും ലഭ്യമാകാൻ 10 പ്രവൃത്തിദിനങ്ങളാവശ്യമാണ്.

## പ്രത്യേക വിശ്വാസപരിശീലനക്യാമ്പ്

ഈ ക്യാമ്പിൽ പങ്കെടുക്കാനായി ഗൂഗിൾഫോമിലൂടെ അപേക്ഷസമർപ്പിച്ച കുട്ടികൾ **മെയ് 6 തിങ്കളാഴ്ച** വൈകുന്നേരം 5നു സന്ദേശനിലയത്തിൽ എത്തിച്ചേരേണ്ടതാണ്. മെയ് 9 വ്യാഴം ഉച്ചഭക്ഷണത്തോടെ ക്യാമ്പ് അവസാനിക്കുന്നതാണ്.

## ബി.സി.റ്റി. ക്യാമ്പ്

ബി.സി.റ്റി. ക്യാമ്പ് **മെയ് 11 ശനി** രാവിലെ 9നു രജിസ്ട്രഷനോടുകൂടി ആരംഭിച്ചു **മെയ് 12 ഞായർ** വൈകുന്നേരം 4നു സമാപിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർ ഒരുദിവസം താമസിക്കാനുള്ള ഒരുക്കത്തോടുകൂടിവരേണ്ടതാണ്.

## മതാധ്യാപക നേതൃസംഗമം

ഈ വർഷത്തെ മതാധ്യാപക നേതൃസംഗമം **ജൂൺ 1 ശനി** രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസേഴ്സ്, സെക്രട്ടറിമാർ, എ.സി.സി. അംഗങ്ങൾ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ്, സ്റ്റാഫ് സെക്രട്ടറിമാർ, സി.ആർ.റ്റി. അംഗങ്ങൾ എന്നിവരും സി.എൽ.റ്റി. ഡിപ്ലോമയ്ക്ക് അർഹരായവരും ഇതിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

## സമ്പൂർണഹാജറിന് അവാർഡ്

സൺഡേസ്കൂളിൽ ഒന്നുമുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 100 ശതമാനം ഹാജറുള്ള കുട്ടികൾക്കു സന്ദേശനിലയം ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് നൽകുന്നു. ഇതിന് അർഹരായ കുട്ടികളുടെ ഒന്നുമുതൽ 12 വരെ ക്ലാസ്സുകളിലെ ഹാജർ ബുക്ക്, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവ **മെയ് പതിനഞ്ചിനകം** സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## വിശ്വാസപരിശീലന ദശദിനപ്രാർത്ഥനായജ്ഞം

വിശ്വാസപരിശീലനത്തിന്റെ 2024–2025 വർഷം പരിശുദ്ധാത്മാവിന്റെ നിറവോടെ പന്തക്കുസ്താത്തിരുനാളിലാരംഭിക്കാൻ സ്വർഗാരോഹണത്തിരുനാൾ

മുതലുള്ള പത്തുദിവസങ്ങളിൽ (മെയ് 9-18) തീക്ഷ്ണമായി പ്രാർത്ഥിച്ച് ഒരുങ്ങാം. അധ്യാപകർക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥനകൾ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകുന്നതാണ്. പന്തക്കുസ്തായ്ക്കുമുമ്പുള്ള പത്തുദിനങ്ങളിൽ ഭവനങ്ങളിലോ കുടുംബപ്രാർത്ഥനാസമയത്തോ ഈ പ്രാർത്ഥന ചൊല്ലാവുന്നതാണ്. അധ്യാപകർ വ്യക്തിപരമായോ ഇടവകയിൽ ഒന്നിച്ചുകൂടിയോ റംശായോടൊപ്പം പ്രാർത്ഥിക്കാവുന്നതാണ്. അധ്യാപകർ ഈ ദിനങ്ങളിൽ കുമ്പസാരിക്കുകയും പരിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഓഫീസ് സെക്രട്ടറി സി. മേരി റോസ് ഡി.എസ്.എഫ്.എസ്.ന്റെ മാതാവിന്റെയും കുറുമ്പനാടം അസംപ്ഷൻ സൺഡേ സ്കൂൾ അധ്യാപകൻ ജയിംസ് ആന്റണിയുടെയും തകഴി-തെന്നടി സൺഡേ സ്കൂൾ അധ്യാപിക അനീറ്റ ജോസഫിന്റെയും മുടിയൂർക്കര സൺഡേ സ്കൂൾ മുൻ അധ്യാപകൻ ജോർജ് ജോസഫിന്റെയും പഴയേരൂർ സൺഡേ സ്കൂൾ അധ്യാപിക സി. എൽസിറ്റ് എസ്.എ.ബി.എസ്.ന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

■

## ഉത്ഥിതനോടൊപ്പം



**സി. ലില്ലി ജോസ് വേളശ്ശേരിൽ** SH

**"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു"** ***(2 തിമോ. 4:7).***

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

ഉയിർപ്പുതിരുനാളും വിശ്വാസോത്സവവുമൊക്കെ കഴിഞ്ഞു നാമെല്ലാവരും അവധിക്കാലത്തിലാണ്. സംഘടനാപ്രവർത്തനങ്ങൾക്ക് അവധിയില്ല കേട്ടോ. പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും കൂട്ടുകാർക്കും നന്മ ചെയ്തും ഈ അവധിക്കാലം ചിലവഴിക്കാം. അടുത്ത പ്രവർത്തനവർഷത്തെ കൂടുതൽ തീക്ഷ്ണതയോടെ വരവേൽക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മെയ്**

01 ബുധൻ : തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പ്, മെയ്ദിനം *(ഓഫീസ് അവധി)*

11 ശനി : **നേതൃത്വപരിശീലനസെമിനാർ**

19 ഞായർ : **അതിരൂപതാദിന ദീപശിഖാപ്രയാണം**

20 തിങ്കൾ : **അതിരൂപതാദിനം** *(ഓഫീസ് അവധി)*

**ജൂൺ**

02 ഞായർ : ചരമദിനം: ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

07 വെള്ളി : ഈശോയുടെ തിരുഹൃദയത്തിരുനാൾ

08 ശനി : **അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം, മാനേജിങ് കമ്മിറ്റി**

09 ഞായർ : പ്രവർത്തനവർഷ ഉദ്ഘാടനം ശാഖകളിൽ

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. അബ്രാഹം തീമ്പലങ്ങാട്ട് (ആലപ്പുഴ), ഫാ. ചാക്കോ ഒറ്റാറയ്ക്കൽ (അമ്പൂരി), ഫാ. ഹെൻറി കോയിൽപറമ്പിൽ (അതിരമ്പുഴ), ഫാ. ജോസഫ് പുതുവീട്ടിൽക്കളം (ചമ്പക്കുളം), ഫാ ജോൺ തത്തയ്ക്കാട്ടുപുളിക്കൽ (കോട്ടയം), ഫാ. കുര്യൻ അമ്പലത്തുങ്കൽ (കുടമാളൂർ), ഫാ. മാത്യു വടക്കേറ്റത്ത് (കുറുമ്പനാടം), ഫാ. മാത്യു മരങ്ങാട്ട് (നെടുങ്കുന്നം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്കു ഹൃദ്യമായ സ്വാഗതം.

## നേതൃത്വപരിശീലനസെമിനാർ

**മെയ് 11 രണ്ടാം ശനിയാഴ്ച** സന്ദേശനിലയത്തിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ മേഖലാ ഭാരവാഹികൾ, ശാഖ-മേഖല ജോയിന്റ് ഡയറക്ടേഴ്സ്, ശാഖാ ഓർഗനൈസേഴ്സ് എന്നിവർക്കുവേണ്ടി സെമിനാർ സംഘടിപ്പിക്കുന്നു. ശാഖയിൽനിന്ന് ഒരാളെങ്കിലും നിർബന്ധമായി പങ്കെടുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

## പ്രവർത്തനവർഷ ഉദ്ഘാടനം

അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിങ് കമ്മിറ്റിയും **ജൂൺ 8 ശനിയാഴ്ച** രാവിലെ 9.30 മുതൽ 1.30 വരെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നു. അതിരൂപത-മേഖല-ശാഖ എക്സിക്യുട്ടിവംഗങ്ങൾ, ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്.

## കൈത്താങ്ങ്

2023ൽ ശാഖാതലത്തിൽ നടത്തിയതുപോലെ, സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി നോട്ടുബുക്ക്, ബാഗ്, കുട, മറ്റു പഠനോപകരണങ്ങൾ എന്നിവ ഒന്നോ രണ്ടോ കൂടുതൽ വാങ്ങിക്കാൻ കുട്ടികളെ അറിയിക്കുകയും ഇടവകയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനു മെയ് അവസാനഞായറാഴ്ച പഠനോപകരണങ്ങൾ ശാഖകളിൽ ശേഖരിച്ചു ഡയറക്ടറച്ചന്റെയും ജോയിന്റ് ഡയറക്ടേഴ്സിന്റെയും ഓർഗനൈസേഴ്സിന്റെയും നേതൃത്വത്തിൽ അർഹതപ്പെട്ടവർക്കു നൽകുകയും ചെയ്യുമല്ലോ.

## എയ്ഞ്ചൽസ് മീറ്റ്

ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തിയ കുഞ്ഞുങ്ങളുടെ സംഗമം-എയ്ഞ്ചൽസ് മീറ്റ് മേഖലകളിൽ ഈ വർഷവും നടത്തണമെന്ന് ഓർമിപ്പിക്കുന്നു. ഓരോ മേഖലയിലും എയ്ഞ്ചൽസ് മീറ്റ് നടത്തുന്ന തീയതി മുൻകൂട്ടി അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

## അതിരൂപതാവിഹിതം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ട അതിരൂപതാവിഹിതം (150 രൂപ) ദൈവവിളി ഫണ്ട് (ഒരു കുട്ടിക്ക് 2 രൂപ നിരക്കിൽ), ഉണ്ണിയെ തേടി, പഠനഗ്രന്ഥം (*എന്റെ സഭ എന്റെ കുടുംബം*) എന്നിവ കുടിശിഖയുള്ള ശാഖകൾ എത്രയുംവേഗം നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞവരേ,

നൂറുമേനിമത്സരം ഏപ്രിൽ 28നു ഭംഗിയായി ക്രമീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തിനു നന്ദിപറയുന്നു. ഇതിനായി സഹകരിച്ച ഫൊറോനാ വികാരിയച്ചന്മാർ, ഫൊറോനാ ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഫൊറോനാ സമിതിയംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. മൂല്യനിർണയം നടന്നുവരുന്നു. ഓരോ റീജനിൽനിന്നും ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കുന്ന 5 കുടുംബങ്ങളാണു ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കുന്നത്. ഈ പരിപാടിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ സഹായങ്ങളും പ്രത്യേകമായി സാമ്പത്തിക സഹായങ്ങൾ ചെയ്തുതരുന്ന നൂറുമേനി ചെയർമാൻ സണ്ണി ഇടിമണ്ണിക്കലിനെ നന്ദിയോടെ ഓർക്കുന്നു. ഇടവകതലത്തിൽ സമ്മാനത്തിന് അർഹനാകുന്നത് ഓരോ കാറ്റഗറിയിലും ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവർ, കുടുംബമായി ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവർ (മാർക്ക് ബാധകമല്ല) വ്യക്തിഗതമത്സരത്തിൽ 100 മാർക്ക് ലഭിച്ചവർ, കുടുംബമായി 200 മാർക്ക് ലഭിച്ചവർ, ഓരോ കാറ്റഗറിയിലും റീജൻതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവർ എന്നിവർക്കാണ്. ജൂൺ മാസത്തിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിലേക്ക് 5 റീജനുകളിൽനിന്നും ഒന്നാം സ്ഥാനത്തെത്തുന്ന 5 കുടുംബങ്ങൾ മത്സരിക്കും. ഏവരുടെയും സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### ഗ്രാൻഡ് ഫിനാലെ: നൂറുമേനി സീസൺ 2

**ജൂൺ 17 തിങ്കളാഴ്ച** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നൂറുമേനി സീസൺ 2 ഗ്രാൻഡ് ഫിനാലെ നടത്തപ്പെടുന്നു. നൂറുമേനി മത്സരത്തിൽ ഫൊറോനാതലത്തിൽ പങ്കെടുത്തവർക്ക് അതിരൂപതയിൽനിന്നും സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

### സമ്മാനദാനം

ഏകവർഷ ബൈബിൾ കോഴ്സ് രണ്ടാം ബാച്ച് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ലോഗോസ് 2023 റാങ്ക് ഹോൾഡേഴ്സിനുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും **മെയ് 4 ശനിയാഴ്ച** രാവിലെ 10ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതന്റെ ഹാളിൽ നടത്തപ്പെടുന്ന സമ്മേളനത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു നൽകുന്നതാണ്.

## പുതിയ ഫൊറോനാ ഡയറക്ടേഴ്സ്

കുടുംബക്കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ 2024-2025 വർഷത്തേക്കു താഴെപ്പറയുന്ന വൈദികരെ കുടുംബക്കൂട്ടായ്മ ഫൊറോനാ ഡയറക്ടേഴ്സായി അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് നിയമിച്ചിരിക്കുന്നു.

| | | |
|---|---|---|
| ആലപ്പുഴ | ഫാ. ജോസഫ് തൈപ്പറമ്പിൽ | 9446801629 |
| അമ്പൂരി | ഫാ. മാത്യു കണ്ണമ്പള്ളി സി.എം.ഐ. | 9037582662 |
| അതിരമ്പുഴ | ഫാ. മാത്യു പള്ളിച്ചിറ | 9846051435 |
| ചമ്പക്കുളം | ഫാ. തോമസ് പുത്തൻപുരയ്ക്കൽ | 9847534851 |
| ചങ്ങനാശ്ശേരി | ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ | 9074728504 |
| എടത്വാ | ഫാ. സേവ്യർ ഇലവുംമൂട്ടിൽ | 8606473535 |
| കൊല്ലം - ആയൂർ | ഫാ. മാത്യു നടയ്ക്കൽ | 8943294544 |
| കോട്ടയം | ഫാ. ജോൺ തത്തക്കാട്ടുപുളിക്കൽ | 9400160110 |
| കുടമാളൂർ | ഫാ. യോഹന്നാൻ കട്ടത്തറ | 8156807229 |
| കുറുമ്പനാടം | ഫാ. ജോസഫ് കൊച്ചീത്ര | 8157834367 |
| മണിമല | ഫാ. ജേക്കബ് നടുവിലേക്കളം | 8547873668 |
| നെടുങ്കുന്നം | ഫാ. സക്കറിയ ഇരുപതിൽ | 7559949898 |
| പുളിങ്കുന്ന് | ഫാ. വർഗീസ് വരവുകാലായിൽ | 8589971531 |
| തിരുവനന്തപുരം | ഫാ. ജോസഫ് പുതുപ്പറമ്പിൽ | 9745306018 |
| തൃക്കൊടിത്താനം | ഫാ. മാത്യു മുത്തുമാക്കുഴിയിൽ | 9539955483 |
| തുരുത്തി | ഫാ. ജോസഫ് പുതിയാപറമ്പിൽ | 9447806555 |
| ചെങ്ങന്നൂർ | ഫാ. സ്കറിയ കാമിച്ചേരി | 9496839551 |
| മുഹമ്മ | ഫാ. മാത്യു കളത്തിൽ | 9447833055 |

■

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയ സഹോദരങ്ങളേ,

ഫൊറോനാവാർഷികങ്ങളും പ്രവർത്തനവർഷ ഉദ്ഘാടനങ്ങളും ഏകദേശം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു. പല ഫൊറോനകളും യൂണിറ്റുകളും പുത്തൻ ആശയങ്ങളും പ്രവർത്തനപദ്ധതികളുമായി സജീവമായിരിക്കുന്നുവെന്നതു സന്തോഷകരമാണ്. ഈ മാസം സവിശേഷമായ ഏതാനും ദിനാചരണങ്ങളാൽ ശ്രദ്ധേയമാണ്. മെയ്ദിനം, നേഴ്സസ് ദിനം, കുടുംബദിനം, മാതൃവേദി സഹമധ്യസ്ഥയുടെ തിരുനാൾദിനം, ലോക മാതൃദിനം എന്നിവ അവയിൽ ചിലതാണ്. ഓരോ ദിനത്തിന്റെയും പ്രാധാന്യം പ്രഘോഷിക്കുന്ന വ്യത്യസ്തങ്ങളായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിവിധ പരിപാടികൾ ക്രമീകരിക്കുമ്പോൾ 'കരുതലും കരുണയും' എന്ന പ്രത്യേകവിഷയത്തിലൂന്നിയുള്ള ജീവകാരുണ്യ, പാലിയേറ്റീവ്, രോഗീപരിചരണശുശ്രൂഷകൾക്ക് അർഹമായ പ്രാധാന്യംനൽകി നിർവഹിക്കാൻ സർവാത്മനാ ഉത്സുകരാകണം. സംഘടനാപ്രവർത്തനങ്ങൾ കേവലം ചട്ടക്കൂടുകളിൽ ഒതുക്കാതെ സജീവവും സംഘാത്മകവുമായ ശുശ്രൂഷകളിലൂടെ മുന്നേറട്ടെ.

സ്നേഹത്തോടെ,

| | |
|---|---|
| **ഫാ. ജോസഫ് ഇരുപ്പക്കാട്ട്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** |
| *(അസ്സിസ്റ്റന്റ് ഡയറക്ടർ)* | *(ഡയറക്ടർ)* |

## റിപ്പോർട്ട്

### ആനിമേഷൻ കോർ ടീം അംഗങ്ങളുടെ മീറ്റിങ്

മാതൃവേദി-പിതൃവേദി, ജീവൻ ജ്യോതിസ് പ്രോലൈഫ് സെൽ കോർ ടീമംഗങ്ങളുടെ മീറ്റിങ് ഏപ്രിൽ 14നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഏപ്രിൽ 20നു നടന്ന വലിയകുടുംബങ്ങളുടെ സംഗമം, മാതൃദിനാഘോഷം, വി. ജിയാന്ന പുണ്യവതിയുടെ തിരുനാളാഘോഷം എന്നിവ മുഖ്യഅജണ്ടകളായിരുന്നു.

### ഹോളി ഫാമിലി ഫ്രറ്റേണിറ്റി

പ്രോലൈഫ് ശുശ്രൂഷകളുടെ ഭാഗമായി രണ്ടായിരത്തിലോ അതിനുശേഷമോ വിവാഹിതരായവരിൽ നാലോ അതിൽകൂടുതലോ മക്കളുള്ള കുടുംബങ്ങളുടെ സംഗമം *ഹോളി ഫാമിലി ഫ്രറ്റേണിറ്റി* എന്നപേരിൽ അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ ഏപ്രിൽ 20 ഉച്ചകഴിഞ്ഞ് 2.30നു നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. നൂറിനുമുകളിൽ കുടുംബങ്ങൾ പങ്കെടുത്ത സംഗമത്തിനു മാതൃവേദി-പിതൃവേദി, പ്രോലൈഫ് പ്രവർത്തകർ നേതൃത്വംനൽകി. വലിയകുടുംബങ്ങളുടെ പ്രതിനിധി ബിനു കുര്യാക്കോസ്

*വലിയകുടുംബങ്ങളുടെ സന്തോഷം* എന്നവിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ഫാമിലി അപ്പോസ്തലേറ്റ് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, പിതൃവേദി അതിരൂപതാ പ്രസിഡന്റ് ജിനോദ് അബ്രാഹം, മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ്, ജീവൻ ജ്യോതിസ് പ്രോലൈഫ് സെൽ സെക്രട്ടറി റെജി ആഴാഞ്ചിറ എന്നിവർ സംഗമത്തിൽ സംസാരിച്ചു. പങ്കെടുത്ത കുടുംബങ്ങൾ ഷെയറിങ് നടത്തി. സമ്മാനദാനം, അഭി. പിതാവുമൊത്തുള്ള ഫോട്ടോ സെഷൻ, സ്നേഹവിരുന്ന് എന്നീ ക്രമീകരണങ്ങളോടെ സംഗമം സമാപിച്ചു.

**യുവദമ്പതീദിനം - വി. ജിയാന്നയുടെ തിരുനാൾ**

വി. ജിയാന്ന പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് ഏപ്രിൽ 28നു യൂണിറ്റുതലത്തിൽ യുവദമ്പതികളുടെ ഒത്തുചേരൽ, പ്രോലൈഫ് പ്രാർത്ഥനാ ശുശ്രൂഷ തുടങ്ങിയ പരിപാടികൾ ക്രമീകരിച്ചു. ഏപ്രിൽ 22 മുതൽ 28 വരെ പ്രോലൈഫ് വാരമായി ആഘോഷിച്ചു.

## ഓർമിക്കാൻ

**മെയ് 1: ലോക തൊഴിലാളിദിനം, മെയ് 6: ദേശീയ നേഴ്സസ് ഡേ**

പ്രസ്തുത ദിനാചരണങ്ങൾ യൂണിറ്റ്-ഫൊറോനാതലങ്ങളിൽ ക്രമീകരിക്കാം. തൊഴിലാളിദിനാചരണം കെ.എൽ.എം.ന്റെ തൊഴിലാളിദിനാചരണത്തോടുചേർന്നോ, ഉചിതമായ മറ്റൊരു ദിവസമോ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**മെയ് 12: ലോക മാതൃദിനം**

ലോകമാതൃദിനത്തോടനുബന്ധിച്ചു മാതാക്കളുടെ സംഗമം ക്രമീകരിക്കാം. മാതാക്കൾക്കുവേണ്ടി അതിരൂപതാതലത്തിൽ ക്രമീകരിക്കുന്ന ഓൺലൈൻ മത്സരങ്ങളുടെ വിശദവിവരങ്ങൾ വാട്സ്ആപ്പ് മുഖേന അറിയിക്കുന്നതാണ്. അമ്മമാരെ താമസിപ്പിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ചു ജീവകാരുണ്യപ്രവർത്തനങ്ങൾ ക്രമീകരിക്കാം.

**മെയ് 15: കുടുംബദിനം**

യൂണിറ്റുതലത്തിൽ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. കുടുംബങ്ങളിലെ സന്തോഷം-പ്രതിസന്ധികൾ, മാതാപിതാക്കളും മക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചു സെമിനാറുകൾ, മത്സരങ്ങൾ എന്നിവ ക്രമീകരിക്കാം.

**മെയ് 22: മാതൃവേദി സഹമധ്യസ്ഥ വി. റീത്തയുടെ തിരുനാൾ**

റീത്തപുണ്യവതിയെ പരിചയപ്പെടുത്തുന്ന വീഡിയോമത്സരങ്ങൾ ക്രമീകരിക്കുന്നത് ഉചിതമാണ്. മെയ്മാസത്തിലെ ഏതെങ്കിലും സംഗമങ്ങളോടുചേർന്നു വി. റീത്തയുടെ തിരുനാളാഘോഷങ്ങൾ ക്രമീകരിക്കാം.

***ശേഷം പേജ് 46 ൽ.....»***

# യുവദീപ്തി - SMYM

## എമ്മാവൂസ് യാത്ര

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ യൂണിറ്റുകളിൽ സംഘടിപ്പിക്കുന്ന സായാഹ്നപരിപാടിയായ *എമ്മാവൂസ് യാത്ര* കുടമാളൂർ ഫൊറോനയിലെ കിളിരൂർ സെന്റ് ഫ്രാൻസിസ് ദെ സാലസ് യൂണിറ്റിൽ ഏപ്രിൽ 5നു നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയിയുടെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിൽ കുടമാളൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിവികാരി ആർച്ചുപ്രീസ്റ്റ് ഫാ. മാണി പുതിയിടം പ്രസ്തുത പരിപാടി ഉദ്ഘാടനംചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ലൂക്ക വെട്ടുവേലിക്കളം, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മുളവന, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ലിന്റ ജോഷി, ജനറൽ സെക്രട്ടറി സഞ്ജയ് സതീഷ്, കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ ജോർജ് സെബാസ്റ്റ്യൻ, ട്രഷറർ ജോസഫ് ജോർജ് എന്നിവർ പ്രസംഗിച്ചു.

## എലോറ: പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ്

യുവദീപ്തി-എസ്.എം.വൈ.എം. 2024 പ്രവർത്തനവർഷത്തെ പ്രാർത്ഥന-പഠന-പരിശീലന ക്യാമ്പുകൾ *ELORA* എന്നപേരിൽ ആരംഭിച്ചു. ക്ലാസ്സുകൾ, ഗ്രൂപ്പുചർച്ചകൾ, അനുരഞ്ജനശുശ്രൂഷ, പരിശുദ്ധ കുർബാനയുടെ ആരാധന, ആഘോഷമായ പരിശുദ്ധ കുർബാന, നേതൃത്വപരിശീലനപരിപാടികൾ, കലാപരിപാടികൾ, ഡിബേറ്റ് എന്നിവ ഈ ക്യാമ്പിലുൾപ്പെടുന്നു.

## എലോറ: കുടമാളൂർഫൊറോന

കുടമാളൂർഫൊറോനയുടെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് *(എലോറ)* ഏപ്രിൽ 10, 11, 12 തീയതികളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ആരോമൽ പീറ്ററിന്റെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ലൂക്ക വെട്ടുവേലിക്കളം, അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ ജോർജ് സെബാസ്റ്റ്യൻ, ഡെപ്യൂട്ടി പ്രസിഡന്റ് ലിന്റ ജോഷി, ജനറൽ സെക്രട്ടറി സഞ്ജയ് സജീവ്, സിസ്റ്റർ ആനിമേറ്റർ ലിസ്സിൻ ജോസ് എസ്.എച്ച്. എന്നിവർ പ്രസംഗിച്ചു.

അതിരൂപതാ അസ്സി. ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ലാലിച്ചൻ മറ്റത്തിൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, രേഷ്മ ദേവസ്യ, ലീബ ബാബു, എലിസബത്ത് എന്നിവർ നേതൃത്വംനൽകി.

## എമ്മാവൂസ് യാത്ര നടത്തപ്പെട്ട യൂണിറ്റുകൾ

| | | |
|---|---|---|
| ഏപ്രിൽ | 05 | കിളിരൂർ |
| ഏപ്രിൽ | 06 | ആർപ്പൂക്കര ചെറുപുഷ്പം, മാന്നാനം, ചെങ്ങളം, പാറമ്പുഴ |
| ഏപ്രിൽ | 07 | ചീപ്പുങ്കൽ, ഐക്കരച്ചിറ, കുടമാളൂർ, മുടിയൂർക്കര, വില്ലൂന്നി |
| ഏപ്രിൽ | 13 | പാമ്പാടി, കൂരോപ്പട, പങ്ങട, അരുവിക്കുഴി, ചേപ്പുംപാറ, അയർക്കുന്നം |
| ഏപ്രിൽ | 14 | കടുവാക്കുളം, കോട്ടയം, പുതുപ്പള്ളി-പൂമറ്റം, ഇരവിനല്ലൂർ |
| ഏപ്രിൽ | 20 | അതിരമ്പുഴ സെന്റ് മേരീസ്, മണ്ണാർകുന്ന്, മാന്നാനം ട്വൽവ് അപ്പോസൽസ്, അതിരമ്പുഴ ലിസ്യു, അതിരമ്പുഴ സെന്റ് റീത്താസ് ചാപ്പൽ |
| ഏപ്രിൽ | 21 | ചെറുവാണ്ടൂർ, കോട്ടയ്ക്കുപുറം, നാൽപാത്തിമല, ആറുമാനൂർ, തെള്ളകം-പുഷ്പഗിരി |

## ആർ.ജെ. ട്രെയിനിങ് & ഹണ്ട്

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം., കുരിശുമ്മൂട് സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസ് എന്നിവ ഒന്നുചേർന്നു യുവജനങ്ങൾക്കായി RJ ട്രെയിനിങ് പ്രോഗ്രാം ഏപ്രിൽ 21നു കുരിശുമ്മൂട് മീഡിയ വില്ലേജിൽ നടത്തി.

മീഡിയ വില്ലേജ് എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ദേവസ്യ പുതുപ്പറമ്പ്, യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ നേതൃത്വംനൽകി.

## എലോറ: എടത്വാഫൊറോന

എടത്വാഫൊറോനയുടെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് *(എലോറ)* ഏപ്രിൽ 19, 20, 21 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് സോണൽ വർഗീസിന്റെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ ആമുഖപ്രസംഗവും അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ മാർഗനിർദേശപ്രസംഗവും നടത്തി. അന്നു തോമസ്, ജോസഫ് ജോർജ്, ലീബ ബാബു, ഷാരോൺ തുടങ്ങിയവർ പ്രസംഗിച്ചു. അതിരൂപതാ അസ്സി. ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഫാ. മാത്യു പള്ളിച്ചിറ, സി. ദീപ്തി മരിയ എഫ്.സി.സി., ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, ലിന്റ ജോഷി, ലീബ ബാബു എന്നിവർ നേതൃത്വംനൽകി.

*ശേഷം പേജ് 55 ൽ.....»*

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ!**

കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ദുരന്തഫലങ്ങൾ ലോകത്തെ ക്ലേശിപ്പിക്കുന്ന ഇക്കാലഘട്ടത്തിൽ സഭയും സമൂഹവും പരിസ്ഥിതിസൗഹാർദജീവിതരീതികൾ അവലംബിക്കണമെന്നും പരിസ്ഥിതി സൗഹാർദപ്രവർത്തനങ്ങൾക്കു നേതൃത്വംകൊടുക്കണമെന്നും *ലൗദാത്തോ സീ* എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ലോകത്തോട് ആഹ്വാനം ചെയ്യുന്നു. 2024ൽ 'ലൗദാത്തോ സീ'യുടെ പത്താമതുവാർഷികം ആഘോഷിക്കുമ്പോൾ അതിനുമുന്നോടിയായി ഏറെക്കാര്യങ്ങൾ ചെയ്തുതീർക്കുവാൻ സഭയ്ക്കും സമൂഹത്തിനും ബാധ്യതയുണ്ട്. പ്രകൃതിക്കെതിരായ ഏതൊരു പ്രവർത്തനവും വി. കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമാണെന്നു ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് പാപ്പായുടെ പ്രസ്താവന ഇത്തരുണത്തിൽ ഏറെ പ്രസക്തമാണ്. ഉൽപത്തി 2:15ൽ വിവരിക്കുന്നതുപോലെ: 'ഏദൻതോട്ടം കൃഷി ചെയ്യുവാനും സംരക്ഷിക്കുവാനുമായി ദൈവം മനുഷ്യനെ ചുമതലപ്പെടുത്തി'. പക്ഷേ, തന്റെ ഉത്തരവാദിത്വവും കടമയും മറന്നു മനുഷ്യൻ തലമുറകളായി പ്രകൃതിയെ സ്വവരുതിയിലാക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി പ്രകൃതിയുടെ താളംതെറ്റുകയും അതിന്റെ സ്വഭാവികാവസ്ഥയ്ക്കു മാറ്റംവരുകയും ചെയ്തു. പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം മനുഷ്യനു മാത്രമല്ല സകല ജീവജാലങ്ങൾക്കും ഭീഷണിയായി മാറി. നാം അധിവസിക്കുന്ന ഭൂമി മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നു.

'ലൗദാത്തോ സീ'യുടെ ചുവടുപിടിച്ചു ധാരാളം പരിസ്ഥിതിസൗഹാർദ മുന്നേറ്റങ്ങൾ ലോകമെങ്ങും നടക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്. കാർബൺ ന്യൂട്രൽ കുടുംബങ്ങൾ-ഇടവകകൾ-സമൂഹങ്ങൾ എന്ന ആശയം രൂപപ്പെട്ടു വന്നിട്ടുണ്ട്. വിശാലമായ കാഴ്ചപ്പാടോടെ കത്തോലിക്കാസഭ രൂപംകൊടുത്തിരിക്കുന്ന ഈ യജ്ഞത്തിൽ സഹകാരികളായിക്കൊണ്ടു പരിസ്ഥിതിസൗഹാർദ പ്രവർത്തനങ്ങളുടെ വക്താക്കളാകുവാൻ പരിശ്രമിക്കാം. നമ്മുടെ സ്വാശ്രയ സംഘങ്ങളും മഹിളാസമാജങ്ങളും പ്രാദേശികയൂണിറ്റുകളുമെല്ലാം 'കാർബൺ ന്യൂട്രൽ കുടുംബവും സമൂഹവും' എന്നആശയം മുൻനിർത്തി പ്രവർത്തനനിരതരാകുവാൻ അഭ്യർത്ഥിക്കുന്നു. നല്ല നാളേയ്ക്കായി കൈകോർക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## അറിയിപ്പ്

**കുടിവെള്ളം പദ്ധതി**

ചാസ്സിന്റെ നേതൃത്വത്തിൽ കോതമംഗലം രൂപതയുടെ *ജീവ* ഡ്രിങ്കിങ് വാട്ടറുമായി സഹകരിച്ചു കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഗുണമേന്മയുള്ള

കുപ്പിവെള്ളം ഹോൾസെയിൽ ആൻഡ് റീട്ടെയിൽ വിലയ്ക്കു നൽകിവരുന്നു. പള്ളികളിലും സ്കൂളുകളിലും വീടുകളിലും നടക്കുന്ന ആഘോഷങ്ങൾക്കു ചാസ്സിൽനിന്നും കുടിവെള്ളം ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും മേഖലാ കോഡിനേറ്റേഴ്സ് മുഖേനയും **9995972237, 9497391959** എന്നനമ്പറുകളിലും വിളിക്കാവുന്നതാണ്.

### മിതമായ നിരക്കിൽ നോട്ടുബുക്കുകൾ

ഇന്നു വിപണിയിൽ ലഭിക്കുന്ന നോട്ടുബുക്ക് ബ്രാന്റഡ് കമ്പനികളായ *ക്യാംലിൻ, ക്ലാസ്സ്മേറ്റ്* ബുക്കുകൾ മിതമായ നിരക്കിൽ ചാസ്സിന്റെ നേതൃത്വത്തിൽ പ്രാദേശികയൂണിറ്റുകൾ, ഇടവകപ്പള്ളികൾ, സ്കൂളുകൾ എന്നിവവഴി മെയ്മാസം മുതൽ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും മേഖലാ കോഡിനേറ്റേഴ്സ് മുഖേനയും **9539701126, 9496722548** എന്ന നമ്പറുകളിലും വിളിക്കാവുന്നതാണ്.

### കരാട്ടെ ക്ലാസ്സ്

ചാസ്സിന്റെ ആഭിമുഖ്യത്തിൽ **മെയ് 4 മുതൽ** കരാട്ടെ ക്ലാസ്സ് ആരംഭിക്കുന്നു. ആയോധനകലയുടെ അഖിലലോകസംഘടനയായ ദ വേൾഡ് മാർഷൽ ആർട്സ് ഫെഡറേഷന്റെ (യു.എസ്.എ) ഏഷ്യൻ ഡയറക്ടറും കരാട്ടെയിൽ ഹോൾ ഓഫ് ഓണർ പദവിയും ലഭിച്ചിട്ടുള്ള ഗ്രാൻഡ് മാസ്റ്റർ വി.ഇസ്സഡ്. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ നാലുപതിറ്റാണ്ടുകളായി ആലപ്പുഴ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന KO-IN-CHI അക്കാഡമി ഓഫ് മാർഷൽ ആർട്സാണു പരിശീലനത്തിനു നേതൃത്വംനൽകുന്നത്. ചാസ്സ് പ്രസിഡന്റും അതിരൂപതാ സിഞ്ചെള്ളൂസുമായ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. മെയ് 4ന് ഉദ്ഘാടനം നിർവഹിക്കും. പെൺകുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങളെ തന്റേടത്തോടെ നേരിടാൻ കരാട്ടെപഠനം ഒരുപരിധിവരെ സഹായിക്കും. ചാസ്സ് കേന്ദ്രഓഫീസിൽ ഞായറാഴ്ചകളിൽ വൈകുന്നേരം നാലിനാണു ക്ലാസ്സുകൾ നടത്തപ്പെടുന്നത്. വിശദവിവരങ്ങൾക്ക് **9497391959** എന്നനമ്പറിൽ വിളിക്കുക.

## കേന്ദ്രവാർത്തകൾ

### 'വേനൽ തുമ്പികൾ': ജീവിതനൈപുണ്യപരിശീലനപഠനക്കളരി

കുട്ടികളുടെ നൈസർഗികമായ കഴിവുകളെ ഉണർത്താനും വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) നിഷ്കർഷിക്കുന്ന 'ലൈഫ് സ്കിൽസ്' (ജീവിത നൈപുണ്യങ്ങൾ) ജീവിതത്തിൽ പരിശീലിപ്പിക്കാനും സൺഡേസ്കൂളുകൾ കേന്ദ്രീകരിച്ച് 'വേനൽ തുമ്പികൾ' എന്ന ദ്വിദിന ജീവിതനൈപുണ്യപരിശീലന പഠനക്കളരി താഴെപ്പറയുന്ന ഇടവകകളിൽ സംഘടിപ്പിച്ചു.

| *തീയതി* | *ഇടവക* |
|---|---|
| ഏപ്രിൽ 2-4 | സെന്റ് ഗ്രിഗോറിയോസ് കിടങ്ങറ |
| ഏപ്രിൽ 5,6 | ട്വൽവ് അപ്പോസൽസ് മാന്നാനം |
| ഏപ്രിൽ 6,8 | സെന്റ് സേവ്യേഴ്സ് പുതുക്കരി |

| | |
|---|---|
| ഏപ്രിൽ 7 | സെന്റ് ജോർജ് വടക്കേ അമിച്ചകരി |
| ഏപ്രിൽ 7,8 | സെന്റ് ജോസഫ്സ് കൊടുപ്പുന്ന |
| ഏപ്രിൽ 8,9 | സെന്റ് ജോസഫ്സ് പുന്നക്കുന്നത്തുശ്ശേരി |

**സോഷ്യൽവർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ**

ലയോള തിരുവനന്തപുരം, ഭാരത് മാതാ തൃക്കാക്കര, സെന്റ് ഗ്രിഗോറിയോസ് പരുമല, അസംപ്ഷൻ ചങ്ങനാശ്ശേരി, എം.ഇ.എസ്. എരുമേലി എന്നീ കോളേജുകളിൽനിന്നെത്തിയ എം.എസ്.ഡബ്ല്യു. വിദ്യാർത്ഥികൾക്കു ചാസ്സിന്റെ പ്രവർത്തന മേഖലകൾ, സാമൂഹ്യസേവനരംഗത്തെ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ നേതൃത്വംനൽകി.

**സ്വാശ്രയസംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| മാർച്ച് 26 | മാടപ്പള്ളി | സൗഹൃദം | 12 |
| ഏപ്രിൽ 03 | ഏറ്റുമാനൂർ | മാവേലി | 16 |
| ഏപ്രിൽ 10 | കൂത്രപ്പള്ളി | ശ്രേയസ് | 16 |

## ചാസ്സ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസ്സിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾവഴി ഏപ്രിൽമാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

**1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 2 കുടുംബങ്ങൾക്ക് 20,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 668. ആൻസി ജോസഫ് | ഫീലിയ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 669. ഏലിക്കുട്ടി സേവ്യർ | ജ്യോതിസ് | പായിപ്പാട് | തൃക്കൊടിത്താനം |

**2) മ്യൂച്വൽ ബനഫിറ്റ് സ്കീം (MBS)** ഒരു കുടുംബത്തിന് 10,000/- രൂപ വീതം 10 കുടുംബങ്ങൾക്ക് 1,00,000/ രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1037. ത്രേസ്യാമ്മ കുര്യാക്കോസ് | പഴവങ്ങാടി | ആലപ്പുഴ |
| 1038. അബ്രാഹം കുരുവിള താമരവേലിൽ | പഴവങ്ങാടി | ആലപ്പുഴ |
| 1039. റോസമ്മ തോമസ് ആറ്റുപുറം | എടത്വാ | എടത്വാ |
| 1040. റോസമ്മ കുഞ്ചെറിയ പറപ്പള്ളി | പൊടിപ്പാറ | തുരുത്തി |
| 1041. തോമസുകുട്ടി നെല്ലികുന്നത്ത് | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 1042. സെലിൻ ആന്റണി പക്കത്തുകുന്നേൽ | നാൽപാത്തിമല | അതിരമ്പുഴ |
| 1043. ത്രേസ്യാമ്മ വർഗീസ് ളായിക്കരി | മിത്രക്കരി | പുളിങ്കുന്ന് |
| 1044. നൈനാൻ പി.എസ്. മുത്തിയമല | മായം | അമ്പൂരി |

| | | |
|---|---|---|
| 1045. സെൽവൻ വാരുവിള | മായം | അമ്പൂരി |
| 1046. മറിയമ്മ സാമുവൽ പന്നംപതാലിൽ | വള്ളംചിറ | മണിമല |

## മേഖലാവാർത്തകൾ

### ചങ്ങനാശ്ശേരി

**ആശാകിരണം-ക്യാൻസർ ബോധവത്കരണം:** കിടങ്ങറയൂണിറ്റിൽ പ്രവർത്തിക്കുന്ന ധനലക്ഷ്മി, ദീപ്തി സ്വാശ്രയസംഘാംഗങ്ങൾക്കു *ക്യാൻസർ രോഗസാധ്യതകൾ, രോഗപ്രതിരോധമാർഗങ്ങൾ, വ്യക്തിശുചിത്വം* എന്നീവിഷയങ്ങളെ ആസ്പദമാക്കി ഏപ്രിൽ 2ന് അഭിരാമി പ്രദീപ് ക്ലാസ്സ് നയിച്ചു. മേഖലാ കോഡിനേറ്റർ അൽഫോൻസ് വർഗീസ് നേതൃത്വംനൽകി.

**സ്വാശ്രയസംഘവിപണി:** ചെത്തിപ്പുഴയൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ ഏപ്രിൽ 10 മുതൽ സംഘവിപണി ആരംഭിച്ചു. ചാസ്സ് സ്വാശ്രയവിപണിയുടെ ഉത്പ്പന്നങ്ങളാണു വിപണനം നടത്തുന്നത്.

### ചമ്പക്കുളം

**ആശാകിരണം-ക്യാൻസർ ബോധവത്കരണം:** വടക്കേ അമിച്ചകരിയൂണിറ്റിൽ മാർച്ച് 25നു ക്യാൻസർ ബോധവത്കരണപരിപാടി സംഘടിപ്പിച്ചു. *സ്ത്രീകളിൽ സാധാരണയായി കണ്ടുവരുന്ന ക്യാൻസർ, രോഗപ്രതിരോധമാർഗങ്ങൾ* എന്നിവയെക്കുറിച്ച് അഭിരാമി പ്രദീപ്, ആശാകിരണം കോഡിനേറ്റർ ഷീബമോൾ സന്തോഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഗോട്ട് ബാങ്ക് പദ്ധതി**

'സുന്ദരഭൂമി-സുരക്ഷിതഭവനം' പദ്ധതിയുടെ ഭാഗമായി ചാസ്സ് നടപ്പിലാക്കുന്ന 'ഗോട്ട് ബാങ്ക്' പദ്ധതി പൊങ്ങയൂണിറ്റിൽ ഏപ്രിൽ 12ന് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് ഉദ്ഘാടനംചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് വെള്ളാനിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### കോട്ടയം

**തയ്യൽപരിശീലനം**

കുമരകം നവനസ്രത്ത്യൂണിറ്റിൽ ഏപ്രിൽ 11 മുതൽ 'സഞ്ചാരി' എന്ന പേരിൽ തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സിറിയക് വലിയപറമ്പിൽ എം.സി.ബി.എസ്. ഉദ്ഘാടനംചെയ്തു. യൂണിറ്റ് ഭാരവാഹികളായ വി.റ്റി. സേവ്യർ, ഷാജി തോമസ്, മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ എന്നിവർ പ്രസംഗിച്ചു. 15 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

### കുടമാളൂർ

**സംഘവാർഷികവും കുടുംബസംഗമവും**

കുടമാളൂർയൂണിറ്റിൽ പ്രവർത്തിക്കുന്ന 'സ്വരുമ' സ്വാശ്രയസംഘത്തിന്റെ വാർഷികവും കുടുംബസംഗമവും ഏപ്രിൽ 4നു സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി സിറിൽ ജോസ് ഉദ്ഘാടനംചെയ്തു. സ്വാശ്രയസംഘം ഭാരവാഹികളായ ബിനി മാത്യു, ബിന്ദു ശിവദാസ് എന്നിവർ വാർഷികക്കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ ആശംസയർപ്പിച്ചു.

## പുളിങ്കുന്ന്

**ഊർജിതം 2024**

സ്വാശ്രയസംഘശക്തീകരണത്തിന്റെ ഭാഗമായി മാർച്ച് 23നു കാവാലംയൂണിറ്റിലെ 'മരിയ, സെന്റ് ഫ്രാൻസിസ്, സെന്റ് തെരേസാസ്' സംഘങ്ങൾ സന്ദർശിച്ചു *ജലദിനാചരണം, സ്വാശ്രയസംരംഭം, നേതൃത്വപാടവം* എന്നീവിഷയങ്ങളെക്കുറിച്ചു കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ്സ് നയിച്ചു. യൂണിറ്റ് സെക്രട്ടറി ജോർജ് സെബാസ്റ്റ്യൻ നേതൃത്വംനൽകി.

**ആശാകിരണം: ക്യാൻസർ ബോധവത്കരണം**

*ക്യാൻസർ രോഗവും പ്രതിരോധമാർഗങ്ങളും, ചാസ്സ് ആരോഗ്യഇൻഷ്വറൻസ് പദ്ധതി* എന്നീവിഷയങ്ങളെക്കുറിച്ചു മാർച്ച് 25, ഏപ്രിൽ 11 തീയതികളിൽ സെന്റ് ജോസഫ്സ് പുന്നക്കുന്നത്തുശ്ശേരി, സെന്റ് തെരേസാസ് കാവാലം എന്നീ യൂണിറ്റുകളിൽ ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. അഭിരാമി പ്രദീപ്, ആശാകിരണം കോഡിനേറ്റർ ഷീബമോൾ സന്തോഷ്, കാവ്യ, അഞ്ജലി, ചാസ്സ് സ്റ്റാഫ് ബിന്ദു ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

## തുരുത്തി

**സൗജന്യ മെഡിക്കൽ-രക്തദാനക്യാമ്പ്**

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസിപിറ്റലിന്റെ സഹകരണത്തോടെ പൊടിപ്പാറയൂണിറ്റിൽ മാർച്ച് 17നു സൗജന്യ മെഡിക്കൽ-രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. സെന്റ് തോമസ് ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ ഉദ്ഘാടനം നിർവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. ക്യാമ്പിൽ ഫാ. മാത്യു മാളിയേക്കൽ രക്തം ദാനംചെയ്തു. പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടോമിച്ചൻ ജോസഫ്, കുറിച്ചി പഞ്ചായത്ത് പ്രസിഡന്റ് സുജാത സുശീലൻ, വാർഡ് മെമ്പർമാരായ ബിജു എസ്. മേനോൻ, ലൂസി ജോസഫ്, യൂണിറ്റ് ഭാരവാഹികളായ സോജൻ പോൾ, രാജു ജോസഫ് പൗവത്തിൽ എന്നിവർ പ്രസംഗിച്ചു.

## തൃക്കൊടിത്താനം

**സ്വാശ്രയസംഘസംഗമവും മഹിളാസമാജം തെരഞ്ഞെടുപ്പും:** ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമവും മഹിളാസമാജം തെരഞ്ഞെടുപ്പും മാർച്ച് 27നു ഫാത്തിമാപുരം ഫാത്തിമാ മാതാ പള്ളിയുടെ ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സേവ്യർ പുത്തൻകളം ആമുഖസന്ദേശംനൽകി. *സ്വാശ്രയസംഘശക്തീകരണം-നേതൃത്വപാടവം* എന്ന വിഷയത്തിൽ എടത്വാ മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ്സ് നയിച്ചു. 2024-2025 പ്രവർത്തനവർഷത്തേയ്ക്കുള്ള മഹിളാസമാജം ഭാരവാഹികളെ തെരഞ്ഞെടുത്തു.

■

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**ത്രൈമാസ തയ്യൽപരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ (കെ.ജി.വി.) ആഭിമുഖ്യത്തിൽ 20 പേരുടെ ത്രൈമാസ തയ്യൽപരിശീലനം തൃക്കൊടിത്താനം സി.എം.സി. ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ ഏപ്രിൽ 10ന് ആരംഭിച്ചു. കെ.ജി.വി. പ്രിൻസിപ്പൽ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനംചെയ്തു.

**ബ്യൂട്ടിഷൻ കോഴ്സ് പരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കൂത്രപ്പള്ളി പ്രതീക്ഷ സോഷ്യൽ സെന്ററിൽ 20 പേരുടെ ബ്യൂട്ടിഷൻ കോഴ്സ് ഏപ്രിൽ 8ന് ആരംഭിച്ചു. ചങ്ങനാശ്ശേരി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി റോസ് കരോട്ടുവെമ്പേനിക്കൽ ഉദ്ഘാടനംചെയ്തു.

**വ്യവസായസംരംഭകത്വ പരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ റാന്നി സെന്റ് തോമസ് കോളേജിൽ ഏപ്രിൽ 6ന് ഏകദിന വ്യവസായസംരംഭകത്വ പരിശീലനം നടത്തി. 55 പേർ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സ്നേഹ എൽസി ജേക്കബ് ഉദ്ഘാടനംചെയ്തു.

**ബ്യൂട്ടികെയർ മാനേജുമെന്റ് കോഴ്സ്**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ ഏപ്രിൽ 22നു ബ്യൂട്ടികെയർ മാനേജുമെന്റ് കോഴ്സ് ആരംഭിച്ചു. 10 പേർ പരിശീലനംനേടുന്നു.

**തേനീച്ചക്കർഷകർക്ക് ഏകദിനശിൽപശാല**

അതിരൂപതയുടെ തെക്കൻമേഖലയിൽ തേനീച്ചക്കർഷകർക്കുവേണ്ടി നാലു സ്ഥലങ്ങളിൽ ശിൽപശാലകൾ സംഘടിപ്പിച്ചു. ശിൽപശാലകളുടെ ഉദ്ഘാടനം ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷന്റെ (കെ.വി.ഐ.സി.) പൂനെയിലുള്ള സെൻട്രൽ ബീ റിസേർച്ച് ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (സി.ബി.ആർ.റ്റി.ഐ) സബ്ജക്റ്റ് എക്സ്പേർട്ട് ഡോ. ഡെയ്സി തോമസ് നിർവഹിച്ചു.

**അമ്പൂരി**

ഖാദി ഗ്രാമവ്യവസായ കമ്മിഷൻ ചാസ്സിനു പുതുതായി അനുവദിച്ച ഹണി ക്ലെസ്റ്റർ പദ്ധതിയുടെ ഭാഗമായി മാർച്ച് 18ന് അമ്പൂരി സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ ഏകദിനശിൽപശാല സംഘടിപ്പിച്ചു. 155 പേർ പങ്കെടുത്തു. ഹോർട്ടിക്കോർപ് ബീ ബ്രീഡർ ആർ.എസ്. ഗോപകുമാർ, ഖാദി ബോർഡ് ബീ കീപ്പിങ് ഫീൽഡ്മാൻ (റിട്ട.) ജയിംസ് ഡൊമിനിക് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**അഞ്ചൽ**

മാർച്ച് 19ന് അഞ്ചൽ മേരി മാതാ ഹാളിൽ ഏകദിനശിൽപശാല സംഘടിപ്പിച്ചു. 144 പേർ പങ്കെടുത്തു. ഖാദി ബോർഡ് ബീ കീപ്പിങ് ഫീൽഡ്മാൻ (റിട്ട.) റ്റി.വി. അബ്രാഹം ക്ലാസ്സുകൾ നയിച്ചു.

### ആര്യങ്കാവ്

മാർച്ച് 20നു സെന്റ് മേരീസ് ആഡിറ്റോറിയത്തിൽ ഏകദിനശിൽപശാല സംഘടിപ്പിച്ചു. 144 പേർ പങ്കെടുത്തു. ഖാദി ബോർഡ് ബീ കീപ്പിങ് ഫീൽഡുമാൻ (റിട്ട.) ജയിംസ് ഡൊമിനിക് ക്ലാസ്സുകൾ നയിച്ചു.

### കൊട്ടാരക്കര

മാർച്ച് 21നു സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാപ്പള്ളിയുടെ ഓഡിറ്റോറിയത്തിൽ ഏകദിനശിൽപശാല സംഘടിപ്പിച്ചു. 128 പേർ പങ്കെടുത്തു. ഖാദി ബോർഡ് ബീ കീപ്പിങ് ഫീൽഡുമാൻ (റിട്ട.) ജയിംസ് ഡൊമിനിക് ക്ലാസ്സുകൾ നയിച്ചു.

### ബീ കീപ്പിങ് പരിശീലനം

ഖാദി ഗ്രാമവ്യവസായ കമ്മിഷൻ ചാസ്സിനു പുതുതായി അനുവദിച്ച ഹണി ക്ലസ്റ്റർ പദ്ധതിയുടെ ഭാഗമായി അതിരൂപതയുടെ തെക്കൻമേഖലയിലെ രണ്ടു സ്ഥലങ്ങളിൽ ബീ കീപ്പിങ് പരിശീലനം നടത്തപ്പെട്ടു.

### അമ്പൂരി

മാർച്ച് 19 മുതൽ 25 വരെ തേനീച്ചവ്യവസായവുമായി ബന്ധപ്പെട്ട പരിശീലനപരിപാടി അമ്പൂരി സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. രണ്ടുബാച്ചുകളിലായി 63 പേർ പങ്കെടുത്തു.

### പുനലൂർ

മാർച്ച് 20 മുതൽ 26 വരെ തേനീച്ചവ്യവസായവുമായി ബന്ധപ്പെട്ട പരിശീലനപരിപാടി പുനലൂർ സേക്രഡ് ഹാർട്ട് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. രണ്ടുബാച്ചുകളിലായി 67 പേർ പങ്കെടുത്തു.

## മെയ്മാസം ആരംഭിക്കുന്ന കോഴ്സ്

### തയ്യൽപരിശീലനം

ചേന്നങ്കരി സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ സഹകരണത്തോടെ മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 20 പേർക്കു തയ്യൽ പരിശീലനം **മെയ് 6 മുതൽ** ആരംഭിക്കുന്നതാണ്.

**ഫാ. ജോർജ് പനക്കേഴം**
*(ചാസ്സ്-ഖാദി ഡയറക്ടർ)*
*9496807124*

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9455211827*

**ഫാ. വർഗീസ് നമ്പിമഠം**
*(വൈസ് പ്രിൻസിപ്പൽ,*
*ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ,*
*മല്ലപ്പള്ളി)*
*9633521483*

**ഫാ. ജോർജ് തൈച്ചേരിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9497391959*

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2024 ഏപ്രിൽ 19 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 120 | ശ്രീകാര്യം എമ്മാവൂസ് | 117100 | 46840 |
| 121 | കൂത്രപ്പള്ളി | 267150 | 106860 |
| 122 | മണിമല ന്യൂ | 89271 | 35708 |
| 123 | പൂന്തോപ്പ് | 100000 | 50000 |
| 124 | പാറമ്പുഴ | 317900 | 127160 |
| 125 | കണ്ണാടി സെന്റ് റീത്താസ് | 30450 | 30450 |
| 126 | ഇരവിനല്ലൂർ | 8710 | 3400 |
| 127 | ചേന്നങ്കരി ലൂർദ് മാതാ | 33100 | 13240 |
| 128 | പുളിക്കൽകവല | 119660 | 47870 |
| 129 | കാവാലം ലിസ്യൂ | 112300 | 44920 |
| 130 | മുട്ടാർ ന്യൂ | 35190 | 14076 |
| 131 | വെളിയനാട് നോർത്ത് (കേസറിയ) | 19570 | 7828 |
| 132 | പഴവങ്ങാടി | 404821 | 161928 |
| 133 | കിടങ്ങറ | 64850 | 25940 |
| 134 | തിരുമല | 81150 | 32460 |
| 135 | മുഹമ്മ | 205750 | 82300 |
| 136 | അതിരമ്പുഴ ലിസ്യൂ | 72951 | 29180 |
| 137 | കുമാരനല്ലൂർ | 93580 | 37432 |
| 138 | പടഹാരം | 34550 | 13820 |
| 139 | തത്തംപള്ളി | 553040 | 221218 |
| 140 | പോങ്ങുമ്മൂട് | 235650 | 94260 |
| 141 | പാലോട് | 7600 | 3040 |
| 142 | വിതുര | 24050 | 9620 |
| 143 | പേരൂർക്കട | 177050 | 70820 |
| 144 | പാമ്പാടി | 35000 | 14000 |
| 145 | ഫിൽഗിരി | 60700 | 24280 |
| 146 | ഡാലുമുഖം | 6000 | 2400 |
| 147 | വേഴപ്രാ | 51210 | 20484 |

| | | | |
|---|---|---|---|
| 148 | തിരുവല്ല-മുത്തൂർ | 38000 | 15200 |
| 149 | കുട്ടമംഗലം | 59450 | 23780 |
| 150 | ചാഞ്ഞോടി | 208200 | 83280 |
| 151 | മനയ്ക്കച്ചിറ | 52380 | 52380 |
| 152 | ചേപ്പുംപാറ | 139410 | 55764 |
| 153 | കലവൂർ | 21050 | 8420 |
| 154 | പച്ചക്കാട് | 9950 | 4000 |
| 155 | കരുമാടി | 51665 | 20666 |
| 156 | മുട്ടാർ ഓൾഡ് | 110630 | 44252 |
| 157 | മായം | 25750 | 10300 |
| 158 | പങ്ങട | 47950 | 19180 |
| 159 | താഴത്തങ്ങാടി | 79982 | 31993 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **മാർച്ച് 19 മുതൽ ഏപ്രിൽ 19 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവന.

| | ഇടവക / സംഘടന | തുക |
|---|---|---|
| | മാർത്ത് മറിയം ബസിലിക്ക, ചമ്പക്കുളം | 250000 |

■

*» ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

### പ്രോലൈഫ് ശുശ്രൂഷകൾ

ഫൊറോനകളിൽ പ്രോലൈഫ് ശുശ്രൂഷകൾ ക്രമീകരിക്കേണ്ട മാസമാണു മെയ്. ഉചിതമായ ദിനത്തിൽ പ്രാർത്ഥനാശുശ്രൂഷയും വി. ജിയാന്ന അനുസ്മരണവും ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| മെയ് | 13, 14, 15 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 27, 28, 29 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| ജൂൺ | 08, 09, 10 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 24, 25, 26 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 5 pm**

■

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

പന്തക്കുസ്താത്തിരുനാളിന്റെ മംഗളങ്ങൾ!

മെയ് 19നു നാം പന്തക്കുസ്താത്തിരുനാൾ ആചരിക്കുകയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർക്കേ സഭയ്ക്കുവേണ്ടിയും ദീപിക യ്ക്കുവേണ്ടിയും അചഞ്ചലരായി നിലകൊള്ളാൻ സാധിക്കുകയുള്ളു.

## പുതിയ ഡി.എഫ്.സി. ഡയറക്ടേഴ്സ്

ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ 2024-2025 വർഷത്തേക്കു താഴെപ്പറയുന്ന വൈദികരെ ഡി.എഫ്.സി. ഫൊറോനാ ഡയറക്ടേഴ്സായി അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് നിയമിച്ചിരിക്കുന്നു.

| | | |
|---|---|---|
| ആലപ്പുഴ | ഫാ. ജോസഫ് തൈപ്പറമ്പിൽ | 9446801629 |
| അമ്പൂരി | ഫാ. മാത്യു കണ്ണമ്പള്ളിൽ സി.എം.ഐ. | 9037582662 |
| അതിരമ്പുഴ | ഫാ. തോമസ് പുതിയാപറമ്പിൽ | 8592839715 |
| ചമ്പക്കുളം | ഫാ. മാത്യു പുളിച്ചമാക്കൽ | 9074728504 |
| എടത്വാ | ഫാ. ജോസഫ് ചൂളപ്പറമ്പിൽ | 9446855459 |
| കൊല്ലം-ആയൂർ | ഫാ. മാത്യു നടയ്ക്കൽ | 8943294544 |
| കോട്ടയം | ഫാ. ആന്റണി അറയ്ക്കത്തറ | 9946112201 |
| കുടമാളൂർ | ഫാ. യോഹന്നാൻ കട്ടത്തറ | 8156807229 |
| കുറുമ്പനാടം | ഫാ. ജോസഫ് കൊച്ചീത്ര | 8157834367 |
| മണിമല | ഫാ. ജേക്കബ് നടുവിലേക്കളം | 8547873668 |
| നെടുങ്കുന്നം | ഫാ. സക്കറിയ ഇരുപതിൽ | 7559949898 |
| പുളിങ്കുന്ന് | ഫാ. വർഗീസ് വരവുകാലായിൽ | 8589971531 |
| തിരുവനന്തപുരം | ഫാ. ഗ്രിഗറി മേപ്പുറം | 9995155668 |
| തൃക്കൊടിത്താനം | ഫാ. ജോൺസൺ മുണ്ടുവേലിൽ | 9495420920 |
| മുഹമ്മ | ഫാ. ദേവസ്യ തുണ്ടിയിൽ | 9496476824 |

## ഡി.എഫ്.സി. സംസ്ഥാനകൺവെൻഷനും ദശവത്സരാഘോഷവും

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് സ്ഥാപിതമായതിന്റെ പത്താംവർഷമാണ് 2024. അതിന്റെ ഭാഗമായി ഡി.എഫ്.സി. സംസ്ഥാനകൺവെൻഷനും ദശവത്സരാഘോഷവും മെയ് 18, 19 തീയതികളിൽ മൂവാറ്റുപുഴ നിർമല സെന്റർ ഫോർ എജ്യുക്കേഷണൽ സ്പിരിചൽ ആൻഡ് തിയളോജിക്കൽ ട്രെയിനിങ് (NESTT)ൽ ക്രമീകരിച്ചിരിക്കുന്നു. അതിരൂപത, ഫൊറോന, ഇടവകതല പ്രതിനിധികൾ ഇതിൽ പങ്കെടുക്കേണ്ടതാണ്.

## ഡി.എഫ്.സി. അതിരൂപതാസമിതി

ഡി.എഫ്.സി. അതിരൂപതാസമിതി **മെയ് 8 ബുധനാഴ്ച** ഉച്ചകഴിഞ്ഞ് 3ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാ വിദ്യാനികേതന്റെ ഹാളിൽ സമ്മേളിക്കുന്നു. അതിരൂപതാ ഭാരവാഹികൾ, ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ എന്നിവർ ഇതിൽ സംബന്ധിക്കേണ്ടതാണ്.

## അതിരൂപതാസമിതിയുടെ ഫൊറോനാസന്ദർശനങ്ങൾ

അതിരൂപതാസമിതിയംഗങ്ങൾ തൃക്കൊടിത്താനം, ചങ്ങനാശ്ശേരി, ആലപ്പുഴ, കുറുമ്പനാടം ഫൊറോനകളിൽ യഥാക്രമം മാർച്ച് 16, മാർച്ച് 23, ഏപ്രിൽ 7, ഏപ്രിൽ 21 തീയതികളിൽ സന്ദർശനം നടത്തി. ഇതോടനുബന്ധിച്ചുള്ള സമ്മേളനങ്ങൾ വിജയമാക്കിയ ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ നേരുന്നു. മെയ്മാസത്തിൽ കോട്ടയം, അതിരമ്പുഴ, കുടമാളൂർ ഫൊറോനകൾ അതിരൂപതാസമിതി സന്ദർശിക്കുന്നതാണ്.

## ഫൊറോനാസമിതിയുടെ ഇടവകതലസന്ദർശനങ്ങൾ

ദീപികയുടെ പ്രചാരണം ഊർജസ്വലമാക്കാൻ ഫൊറോനാസമിതിയുടെ ഇടവകതലസന്ദർശനങ്ങൾ അനിവാര്യമാണ്. ഫൊറോനാ പ്രസിഡന്റുമാർ ഫൊറോനാ ഡയറക്ടറുമായി ആലോചിച്ച് ഇടവകതലസന്ദർശനതീയതികൾ നിശ്ചയിച്ചു ഡി.എഫ്.സി. യൂണിറ്റുകൾ സന്ദർശിക്കുമല്ലോ. സന്ദർശനവിവരങ്ങളുടെ ഹ്രസ്വമായ റിപ്പോർട്ട് അതിരൂപതാ ഡയറക്ടർക്കു നൽകേണ്ടതാണ്.

## ദീപിക-നമ്മുടെ ഭാഷാപദ്ധതി

കോർപ്പറേറ്റ്, എയ്ഡഡ്, ഗവൺമെന്റ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ *ദീപിക-നമ്മുടെ ഭാഷാപദ്ധതി* നടപ്പിലാക്കാൻ തക്കവിധം മുൻകൂട്ടി സ്പോൺസേഴ്സിനെ കണ്ടെത്താൻ ഫൊറോന, ഇടവകതല ഡി.എഫ്.സി. ഭാരവാഹികൾ ഉത്സാഹിക്കുമല്ലോ.

## മഹാസംഗമം: ആലപ്പുഴഫൊറോന

ആലപ്പുഴഫൊറോന ഡി.എഫ്.സിയുടെയും കുടുംബക്കൂട്ടായ്മയുടെയും സംയുക്തനേതൃത്വത്തിൽ ഏപ്രിൽ 7 ഉച്ചകഴിഞ്ഞ് 3നു നടന്ന സമുദായ ശക്തീകരണ മഹാസംഗമം പങ്കാളിത്തംകൊണ്ടും സംഘാടകമികവുകൊണ്ടും പ്രശംസിക്കപ്പെട്ടു. ഇടവകകളിൽനിന്ന് 800 ലീഡേഴ്സ് പങ്കെടുത്തു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ കൺവെൻഷൻ നയിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് തൈപ്പറമ്പിൽ, പ്രസിഡന്റ് റോയി വേലിക്കെട്ടിൽ എന്നിവർ നേതൃത്വംനൽകി.


**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**സണ്ണി തോമസ് പുളിങ്കാലായിൽ**
9539125164
**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**ആന്റണി തോമസ് മലയിൽ**
9446342561
**സിസി അമ്പാട്ട്**
8075216244
*(ജനറൽ സെക്രട്ടറീസ്)*


**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്- 9400390539, കോര സി. - 9495445827, വർക്കി ഇ.വി. - 9349599028, ജോജോ- 9847361030, അനൂപ് സെബാസ്റ്റ്യൻ- 9400751229**

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഡോ. എൻ. രാധാകൃഷ്ണന് ആശംസകൾ

ലോകപ്രശസ്ത വാസ്കുലാർ സർജനും ഹോസ്പിറ്റലിന്റെ മെഡിക്കൽ അഡ്മിനിസ്ട്രേറ്ററും സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഓൺ വീനസ് ഡിസീസ് മെഡിക്കൽ ഡയറക്ടറുമായ പ്രൊഫ. ഡോ. എൻ. രാധാകൃഷ്ണന്റെ സ്തുത്യർഹമായ സേവനം 45-ാം വർഷത്തിലേക്ക്. ചികിത്സാരംഗത്ത് 56 വർഷങ്ങൾ പിന്നിട്ട ഡോ. എൻ. രാധാകൃഷ്ണൻ സ്വന്തം ഗവേഷണങ്ങളിലൂടെ രൂപകല്പനചെയ്ത മോഡിഫൈഡ് മൈക്രോഫോം സ്ക്ലെറോതെറപ്പി (MMFST) വഴിയായി ഇതിനോടകം അമ്പതിനായിരത്തിലധികം വെരിക്കോസ് വെയ്ൻ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫെലോ ഓഫ് റോയൽ കോളേജ് ഓഫ് സർജൻസ് ഓഫ് ഇംഗ്ലണ്ട് (FRCS-London), ഫെലോ ഓഫ് റോയൽ സൊസൈറ്റി ഓഫ് മെഡിസിൻ (FRSM-London), ഫെലോ ഓഫ് റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസ് ഓഫ് ഗ്ലാസ്ഗോ (FRCS-Glasg.), ഫെലോ ഓഫ് അമേരിക്കൻ കോളേജ് ഓഫ് സർജൻസ് (FACS - USA & Canada), ഫസ്റ്റ് ഫെലോ ഓഫ് ഇന്റർനാഷണൽ കോളേജ് ഓഫ് സർജൻസ് (ഫ്ളെബോലിംഫോളജി–FICS), ഫെലോ ഓഫ് ദ ഐ.എം.എ. അക്കാഡമി ഓഫ് മെഡിക്കൽ സ്പെഷ്യലിസ്റ്റ്സ് (FIAMS) തുടങ്ങി വിഖ്യാതമായ രാജ്യാന്തരാംഗീകാരങ്ങൾ ലഭിച്ചിട്ടുള്ള ഡോ. എൻ. രാധാകൃഷ്ണൻ അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ (FAIS) സ്ഥാപകഫെലോയുമാണ്. ഡോ. എൻ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെയും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഓൺ വീനസ് ഡിസീസ് വഴിയായി ആയിരക്കണക്കിന് ആളുകളാണു വർഷംതോറും സ്ക്ലെറോതെറപ്പിയിലൂടെ വെരിക്കോസ് വെയ്നിൽനിന്നും സുഖംപ്രാപിക്കുന്നത്. ആശുപത്രിയിൽ കർമനിരതമായ 45-ാം വർഷത്തിലേക്കു കടക്കുന്ന ഡോ. എൻ. രാധാകൃഷ്ണനു ഹോസ്പിറ്റലിലെ ഡോക്ടേഴ്സ്, നേഴ്സസ്, മറ്റു സ്റ്റാഫംഗങ്ങൾ എന്നിവരുടെ ഹൃദയംനിറഞ്ഞ ആശംസകൾ.

### സൗജന്യ ശസ്ത്രക്രിയാനിർണയ ക്യാമ്പ്

ജനറൽ ആൻഡ് ലാപറോസ്കോപിക് സർജറി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ 15 മുതൽ 20 വരെ സൗജന്യ ശസ്ത്രക്രിയാനിർണയ ക്യാമ്പ് സംഘടിപ്പിച്ചു. കിളിമല സേക്രഡ് ഹാർട്ട് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഫാ. തോമസ് പാറത്താനം ക്യാമ്പ് ഉദ്ഘാടനംചെയ്തു. ജനറൽ ആൻഡ് ലാപറോസ്കോപിക് സർജറിവിഭാഗം മേധാവിയും ചീഫ് സർജനുമായ ഡോ. ജോർജ് മാത്യു കെ., കൺസൾട്ടന്റ് ജനറൽ ആൻഡ് ലാപറോസ്കോപിക് സർജൻ ഡോ. സുനിൽ മാത്യൂസ് ജോസഫ് എന്നിവർ നേതൃത്വംനൽകി. ഹേർണിയ,

തൈറോയ്ഡ് മുഴകൾ, പിത്താശയ കല്ല്, ശരീരത്തിലുണ്ടാകുന്ന അസാധാരണ മുഴകൾ എന്നിവയുള്ളവർ ക്യാമ്പ് പ്രയോജനപ്പെടുത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിലെ ചാസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ, രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു. മാർച്ച് 17നു പൊടിപ്പാറ ഹോളി ഫാമിലി പള്ളിയുടെ ഹാളിൽ നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പ് ഹോസ്പിറ്റൽ അസോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ ഉദ്ഘാടനംചെയ്തു. ഹോസ്പിറ്റൽ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ. റോസമ്മ ജോൺ, കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. സോമനാഥൻ കെ., കൺസൾട്ടന്റ് ഇൻ.എൻ.റ്റി. സർജൻ ഡോ. ജയ്സ് ജേക്കബ്, കൺസൾട്ടന്റ് പീഡിയാട്രീഷൻ ഡോ. പ്രകാശ് സി. നൈനാൻ, ജനറൽ മെഡിസിൻവിഭാഗം ഡോ. നാഗാർജുൻ പി.ആർ. എന്നിവരുടെ സേവനം ലഭ്യമായിരുന്നു. സൗജന്യ പൾമൊണറി ഫങ്ഷൻ ടെസ്റ്റ്, ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ എന്നീ പരിശോധനകൾക്കുള്ള സൗകര്യവും ക്യാമ്പിൽ ഒരുക്കിയിരുന്നു.

**സാന്ത്വനത്തിന്റെ കരങ്ങൾ നിങ്ങൾക്കരികിൽ**

രോഗികളുമായുള്ള ബന്ധം ചികിത്സയിൽ അവസാനിക്കുന്നില്ല. ആശുപത്രിയിലെത്തി ഡോക്ടറെ കാണാൻ ബുദ്ധിമുട്ടുള്ള പ്രായമായവർ, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് രോഗികൾ എന്നിവർക്കു ഡോക്ടറും നേഴ്സുമടങ്ങുന്ന സംഘം വീട്ടിലെത്തി ചികിത്സയും പരിചരണവും ഉറപ്പുനൽകുന്നു. ഗുരുതര രോഗാവസ്ഥയിലുള്ള രോഗികൾക്കു ചികിത്സയും സാന്ത്വനവും ഉറപ്പുനൽകാൻ ഹോസ്പിറ്റലിൽ പാലിയേറ്റീവ് കെയർ സംവിധാനവും നിലവിലുണ്ട്. ഡോക്ടർ കൺസൾറ്റേഷൻ, നേഴ്സിങ് കെയർ, ലാബ് സേവനങ്ങൾ, ആംബുലൻസ് സൗകര്യം എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

**ബോധവത്കരണ ക്ലാസ്സ്: കുട്ടികളിലെ ദന്തപരിചരണം**

പീഡോഡോണ്ടിക്സ് & പ്രിവന്റീവ് ഡെന്റിസ്ട്രി (കുട്ടികളുടെ ദന്തരോഗവിഭാഗം) വിഭാഗത്തിന്റെ നേതൃത്വത്തിൽ *കുട്ടികളിലെ ദന്തപരിചരണം* എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. പാറേൽ സെന്റ് മേരീസ്, ഇത്തിത്താനം സെന്റ് മേരീസ്, ചീരഞ്ചിറ സെന്റ് ജോർജ് എന്നീ പള്ളികളിലായി സംഘടിപ്പിച്ച ബോധവത്കരണക്ലാസ്സിനു കൺസൾട്ടന്റ് പീഡോഡോണ്ടിസ്റ്റ് ഡോ. ആനി എഡ്വിൻ നേതൃത്വംനൽകി.

**യോഗയിലൂടെ ശരീരമെന്നും യോഗ്യമായിരിക്കട്ടെ**

ഡിപ്പാർട്ടുമെന്റ് ഓഫ് നേയ്ച്ചെറോപതി ആൻഡ് യോഗയുടെ നേതൃത്വത്തിൽ യോഗാക്ലാസ്സ് സംഘടിപ്പിക്കുന്നു. യോഗാപരിശീലനത്തിനു കൺസൾട്ടന്റ് നേയ്ച്ചെറോപതി ഫിസിഷ്യൻ ഡോ. സി. ആശ എസ്.എ.ബി.എസ്. നേതൃത്വം നൽകുന്നു. കുട്ടികളിലെയും കൗമാരക്കാരിലെയും പ്രതിരോധശേഷി, ഓർമശക്തി, ഏകാഗ്രത എന്നിവ മെച്ചപ്പെടുത്താനും ഉത്കണ്ഠകൾ കുറക്കാനും

പ്രാണായാമ, മെഡിറ്റേഷൻ, യോഗക്രിയകൾ എന്നിവയിലൂടെ സാധിക്കും. പരിശീലനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്യാനായി **9207846999** എന്നനമ്പരിൽ വിളിക്കുക.

**ചുമതലയേറ്റു**

എമർജൻസി മെഡിസിൻവിഭാഗം കൺസൾട്ടന്റ് എമർജൻസി മെഡിസിൻ ഫിസിഷ്യനായി ഡോ. സ്നിഗ്ധ പ്രദീപ് ചുമതലയേറ്റു. മെമ്പർഷിപ് ഓഫ് റോയൽ കോളേജ് ഓഫ് എമർജൻസി മെഡിസിൻ (MRCEM-UK), എമർജൻസി മെഡിസിനിൽ ഡി.എൻ.ബി., കോട്ടയം മെഡിക്കൽ കോളേജിൽനിന്നും എം.ബി.ബി.എസ്. എന്നിവ കരസ്ഥമാക്കിയ ഡോ. സ്നിഗ്ധയുടെ പ്രാഗത്ഭ്യവും പരിചയസമ്പത്തും അത്യാഹിതനിലയിലുള്ള രോഗികൾക്കു മികച്ചസേവനം ഉറപ്പുനൽകും.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**നാഷണൽ വാക്സിനേഷൻ ഡേ ആചരണം**

നാഷണൽ വാക്സിനേഷൻ ദിനത്തോടനുബന്ധിച്ചു മാർച്ച് 16നു ഗൈനക്കോളജിവിഭാഗം ഡോ. ആൻസി എ.പി. യുടെ നേതൃത്വത്തിൽ *കുട്ടികൾക്കും മുതിർന്നവർക്കും വാക്സിനേഷന്റെ ഗുണങ്ങളെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുക* എന്നവിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. ആരോഗ്യപ്രശ്നങ്ങൾ പടരാതിരിക്കാൻ പ്രതിരോധക്കുത്തിവെപ്പുകൾ വലിയപങ്കു വഹിക്കുന്നുയെന്ന വീഡിയോസന്ദേശവും അന്നേദിവസം ആശുപത്രിയിലെത്തിച്ചേർന്നവർക്കു വാക്സിനേഷനും നൽകി.

**വാർഷികാഘോഷവും രക്ഷാകർതൃസമ്മേളനവും**

വേൾഡ് ഡൗൺ സിൻഡ്രം ദിനത്തോടനുബന്ധിച്ചു തത്തംപള്ളി TIMUC സ്പെഷ്യൽ സ്കൂളിന്റെ 39-ാമതു വാർഷികാഘോഷവും രക്ഷാകർതൃസമ്മേളനവും ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് ഉദ്ഘാടനംചെയ്തു. മാർച്ച് 21നു തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയുടെ ഹാളിൽ നടന്ന വാർഷികാഘോഷത്തിനു ഫാ. ജോസഫ് പുതുപ്പറമ്പിൽ അധ്യക്ഷതവഹിച്ചു. ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ സ്വാഗതമാശംസിച്ചു. ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി അണ്ടർ ഡിവലപ്ഡ് ചിൽഡ്രൻ (TIMUC) പ്രിൻസിപ്പൽ സി. അനില മൂലൻ എഫ്.എച്ച്.ജി.എസ്. റിപ്പോർട്ട് അവതരിപ്പിച്ചു. പി.ടി.എ. പ്രസിഡന്റ് രതീഷ് കാളിപറമ്പ് നന്ദിയറിയിച്ചു. വിദ്യാർത്ഥികളുടെ കലാവിരുന്നുകളോടെ വാർഷികാഘോഷം സമാപിച്ചു.

**വേൾഡ് ഓറൽ ഹെൽത്ത് ഡേയുടെ ഭാഗമായി ബോധവത്കരണക്ലാസ്സ്**

സമ്പൂർണദന്താരോഗ്യത്തിന്റെ ഭാഗമായി മാർച്ച് 20നു *ദന്തപ്രശ്നങ്ങൾ എങ്ങനെ തടയാം* എന്നവിഷയത്തെ ആസ്പദമാക്കി ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഓറൽ ശുചിത്വശീലങ്ങൾ പ്രോത്സാഹിപ്പിക്കുക, പല്ലുകൾ പരിപാലിക്കുക, ദന്തപ്രശ്നങ്ങൾ എങ്ങനെ തടയാം എന്നിവയുടെ ബോധവത്കരണത്തിനാണു പ്രസ്തുത ദിനം ആഘോഷിക്കുന്നതെന്നു തന്റെ സന്ദേശത്തിൽ ഡെന്റൽവിഭാഗം ഡോ. ആൻ മേരി പങ്കുവച്ചു. ഡിപ്പാർട്ടുമെന്റുകളിൽനിന്നായി സ്റ്റാഫംഗങ്ങൾ പങ്കെടുത്തു. ദിനചര്യയുടെ ഭാഗമായി 'ദന്തസംരക്ഷണം ഇനി കൂടുതൽ കരുത്തോടെ' എന്ന വീഡിയോ സന്ദേശം നൽകുകയുംചെയ്തു.

**വേൾഡ് പാർക്കിൻസൻസ് ഡേ ആചരണം**

വേൾഡ് പാർക്കിൻസൻസ് ദിനത്തോടനുബന്ധിച്ച് ഏപ്രിൽ 11നു *പാർക്കിൻസൻസ് രോഗലക്ഷണങ്ങൾ* എന്നവിഷയത്തെ ആസ്പദമാക്കി ബോധവത്കരണക്ലാസ്സ് സംഘടിപ്പിക്കുകയും ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫുകളുടെ സഹകരണത്തോടെ വീഡിയോ, പോസ്റ്റർ എന്നിവയുടെ പ്രസന്റേഷൻ സംഘടിപ്പിക്കുകയും ചെയ്തു. ന്യൂറോളജിവിഭാഗം ഡോ. ആശ ജി. പിള്ള ക്ലാസ്സിനു നേതൃത്വംനൽകി.

**സൗജന്യ ഓർത്തോസർജറി ക്യാമ്പ്**

ഏപ്രിൽ 15നു സൗജന്യ ഓർത്തോസർജറി ക്യാമ്പ് സംഘടിപ്പിച്ചു. അസ്ഥിരോഗവിഭാഗം ഡോ. മുഹമ്മദ് അഷ്റഫ്, ഡോ. ആസാദ് സേട്ട്, ഡോ. പി. ശിവസുബ്രഹ്മണ്യൻ, ഡോ. ജയചന്ദ്രൻ എന്നിവർ നേതൃത്വംനൽകി. ക്യാമ്പിൽ പങ്കെടുത്ത രോഗികൾക്കു ഫ്രീ കൺസൾട്ടേഷനോടുകൂടിയായിരുന്നു ഇൻഹൗസ് ക്യാമ്പ് ക്രമീകരിച്ചത്. മുൻകൂട്ടി ബുക്കുചെയ്തവർക്ക് എക്സ്റേയ്ക്ക് 25% ഇളവും ക്യാമ്പിൽ പങ്കെടുത്ത സർജറിയാവശ്യമായ രോഗികൾക്ക് 10% മുതൽ 30% വരെ ഇളവോടുകൂടി ശസ്ത്രക്രിയയും ക്രമീകരിച്ചു. അർഹരായ അഞ്ചുപേർക്കു സൗജന്യമായി മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# പ്രവാസി അപ്പോസ്തലേറ്റ്

തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ സ്മരണയിൽ
മെയ്ദിനത്തിന്റെയും അതിരൂപതാദിനത്തിന്റെയും ആശംസകൾ!

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

പ്രവാസികളായവരുടെ നാട്ടിലുള്ള മാതാപിതാക്കളുടെ ക്ഷേമത്തിനായി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ചുനടത്തുന്ന 'കരുതൽ' എന്നപദ്ധതിയുടെ സേവനമാരംഭിച്ചു. ഇതാവശ്യമുള്ള പ്രവാസികൾ ഓഫീസിൽ അറിയിക്കുമല്ലോ. ഏപ്രിൽ 17നു ജന്മദിനമാഘോഷിച്ച ഡയറക്ടർ അച്ചന് എല്ലാ പ്രവാസികളും വാട്സ്ആപ്പിലൂടെ ആശംസകൾ നേർന്നു. ഒമാനിലുള്ള ചങ്ങനാശ്ശേരി അതിരൂപതക്കാർ ഒരുമിച്ചുചേരുന്ന 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നസമ്മേളനം മെയ് 25നു മസ്ക്കറ്റിൽ നടത്തപ്പെടുന്നു.

വേദപ്രചാരമദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിച്ച 'പ്രവാസി അപ്പോസ്തലേറ്റ് ഈ കാലഘട്ടത്തിന്റെ ആവശ്യമായ ശുശ്രൂഷാസംവിധാനം' എന്ന അഭി. ജോസഫ് പെരുന്തോട്ടംപിതാവിന്റെ സർക്കുലർ ഏപ്രിൽ 14 ഞായറാഴ്ച പള്ളികളിൽ വായിച്ചു.

കഴിഞ്ഞ നാലുവർഷം ജി.സി.സി. കോഡിനേറ്ററായിരുന്ന ജോ കാവാലം തന്റെ കാലാവധി പൂർത്തിയാക്കി. തികഞ്ഞ ഉത്തരവാദിത്വത്തോടെയും വിശ്വസ്തതയോടെയും പ്രവർത്തിച്ചതിനു പ്രവാസി അപ്പോസ്തലേറ്റ് നന്ദിയറിയിക്കുന്നു. ഗൾഫ്രാജ്യങ്ങളിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ പുതിയ ഭാരവാഹികളെയും ജി.സി.സി. എക്സിക്യൂട്ടീവ് മെമ്പേഴ്സിനെയും തെരഞ്ഞെടുത്തു. ജി.സി.സി. കോഡിനേറ്ററായി ജോർജ് മീനത്തേക്കോണിൽ ചുമതലയേറ്റു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ് ഡെസ്ക്)**

■

# കേരള ലേബർ മൂവുമെന്റ് (KLM)

മെയ്ദിനാശംസകൾ സ്നേഹപൂർവം നേരുന്നു!

ഈശോയിൽ പ്രിയപ്പെട്ടവരേ,

ഈ വർഷത്തെ മെയ്ദിനാഘോഷങ്ങൾ വിപുലമായ രീതിയിൽ നടത്താൻ നാം പരിശ്രമിക്കുകയായിരുന്നു. ഇതിന്റെ ഭാഗമായി സ്വാഗതസംഘം ഉദ്ഘാടനവും കായികമേളയും നടത്തപ്പെട്ടു. പതാകദിനവും വിളംബരജാഥയും മെയ്ദിനാഘോഷറാലിയും തൊഴിലാളിമഹാസംഗമവും വിജയമാക്കിത്തീർക്കാൻ ഏവരുടെയും പ്രാർത്ഥനയും പിന്തുണയും സഹകരണവും പ്രത്യേകമഭ്യർത്ഥിക്കുകയാണ്.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### മെയ്ദിനം: സ്വാഗതസംഘം രൂപീകരണം

കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ തൊഴിലാളിദിനമായ മെയ് ഒന്നിന് അരമനപ്പടിക്കൽനിന്ന് ആരംഭിച്ചു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ സമാപിച്ച മെയ്ദിനറാലിയുടെയും തൊഴിലാളിസംഗമത്തിന്റെയും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ഏപ്രിൽ 5ന് അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖപ്രസംഗം നടത്തി. ജനറൽ കൺവീനർ സണ്ണി അഞ്ചിൽ സ്വാഗതവും സാബു കോയിപ്പള്ളി നന്ദിയും പറഞ്ഞു. ജോളി നാൽപതാംകളം (പ്രോഗ്രാം കമ്മിറ്റി), വിജി സെബാസ്റ്റ്യൻ (റാലി), ജോസഫ് ജോൺ (ഫൂഡ്), അന്നമ്മ ഷാജി (രജിസ്ട്രേഷൻ), സജിമോൻ ജോർജ് (പാർക്കിങ്) എന്നിങ്ങനെ 101 പേരുടെ കമ്മിറ്റി മെയ്ദിനാഘോഷങ്ങൾക്കു നേതൃത്വംനൽകി.

### കായികമേള

കെ.എൽ.എം. അതിരൂപതാതല കായികമേള ചങ്ങനാശ്ശേരി സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി & സി.ഐ.എസ്.സി.ഇ. ജൂനിയർ കോളേജിൽ നടത്തപ്പെട്ടു. വ്യക്തികളുടെ മാനസികോല്ലാസത്തിനും ശാരീരികക്ഷമതയ്ക്കും ശക്തിപകരുന്നതാണു കായികമേളപോലെയുള്ള അവസരങ്ങളെന്ന് ഉദ്ഘാടനം ചെയ്ത സാഫ് ഗെയിംസ് ഗോൾഡ് മെഡൽ താരം സുമി സിറിയക് പ്രസ്താവിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ കൺവീനർ വിജി കുന്നിപ്പള്ളിൽ, ഷാജി ആന്റണി എന്നിവർ പ്രസംഗിച്ചു. മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് പാറേൽയൂണിറ്റും രണ്ടാം സ്ഥാനം കൂത്രപ്പള്ളിയൂണിറ്റും വടംവലിയിൽ ഒന്നാം സ്ഥാനം വെട്ടിമുകൾയൂണിറ്റും രണ്ടാം സ്ഥാനം മാമ്മൂട്‌യൂണിറ്റും കരസ്ഥമാക്കി. അതിരൂപതാസമിതിയംഗങ്ങളായ സാജൻ ജോയി, ജോമോൻ ജോൺ, സജിമോൻ ജോർജ്, പ്രിജോഷ് ചാക്കോ, സാബു വർഗീസ്, സാം സെബാസ്റ്റ്യൻ, പി.സി. മാത്യു, ജോസഫ് ജോൺ, മിനി റോയി, അന്നമ്മ ഷാജി, ഷൈനി തോമസ്, സ്മിനു ജോസഫ്, മിനി സിബിച്ചൻ എന്നിവർ നേതൃത്വംനൽകി.

### പുതിയസംഘം

മാമ്മൂട്‌യൂണിറ്റിൽ 4-ാമതു ലൂർദ് മാതാ എസ്.എച്ച്.ജി. രൂപീകരിച്ചു. മാമ്മൂട് ലൂർദ് മാതാപ്പള്ളി അസ്സിസ്റ്റന്റ് വികാരി ഫാ. ആന്റണി കിഴക്കേതലയ്ക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. അതിരൂപതാസമിതിയംഗം ഷാജി ആന്റണി, ഷൈനി ബിനു, യൂണിറ്റ് കോഡിനേറ്റർ കെ.ജെ. ജോസഫ്, യൂണിറ്റ് സെക്രട്ടറി റെനി കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

### ആദരാഞ്ജലികൾ

കുന്നങ്കരി-പുലിമുഖം മാർത്ത് മറിയം സംഘാംഗം ചാക്കോ ചാക്കോ ഓണിയപ്പുറം, വില്ലൂന്നി സെന്റ് ജോർജ് സംഘാംഗം സി.പി. മാത്യു പേരമ്പ്രാ, ചങ്ങനാശ്ശേരി സെന്റ് മേരീസ് സംഘാംഗം സെബാസ്റ്റ്യൻ വർഗീസ് നെടിയകാലാപറമ്പിൽ, സജി പോൾ പാറയ്ക്കൽ, വെളിയനാട് സെന്റ് ജോൺസ് സംഘാംഗം തോമസ് ആന്റണി നമ്പിശ്ശേരിക്കളം, വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് സംഘാംഗം ജോസഫ് ജോസഫ് വട്ടപ്പറമ്പിൽ, മണ്ണഞ്ചേരി സെന്റ് ജോസഫ് സംഘാംഗം തോമസ് ആനക്കാട് എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

### മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,25,000 രൂപ ഏപ്രിൽ 9നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 144. | പി.വി. ആന്റണി | കുറുമ്പനാടം അസംപ്ഷൻസംഘം |
| 145. | ജോസഫ് ദേവസ്യ | മാന്നില ഹോളി ഫാമിലിസംഘം |

■

---

*» യുവദീപ്തി–SMYM തുടർച്ച...*

### മെയ്മാസത്തെ ഫൊറോനാ ക്യാമ്പുകൾ

| | |
|---|---|
| 03, 04, 05 | : ആലപ്പുഴ, മുഹമ്മ |
| 06, 07, 08 | : തൃക്കൊടിത്താനം |
| 10, 11, 12 | : കുറുമ്പനാടം, ചെങ്ങന്നൂർ, കോട്ടയം |
| 17, 18 19 | : ചമ്പക്കുളം, പുളിങ്കുന്ന് |
| 24, 25, 26 | : അമ്പൂരി, തിരുവനന്തപുരം |

**ഫാ. വർഗീസ് പുളിയ്ക്കപ്പെടവിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

# ആത്മതാകേന്ദ്രം
## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി അതിരൂപതാതലതെരഞ്ഞെടുപ്പു പൂർത്തീകരിക്കപ്പെട്ടു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കു പ്രാർത്ഥനാശംസകൾ നേരുന്നു! മദ്യവും മയക്കുമരുന്നുമുൾപ്പെടുന്ന സാമൂഹ്യതിന്മകൾക്കെതിരെ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ പുതിയ നേതൃത്വത്തിനു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. മെയ് 25നു 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയുടെ വാർഷികാഘോഷം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുകയാണ്. നിത്യരോഗികളായി കഴിയുന്ന മാതാപിതാക്കളുടെനൂറിൽപരം കുട്ടികളെ മാസംതോറും പഠനത്തിനും മറ്റു ജീവിതസൗകര്യങ്ങൾക്കുമായി സഹായിക്കുന്ന പദ്ധതിയാണിത്. നമ്മുടെ അതിരൂപതയിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇപ്രകാരം നാനാജാതിമതസ്ഥരായ നിരവധിപ്പേരെ സഹായിക്കുവാൻ കഴിയുന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. ഈ പദ്ധതിയുടെ തുടർന്നുള്ള നാളുകളിലെ വിജയത്തിനായി കൈകോർക്കുകയും ചെയ്യാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനവും സഹായവിതരണവും പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ ഏപ്രിൽ 27നു ജോൺ വടക്കേകളം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ഉച്ചഭക്ഷണവും 53500 രൂപയുടെ ധനസഹായവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ നേതൃത്വംനൽകി.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ലഭ്യമാണ്. സമയം: രാവിലെ 10 മുതൽ 12.30 വരെ. പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളി
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി – (കോട്ടയം) ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അതിരൂപതാതല തെരഞ്ഞെടുപ്പ് ഏപ്രിൽ 13നു ചങ്ങനാശ്ശേരി ജൂബിലി മെമ്മോറിയൽ ഹാളിൽ നടത്തപ്പെട്ടു.

| | |
|---|---|
| അതിരൂപതാ പ്രസിഡന്റ് | : റാംസെ ജെ.റ്റി. മെതിക്കളം, എടത്വാ |
| വൈസ് പ്രസിഡന്റ് | : ജോസി കല്ലുകളം, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ |
| | ലൗലി മാളിയേക്കൽ, ചെത്തിപ്പുഴ |
| | കെ.പി. മാത്യു കടന്തോട്, വെരൂർ |
| ജനറൽ സെക്രട്ടറി | : തോമസുകുട്ടി മണക്കുന്നേൽ, ചെത്തിപ്പുഴ |
| ജോയിന്റ് സെക്രട്ടറി | : ഷാജി മരങ്ങാട്ട്, ളായിക്കാട് |
| | ബേബിച്ചൻ പുത്തൻപറമ്പിൽ, പാറേൽ |
| | മേരിക്കുട്ടി പാറക്കടവിൽ, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ |
| എക്സിക്യുട്ടിവ് സമിതിയംഗങ്ങൾ | : ഷാജി വാഴേപ്പറമ്പിൽ |
| | റോസമ്മ കാടാശ്ശേരി |
| | ഷേർളി തോമസ് കാരുവേലിൽ |
| | ബിജു കൊച്ചുപുരയ്ക്കൽ |
| | ജോൺസൺ കൊച്ചുതറ |
| | ജോസഫ് പത്തിൽ |
| | തങ്കച്ചൻ മാത്യു തൈക്കളം |
| | ജെമിനി കണ്ണംപള്ളി |

## ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ***മെയ് 7 മുതൽ 10 വരെ*** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. മെയ് 7 വൈകുന്നേരം 5ന് ആരംഭിച്ച് മെയ് 10 രാവിലെ 10നു ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

## സ്ഥാപകപ്രസിഡന്റിന്റെ 63-ാം ചരമവാർഷികദിനാചരണം

ഡി.സി.എം.എസ്. സ്ഥാപകപ്രസിഡന്റും തിരുക്കൊച്ചി നിയമസഭാംഗവുമായിരുന്ന പി.എം. മർക്കോസിന്റെ ചരമദിനമായ ഏപ്രിൽ 14 ദളിത് കത്തോലിക്കാ മഹാജന സഭ അനുസ്മരണദിനമായി ആചരിച്ചു. 63-ാം ചരമദിനം ഏപ്രിൽ 13 ഉച്ചകഴിഞ്ഞ് 2നു കോട്ടയം ഗുഡ് ഷെപ്പേഡ് പള്ളിയിൽ ഡി.സി.എം.എസ്. വിജയപുരം രൂപതാ ഡയറക്ടർ ഫാ. ജോസഫ് തറയിലിന്റെ പരിശുദ്ധകുർബാനയർപ്പണത്തോടെയാരംഭിച്ചു. കബറിടത്തിലെ ഒപ്പീസിനുശേഷം കാർമൽ മിനി ഓഡിറ്റോറിയത്തിൽ നടത്തിയ അനുസ്മരണസമ്മേളനം ന്യൂനപക്ഷവികസന കോർപ്പറേഷൻ ചെയർമാൻ സ്റ്റീഫൻ ജോർജ് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. /എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം അനുഗ്രഹപ്രഭാഷണം നടത്തി. ഡി.സി.എം.എസ്. സംസ്ഥാനപ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അധ്യക്ഷതവഹിച്ചു. ഡി.സി.എം.എസ്. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം ആമുഖപ്രഭാഷണം നടത്തി. വിജയപുരം രൂപതാ ഡയറക്ടർ ഫാ. ജോസഫ് തറയിൽ, ഡി.സി.എം.എസ്. മുൻ പ്രസിഡന്റുമാരായ സി.സി. കുഞ്ഞുകൊച്ച്, പി.ഒ. പീറ്റർ, സംസ്ഥാന വൈസ് പ്രസിഡന്റ്, സംസ്ഥാനസെക്രട്ടറി, ഓർഗനൈസർ, രൂപതാ പ്രസിഡന്റുമാർ തുടങ്ങിയവർ പ്രസംഗിച്ചു. അനുസ്മരണസമ്മേളനത്തിൽ കോട്ടയം വയലാ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട യു.വി. മാത്യു, കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിൽ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പ്രബലദാസ് എന്നിവരെ പൊന്നാടയണിയിച്ചാദരിച്ചു. ഡി.സി.എം.എസ്. അതിരൂപതാ വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഭാരവാഹികൾ, കൗൺസിലംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ആദരാഞ്ജലികൾ

ഡി.സി.എം.എസ്. മുൻ സംസ്ഥാനപ്രസിഡന്റും കാഞ്ഞിരപ്പള്ളി മുൻരൂപതാ പ്രസിഡന്റും എഴുത്തുകാരനും സമുദായസ്നേഹിയുമായിരുന്ന റ്റി.ജെ. അബ്രാഹം തോട്ടപ്പടിക്കൽ ഏപ്രിൽ 5നു നിര്യാതനായി. സംസ്കാരകർമങ്ങൾ ഡി.സി. എം.എസ്. സംസ്ഥാനഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ്. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകത്ത് എന്നിവരുടെ നേതൃത്വത്തിൽ ഭവനത്തിലാരംഭിച്ചു. കാഞ്ഞിരപ്പള്ളി പൊടിമറ്റം സെന്റ് മേരീസ് പള്ളിയിലെ ശുശ്രൂഷകൾക്കു കാഞ്ഞിരപ്പള്ളി രൂപതയുടെ ബിഷപ് എമെരിത്തൂസ് അഭി. മാർ മാത്യു അറയ്ക്കൽ കാർമികത്വംവഹിച്ചു.

*ശേഷം പേജ് 61 ൽ.....»*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം ഭക്തിസാന്ദ്രമാക്കുന്നതിനു ഭ്രാതൃത്വങ്ങളിലേക്കു നൽകപ്പെട്ട ക്രൂശിതരൂപം എല്ലാ ഭവനങ്ങളിലും മാറിമാറി പ്രതിഷ്ഠിച്ചു സഭാംഗങ്ങളൊന്നിച്ചു ഭവനങ്ങളിലെത്തി പ്രാർത്ഥിച്ചു. ഇതു സഭയുടെ വളർച്ചയ്ക്കും പരസ്പരസ്നേഹം വളർത്താനും സഹായകമായി. ഈ സ്നേഹകൂട്ടായ്മ എന്നും നിലനിർത്താനും സഭയുടെ ഉന്നമനത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും സഭാമക്കൾ പരിശ്രമിക്കണം. സഭയ്ക്കും സഭാമക്കൾക്കും കോട്ടംതട്ടുന്ന തരത്തിലുള്ള വ്യക്തിപരമായ കുറ്റപ്പെടുത്തലുകൾ ഒഴിവാക്കി സ്നേഹത്തോടെ ഒരുമിച്ചു മുന്നോട്ടുനീങ്ങാൻ സഭാംഗങ്ങൾ കടപ്പെട്ടവരാണ്.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികൾ ദ്രുത ഗതിയിൽ മുന്നോട്ടുനീങ്ങുന്നു. ദൈവത്തിലേക്കും സ്വർഗീയസമ്മാനത്തിലേക്കും ലക്ഷ്യംവച്ചു ജീവിച്ച ആ ധന്യാത്മാവിന്റെ പാത പിന്തുടരാൻ പരിശ്രമിക്കണം. അദേഹത്തിന്റെ ത്യാഗംനിറഞ്ഞ കഷ്ടപ്പാടുകളുടെയും വിശ്രമമില്ലാത്ത പരിശ്രമ ത്തിന്റെയും ഫലമാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ഭാഗ്യപ്പെട്ട പദവിയായ സഭാംഗത്വമെന്നു മറന്നുകൂടാ. അദേഹം വിശുദ്ധനായി കാണണമെന്നത് ആ ആത്മീയശ്രേഷ്ഠനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന നാമോ രോരുത്തരുടെയും തീവ്രമായ ആഗ്രഹമായിരിക്കണം. മാത്രമല്ല, ആത്മീയ ശക്തീകരണം അനിവാര്യമായിരിക്കുന്ന ആനുകാലികസഭയ്ക്ക് ഇത് ഊർജം പകരുമെന്നതിനു സംശയമില്ല. ഈ വിശുദ്ധപദവി നമ്മൾ ജീവിച്ചിരിക്കെ ത്തന്നെ ലഭിച്ചാൽ നമ്മളും ഭാഗ്യമുള്ളവരായിത്തീരില്ലേ? അതിനാൽ നാമകരണ നടപടികൾ എത്രയും പെട്ടെന്നു പൂർത്തിയാക്കാൻ പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. ദൈവദാസന്റെ പ്രാർത്ഥനാസഹായങ്ങൾ എല്ലാവർക്കും ലഭിക്കുമാറാകട്ടെ.

**സ്വർഗപ്രവേശം**

എടത്വാ സെന്റ് ജോർജ് ഫൊറോന ഭ്രാതൃത്വാംഗം നെല്ലിക്കുന്നത്ത് റോസമ്മ ജോബ് നിര്യാതയായി. പരേതയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ച്വൽ അസ്സിസ്റ്റന്റ്)*

■

# വിൻസെൻഷ്യൻ വേദി

*''നമുക്കോരോരുത്തർക്കും മ്ശിഹായുടെ ദാനത്തിനനുസൃതമായി കൃപ നൽകപ്പെട്ടിരിക്കുന്നു''* (എഫേ. 4:7).

പന്തക്കുസ്താത്തിരുനാളിന്റെ മംഗളങ്ങൾ!

പ്രിയ വിൻസെൻഷ്യൻസഹോദരങ്ങളേ,

സെൻട്രൽ കൗൺസിലിന്റെ 70-ാം വാർഷികം **മെയ് 19 ഞായറാഴ്ച** ആചരിക്കുകയാണ്. ഇതിൽ പങ്കെടുക്കാനായി വെരൂർ സെന്റ് ജോസഫ്സ് പള്ളിയിലേക്ക് ഏവരെയും ഹൃദയപൂർവം സ്വാഗതംചെയ്യുന്നു. രാവിലെ 9.30നു വാർഷികസമ്മേളനമാരംഭിക്കും. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനംചെയ്യും. കേരള റീജണൽ കൗൺസിൽ കോഡിനേറ്റർ ബ്രദർ തോമസ് പുലിക്കോട്ട് മുഖ്യാതിഥിയാണ്. 9.30 മുതൽ 12 വരെ സമ്മേളനം, തുടർന്നു പരിശുദ്ധ കുർബാന, സ്നേഹവിരുന്ന് എന്നിങ്ങനെയാണു വാർഷികം ക്രമീകരിച്ചിരിക്കുന്നത്.

2024ലെ വാർഷികം പന്തക്കുസ്താത്തിരുനാൾദിനത്തിലാണു ക്രമീകരിച്ചിരിക്കുന്നത്. ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിക്കുകയും സഭയ്ക്ക് ആരംഭംകുറിക്കുകയും ചെയ്ത ദിവസമാണു പന്തക്കുസ്താ. ആത്മാവിൽ നിറഞ്ഞ ശ്ലീഹന്മാർ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷിത്വംവരിച്ചു പടുത്തുയർത്തിയതാണു തിരുസ്സഭ. ഈശോയുടെ ഭവനവും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവുമാണ് സഭ. മതമർദനം, പാഷണ്ഡത, ലോകാരൂപിയുടെ കടന്നുകയറ്റം, വിഭജനങ്ങൾ തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സഭയുടെ ഉള്ളറകളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം നാം തിരിച്ചറിയണം.

232 രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സഭയുടെ നിരന്തരവിശുദ്ധീകരണം നടത്തുന്ന പരിശുദ്ധാത്മാവു മണവാളനുവേണ്ടി മണവാട്ടിയെ ഒരുക്കുന്നതുപോലെ സ്വർഗത്തിനുവേണ്ടി സഭയെ ഒരുക്കുന്നു. കാലാകാലങ്ങളിൽ പ്രത്യേകിച്ചു പ്രതിസന്ധിഘട്ടങ്ങളിൽ അനുയോജ്യരായ വിശുദ്ധരായ വ്യക്തികളെ ഉയർത്തി സഭയുടെ നവീകരണം പരിശുദ്ധാത്മാവു സാധ്യമാക്കുന്നു.

ഫ്രാൻസിലെ സഭയുടെ പ്രതിസന്ധിഘട്ടത്തിൽ സഭയെ പടുത്തുയർത്താൻ പരിശുദ്ധാത്മാവു തെരഞ്ഞെടുത്ത ഒരു ചെറിയസമൂഹമായി ആരംഭിച്ച പ്രസ്ഥാനമാണു നാമംഗങ്ങളായിരിക്കുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി. കഴിഞ്ഞ 191 വർഷത്തെ ചരിത്രവും സൊസൈറ്റിയുടെ വളർച്ചയും പ്രവർത്തനങ്ങളും നിരീക്ഷിക്കുന്ന ആർക്കും ഈ സംഘടനയിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ അംഗീകരിക്കാതിരിക്കുവാൻ സാധിക്കുകയില്ല. അന്തർദേശീയ തലത്തിൽതന്നെ പലർക്കും ഒരത്ഭുതമായിക്കൊണ്ട് ഒരേമനസ്സോടെ പ്രാർത്ഥിച്ചും

പരസ്പരംസഹകരിച്ചും പങ്കുവച്ചും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ മുഖമായി 200–ാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമും സഹപ്രവർത്തകരും നൽകിയ മാതൃകയനുകരിച്ചു സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും പ്രതിസന്ധികളിൽ ഒപ്പംനിൽക്കാനും സാധിക്കണം. അതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

കഴിഞ്ഞമാസങ്ങളിൽ നമ്മിൽനിന്നും വേർപിരിഞ്ഞുപോയ ത്രേസ്യാമ്മ കീടംകുറ്റിയിൽ (കടുവാക്കുളം), മാത്യു കൊട്ടുപ്പള്ളിൽ (ചേപ്പുംപാറ), ഔസേപ്പ് എട്ടിൽ, ജേക്കബ് വെളുത്തേടത്ത് (കായൽപ്പുറം), മാത്യു കൈതക്കളം (വാഴപ്പള്ളി), ചെറിയാൻ മൂലയിൽ (കുറുമ്പനാടം) എന്നിവരുടെ സേവനങ്ങളെ നന്ദിപൂർവം സ്മരിക്കാം, അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സെൻട്രൽ കൗൺസിൽ പ്രസിഡന്റ്)*

■

---

» ***ഡി.സി.എം.എസ്. തുടർച്ച...***

തുടർന്നുനടന്ന അനുസ്മരണസമ്മേളനത്തിൽ ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ്, സംസ്ഥാനഡയറക്ടർ, സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാനഭാരവാഹികൾ, വിവിധ രൂപതാഭാരവാഹികൾ, പൊടിമറ്റം പള്ളിവികാരി, അസിസ്റ്റന്റ് വികാരിമാർ, മറ്റു വൈദികർ, കൗൺസിലംഗങ്ങൾ, സാമൂഹികസാംസ്കാരിക നേതാക്കൾ, അതിരൂപതാകമ്മിറ്റി ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാനപ്രസിഡന്റ്, മുൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)*
**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*
**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

■

# കരിസ്മാറ്റിക് നവീകരണം

*വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ, തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ* (മത്താ. 9:37-38).

കരിസ്മാറ്റിക് നവീകരണം ആനിമേറ്റർ ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ നേതൃത്വത്തിൽ ഏപ്രിൽ 8നു സോണൽ സർവീസ് ടീം മീറ്റിങ് ഓൺലൈനായി നടത്തപ്പെട്ടു. പ്രാർത്ഥനയ്ക്കുശേഷം വിവിധ പരിപാടികൾ വിഭാവനം ചെയ്തു. തുടർന്നു കപ്പിൾസ് മിനിസ്ട്രിയുടെ മീറ്റിങ് പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു. അഭി. ജോർജ് കോച്ചേരിപ്പിതാവ് ഉദ്ഘാടനംചെയ്തു. ബ്രദർ ഫ്രാൻസിസ് പുല്ലൻ ക്ലാസ്സ് നയിച്ചു.

ഏപ്രിൽ 12നു രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ സോണൽ അഡ്വൈസറി കമ്മിറ്റി മീറ്റിങ് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടന്നു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ നേതൃത്വംനൽകിയ യോഗത്തിൽ ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ഫാ. മാത്യു താന്നിയത്ത്, ഫാ. ജോർജ് മാന്തുരുത്തിൽ എന്നിവരും എൺപതിലധികം സഹോദരങ്ങളും സിസ്റ്റേഴ്സും പങ്കെടുത്തു. ചങ്ങനാശ്ശേരിയിൽ നവീകരണം ശക്തിപ്പെടുത്തേണ്ടത് എങ്ങനെയെന്നു ഗ്രൂപ്പു ചർച്ചകളിലൂടെ തീരുമാനമെടുത്തു. അതനുസരിച്ച് 6 സോണുകളിലും ഏകദിന കൺവെൻഷനുകൾ നടത്തുന്നതാണ്.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

കപ്പിൾസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ ലൂയിസ് അച്ചന്റെ നേതൃത്വത്തിൽ മുന്നേറുന്നു. സോണൽ അഡ്വൈസറി മീറ്റിങ്ങിൽ കപ്പിൾസ് മിനിസ്ട്രിയുടെ എല്ലാ ഭാരവാഹികളും പങ്കെടുത്തു. പുതിയതായി രണ്ട് ഇടവകളിൽ ദമ്പതീസെല്ലുകൾ രൂപപ്പെടുത്തുവാൻ സാധിച്ചു. ഇരവുചിറ സെന്റ് മേരീസ് ഇടവകയിലെ ദമ്പതീ സെല്ലിന്റെ പുനഃസംഘടന ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ദൈവകൃപയാൽ സെല്ലുകളിൽ ദമ്പതികൾ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും പങ്കുവെക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിലൂടെ കുടുംബങ്ങളിൽ ആത്മീയനിറവനുഭവിക്കുവാൻ സാധിക്കുന്നു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

200 **പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ**



# സഭയും പരിശുദ്ധാത്മദാനങ്ങളും

(തിരുവചനഭാഗം: 1 കോറിന്തോസ് 12:1-31)

സഭയിൽ വിവിധങ്ങളായ ആത്മീയദാനങ്ങളുണ്ട്. അവയെല്ലാം മ്ശിഹായുടെ മഹത്ത്വത്തിനായിരിക്കണമെന്നു പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ഈശോ കർത്താവാണെന്ന വിശ്വാസപ്രഖ്യാപനം (12,1-3)
2. അരൂപി ഒന്ന്, അനേകം വരങ്ങൾ (12,4-11)
3. സഭ: മ്ശിഹായുടെ ശരീരം (12,12-20)
4. ഒരു ശരീരവും പല അവയവങ്ങളും (12,21-26)
5. സഭയിലെ വിവിധ ദാനങ്ങൾ (12,27-31)

ഈ വചനഭാഗം അജപാലകർക്കും അജഗണങ്ങൾക്കും നൽകുന്ന സന്ദേശങ്ങൾ പഠനവിഷയമാക്കാം.

### 1. ഈശോ കർത്താവാണെന്ന വിശ്വാസപ്രഖ്യാപനം

*''സഹോദരരേ, നിങ്ങൾ ആത്മീയദാനങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. നിങ്ങൾ വിജാതീയരായിരുന്നപ്പോൾ സംസാരശേഷിയില്ലാത്ത വിഗ്രഹങ്ങളുടെ അടുത്തേക്ക് അപഥസഞ്ചാരം ചെയ്തിരുന്നത് ഓർക്കുന്നുണ്ടല്ലോ. ദൈവാത്മാവുമുഖേന സംസാരിക്കുന്നവരാരും ഈശോ ശപിക്കപ്പെട്ടവനാണെന്ന് ഒരിക്കലും പറയുകയില്ലെന്നും ഈശോ കർത്താവാണെന്നുപറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു''* (12,1-3).

കോറിന്തോസുകാർ പൗലോസ്ശ്ലീഹായോട് എഴുതിച്ചോദിച്ചിരിക്കാനിടയുള്ള കാര്യങ്ങളിൽ ഒന്ന് 'ഉന്മാദസംസാര'മായിരുന്നു. *ഗ്ലോസ്സോലലിയ* എന്നു ഗ്രീക്കുഭാഷയിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് ഇംഗ്ലീഷിലും മലയാളത്തിലും വ്യാഖ്യാനപരമായ സംജ്ഞയാണ് ഉപയോഗിക്കുന്നത്. 'ഭാഷയിൽ സംസാരിക്കുക', 'ഭാഷാവരം' തുടങ്ങിയവയാണ് ഈ പ്രതിഭാസത്തെ കാണിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ. 'ഉന്മാദസംസാരം' പല മതങ്ങളിലും പതിവുള്ള കാര്യമാണ്. കോറിന്തോസുകാരുടെ കാര്യത്തിലും അവർ ക്രിസ്തീയവിശ്വാസത്തിലേക്കു വരുന്നതിനുമുമ്പ് ഇത്തരം പ്രതിഭാസമുണ്ടായിരുന്നതായി ഇവിടെ സൂചനയുണ്ട് (12,2). ആരാധനാവേളകളിൽ ഉന്മാദസംസാരം നടത്തി പരിചയ

മുണ്ടായിരുന്ന കോറിന്തോസുകാർ സഭാംഗങ്ങളായപ്പോഴും ഈ വഴക്കം തുടർന്നിരുന്നുവെന്നു ന്യായമായും കരുതാം. ഇവിടെ പൗലോസ്ശ്ലീഹാ വ്യക്തമായ മാനദണ്ഡം നൽകുന്നു.

ഉന്മാദസംസാരം നടത്തുന്നയാൾ ദൈവാരൂപിയാൽ പ്രചോദിതമായാണ് അപ്രകാരം ചെയ്യുന്നതെങ്കിൽ 'ഈശോ കർത്താവാണ്' എന്നവിശ്വാസപ്രഖ്യാപനവുമായിരിക്കുമത്. 'ഈശോ കർത്താവാണ്' എന്നത് ആദിമസഭയുടെ വിശ്വാസപ്രമാണമായിരുന്നു. ക്രോഡീകരിക്കപ്പെട്ട വിശ്വാസപ്രമാണങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ആദിമസഭാംഗങ്ങൾ അവരുടെ വിശ്വാസം പ്രഖ്യാപിച്ചിരുന്നത് ഈ രീതിയിലായിരുന്നു. ദൈവാരൂപിയാൽ നയിക്കപ്പെടുന്ന ആർക്കും ''ഈശോ ശപിക്കപ്പെട്ടവൻ'' എന്ന് ഉച്ചരിക്കാൻ കഴിയുകയില്ല. ''ഈശോ കർത്താവ്'' എന്നേറ്റുപറയാൻ ദൈവാരൂപിയില്ലാതെ ആർക്കും സാധ്യവുമല്ല. അതുകൊണ്ടു സഭയുടെ അടിസ്ഥാനപരമായ വിശ്വാസം ഏറ്റുപറയുന്നവർക്കു ദൈവാരൂപിയുടെ ദാനം ലഭിച്ചിട്ടുണ്ടെന്നു ശ്ലീഹാ വ്യക്തമാക്കുന്നു. ഈശോ ഭരിക്കുന്ന ജീവിതം നയിച്ചുകൊണ്ടു സഭാജീവിതം നയിക്കുവാൻ അജപാലകർ അജഗണങ്ങളെ പ്രചോദിപ്പിക്കണം.

## 2. അരൂപി ഒന്ന്, അനേകം വരങ്ങൾ

*''ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നതു പൊതുനന്മയ്ക്കു വേണ്ടിയാണ്. ഒരേ ആത്മാവുതന്നെ ഒരാൾക്കു വിവേകത്തിന്റെ വചനവും മറ്റൊരാൾക്കു ജ്ഞാനത്തിന്റെ വചനവും നൽകുന്നു. ഒരേ ആത്മാവുതന്നെ ഒരുവനു വിശ്വാസവും വേറൊരുവനു രോഗശാന്തിയ്ക്കുള്ള വരവും നൽകുന്നു. ഒരുവന് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയും മറ്റൊരുവനു പ്രവചിക്കാൻ വരവും വേറൊരുവനു ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവും വേറൊരുവനു ഭാഷാവരവും വേറൊരുവന് വ്യാഖ്യാനത്തിനുള്ള വരവും അതേ ആത്മാവു തന്നെ നൽകുന്നു. തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേകപ്രത്യേക ദാനങ്ങൾ നൽകുന്ന ഒരേ ആത്മാവിന്റെതന്നെ പ്രവൃത്തിയാണ് ഇതെല്ലാം''* (12,4-11).

സഭയിൽ പ്രകടമായ ആത്മീയദാനങ്ങളെക്കുറിച്ചാണു ശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. സഭയിലെ വിവിധങ്ങളായ ശുശ്രൂഷകൾക്കും ദാനങ്ങൾക്കും പിന്നിൽ ഏക ഉറവിടമാണുള്ളത് - ദൈവം. ദാനങ്ങൾ എന്നതിന്റെ മൂലപദം *കരിസ്മാത്താ* എന്നതാണ്. കൃപയുടെ ഫലമായി ഉളവാകുന്നയൊന്നാണു ദാനങ്ങൾ. സഭാസമ്മേളനങ്ങളോടു ബന്ധപ്പെട്ട വിഷയങ്ങളാണ് ഇവിടെ 'ദാനങ്ങൾ', 'പ്രവർത്തനങ്ങൾ', 'ശുശ്രൂഷകൾ' എന്നെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. ഇവയ്ക്ക് ഒരേയൊരു ഉറവിടം മാത്രമുള്ളതുപോലെതന്നെ ഇവയുടെ ലക്ഷ്യവും ഒന്നു മാത്രമാണ്. ഓരോരുത്തരിലും അരൂപി വെളിപ്പെടുന്നതു പൊതുനന്മയ്ക്കു

വേണ്ടിയാണ്. അതായത്, ആരാധനാസമൂഹത്തെയൊന്നാകെ പടുത്തുയർത്താൻ വേണ്ടിയാണു ദൈവം ആത്മീയദാനങ്ങൾ നൽകുന്നത്. അവ ഓരോരുത്തരുടെയും വ്യക്തിപരമായ പ്രകടനങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടിയുള്ളവയല്ല.

ഏതൊക്കെയാണു വരങ്ങളെന്നു പഠിപ്പിക്കാനോ, അവയോരോന്നിന്റെയും പ്രത്യേകതകളും പ്രവർത്തനരീതികളും വിശദീകരിക്കാനോ ലക്ഷ്യമിട്ടുകൊണ്ടല്ല ശ്ലീഹാ ഇക്കാര്യങ്ങൾ രേഖപ്പെടുത്തുന്നത്. എന്തിനാണു വരങ്ങൾ നൽകപ്പെടുന്നതെന്നും വരങ്ങൾ സഭയിൽ എപ്രകാരമാണ് ഉപയോഗിക്കേണ്ടതെന്നും പ്രബോധിപ്പിക്കുക മാത്രമാണു പൗലോസ്ശ്ലീഹായുടെ ലക്ഷ്യം. ഒരേ ആത്മാവിലൂടെ (12,8), ഒരേ ആത്മാവിനാൽ (12,6), ഒരേ ആത്മാവിനനുസൃതം (12,9) എന്നീവ്യത്യാസങ്ങൾ ആത്മീയദാനങ്ങളെ സംബന്ധിച്ച ദൈവശാസ്ത്രത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. എല്ലാ ദാനങ്ങളും നൽകുന്നതു ദൈവമാണ് (12,6) എന്നും ഇത് ആത്മാവിന്റെ പ്രവൃത്തിയാണ് (12,11) എന്നും ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. വരദാനങ്ങൾക്കല്ല, വരങ്ങളെല്ലാം നൽകുന്ന ദൈവത്തിനും ഏറ്റവുംവലിയ ദാനമായ പരിശുദ്ധാത്മാവിനുമാണു ശ്ലീഹാ പ്രാധാന്യം കൊടുത്തിരിക്കുന്നത്. സമൂഹാംഗങ്ങൾക്കു ദൈവം നൽകുന്ന വരദാനങ്ങൾ, സമൂഹത്തെ ഒരു ആരാധനാസമൂഹമായി പടുത്തുയർത്തുവാനാണെന്നതിനെപ്പറ്റി അജപാലകർ അജഗണങ്ങളെ ബോധവത്കരിക്കണം.

### 3. സഭ: മ്ശിഹായുടെ ശരീരം

*''ശരീരം ഒന്നാണെങ്കിലും, അതിൽ പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാംചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെ തന്നെയാണു മ്ശിഹായും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ മാമോദീസാ സ്വീകരിച്ചു. യഹൂദരെന്നോ, ഗ്രീക്കുകാരെന്നോ, അടിമകളെന്നോ, സ്വതന്ത്രരെന്നോ ഭേദംകൂടാതെ ഒരേ ആത്മാവിനെ പാനംചെയ്യാൻ എല്ലാവർക്കും സാധിച്ചു. ഒരു അവയവമല്ല, പലതുചേർന്നതാണ് ശരീരം. ഞാൻ കൈ അല്ലാത്തതിനാൽ ശരീരത്തിന്റെ ഭാഗമല്ലായെന്നു കാൽ പറഞ്ഞാൽ അതു ശരീരത്തിന്റെ ഭാഗമല്ലെന്നുവരുമോ? അതുപോലെതന്നെ, ഞാൻ കണ്ണല്ലാത്തതിനാൽ ശരീരത്തിന്റെ ഭാഗമല്ലായെന്നു ചെവി പറഞ്ഞാൽ അതു ശരീരത്തിന്റെ ഭാഗമല്ലെന്നുവരുമോ? ശരീരം ഒരു കണ്ണു മാത്രമായിരുന്നെങ്കിൽ ശ്രവണം സാധ്യമാകുന്നതെങ്ങനെ? ശരീരം ഒരു ചെവി മാത്രമായിരുന്നെങ്കിൽ ഘ്രാണം സാധ്യമാകുന്നതെങ്ങനെ? എന്നാൽ, ദൈവം സ്വന്തം ഇഷ്ടമനുസരിച്ച് ഓരോ അവയവവും ശരീരത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു. എല്ലാംകൂടെ ഒരു അവയവമായിരുന്നെങ്കിൽ ശരീരം എവിടെയാകുമായിരുന്നു? ഇപ്പോഴാകട്ടെ പല അവയവങ്ങളും ഒരു ശരീരവുമാണുള്ളത്''* (12,12-20).

സഭയെ മ്ശിഹായുടെ ശരീരമായി കാണുന്ന വചനഭാഗങ്ങൾ ഈ ലേഖനത്തിന്റെ മുന്നദ്ധ്യായങ്ങളിൽത്തന്നെയുണ്ട്. ഉദാഹരണത്തിന്, ''മ്ശിഹാ വിഭജിക്കപ്പെട്ടിരിക്കുന്നുവോ?'' (1,13), ''നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടേ''

(3,16), ''നിങ്ങളുടെ ശരീരങ്ങൾ മ്ശിഹായുടെ അവയവങ്ങളാണെന്നു നിങ്ങൾക്കറിയില്ലേ? മ്ശിഹായുടെ അവയവങ്ങൾ ഞാൻ വേശ്യയുടെ അവയവങ്ങളാക്കാമോ?'' (6,15), ''അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരുശരീരമാണ്'' (10,17).

ശരീരം ഒന്നാണെങ്കിലും അത് ഒരവയവമല്ല. പലതുചേർന്നതാണ്. ഇത്തരത്തിൽ ഏകശരീരമായ സഭയിൽ വൈവിധ്യങ്ങളുണ്ടായേതീരൂ. മാമോദീസാ സ്വീകരിച്ച് ഒരേ ആത്മാവിനെ പാനം ചെയ്താണു സഭ മ്ശിഹായുടെ ശരീരമായി രൂപപ്പെട്ടത് (12,13). ഒരവയവമല്ല, പലതുചേർന്നതാണു ശരീരം എന്നതാണ് ഇവിടെ പ്രധാനം (12,14). സഭയ്ക്ക് അടിസ്ഥാനപരമായി ഒരുമയുണ്ട്. എന്നാൽ, അത് ഒറ്റ അവയവമായിരിക്കുന്നതിലല്ല, ഒരുമയിലായിരിക്കുക എന്നതിലാണ്. വൈവിധ്യങ്ങൾ ശരീരത്തിലെ ചില കൂട്ടിച്ചേർക്കലുകളല്ല. അവ ശരീരത്തിന്റെ ഭാഗംതന്നെയാണ്. ഓരോ അവയവത്തിനും ശരീരത്തിൽ നൽകപ്പെട്ട ദൗത്യങ്ങൾ നിർവഹിക്കാനുള്ളതുപോലെ, സഭയാകുന്ന ശരീരത്തിലും വിവിധയംഗങ്ങൾക്കു വിവിധ ദൗത്യങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഓരോ അംഗവും അതിനേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവഹിക്കണം. അപ്പോഴാണു ശരീരത്തിന്റെ ഒരുമ യാഥാർത്ഥ്യമാകുന്നത്. ഈ യാഥാർത്ഥ്യം അജപാലകർ അജഗണങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം.

### 4. ഒരു ശരീരവും പല അവയവങ്ങളും

*''കണ്ണിനു കൈയോട് എനിക്കു നിന്നെക്കൊണ്ട് ആവശ്യമില്ലായെന്നോ, തലയ്ക്കു കാലിനോട് എനിക്കു നിന്നെക്കൊണ്ട് ഉപയോഗമില്ലായെന്നോ പറയുക സാധ്യമല്ല. നേരേമറിച്ച്, ദുർബലങ്ങളെന്നു കരുതപ്പെടുന്ന അവയവങ്ങളാണു കൂടുതൽ ആവശ്യമായിരിക്കുന്നത്. മാന്യങ്ങളല്ലെന്നു കരുതപ്പെടുന്ന അവയവങ്ങൾക്കു നമ്മൾ കൂടുതൽ മാന്യത കല്പിക്കുകയും, ഭംഗി കുറഞ്ഞവയെന്നു കരുതപ്പെടുന്നവയെ കൂടുതൽ അലങ്കരിക്കുകയും ചെയ്യുന്നു. ഭംഗിയുള്ള അവയവങ്ങൾക്ക് ഇവയൊന്നും ആവശ്യമില്ല. ദൈവമാകട്ടെ, അപ്രധാനങ്ങളായ അവയവങ്ങൾക്കു കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം ശരീരം സംവിധാനംചെയ്തിരിക്കുന്നു. അതു ശരീരത്തിൽ ഭിന്നിപ്പുണ്ടാകാതെ അവയവങ്ങൾ പരസ്പരം തുല്യശ്രദ്ധയോടെ വർത്തിക്കേണ്ടതിനുതന്നെ. ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു''* (12,21-26).

സഭയെക്കുറിച്ചു ശ്ലീഹാ നൽകുന്ന വിശദീകരണത്തിൽ സഭാശരീരത്തിൽ സംഭവിച്ചേക്കാവുന്ന രണ്ടുതരം മനോഭാവങ്ങളെ അവതരിപ്പിക്കുന്നു. ആദ്യത്തേത്, ചില അംഗങ്ങൾ തങ്ങൾക്കു മെച്ചമായ ധർമങ്ങളില്ലാത്തതിനാൽ തങ്ങൾ ശരീരത്തിൽ അവമതിക്കപ്പെടുന്നുവെന്നു കരുതുന്നതാണ്; തനിക്കു പ്രധാനദാനങ്ങളില്ലാത്തതിനാൽ താൻ സമൂഹത്തിൽ ഒന്നുമല്ലായെന്നു കരുതുന്നതാണ്. 'ഞാൻ കൈയല്ലാത്തതുകൊണ്ടു ശരീരത്തിന്റെ ഭാഗമല്ല' എന്നു കാൽ

പറയുന്നതുപോലെയാണത്. രണ്ടാമത്തെ മനോഭാവം മെച്ചമായ ദൗത്യങ്ങളുള്ള വർ അത്രയുംവലിയ ദൗത്യങ്ങളില്ലാത്തവരെ തള്ളിപ്പറയുന്നതാണ്; ''എനിക്കു നിന്നെക്കൊണ്ട് ആവശ്യമില്ല'' എന്നവിധത്തിലുള്ള ചിന്തയാണ്. ഇതുരണ്ടും കോറിന്തോസിലെ സഭയിൽ പ്രബലമായിരുന്നുവെന്നുവേണം കരുതുവാൻ. ഇതുരണ്ടിനെയും പൗലോസ്ശ്ലീഹാ തള്ളിപ്പറയുകയാണ്.

ശരീരത്തിലെ ഓരോ അവയവത്തിനും അതാതിന്റെ ധർമം നൽകി ക്രമീ കരിച്ചിരിക്കുന്നതു ദൈവപദ്ധതിയാണ്. ദൈവം തന്റെ അഭീഷ്ടമനുസരിച്ചാണ് ഓരോരുത്തർക്കും പ്രത്യേകദാനങ്ങൾ നൽകുന്നത്. ഇവിടെ ദൗത്യങ്ങൾ പലതാണെങ്കിലും അതിന് ആനുപാതികമായല്ല പ്രാധാന്യം കണക്കാക്കിയി രിക്കുന്നത്. പലപ്പോഴും ദുർബലങ്ങളെന്നു കരുതപ്പെടുന്ന അവയവങ്ങളാണു കൂടുതൽ ആവശ്യകമായിരിക്കുന്നത് (12,22). ''അപ്രധാനമായ അവയവ ങ്ങൾക്കു കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം ദൈവം ശരീരം സംവിധാനം ചെയ്തിരിക്കുന്നു'' (12,23). അതുകൊണ്ടു സഭാംഗങ്ങൾ സഭയിലെ ഓരോ രുത്തരുടെയും ആത്മീയദാനങ്ങളെ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യണം. ഇപ്രകാരം അജഗണങ്ങളെ ബോധവത്കരിക്കുവാൻ അജപാലകർ പ്രത്യേകംശ്രദ്ധിക്കണം.

### 5. സഭയിലെ വിവിധ ദാനങ്ങൾ

*''നിങ്ങൾ മ്ശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങ ളുമാണ്. ദൈവം സഭയിൽ ഒന്നാമതു ശ്ലീഹന്മാരെയും രണ്ടാമതു പ്രവാചകന്മാ രെയും മൂന്നാമതു പ്രബോധകരെയും തുടർന്ന് അദ്ഭുതപ്രവർത്തകർ, രോഗ ശാന്തി നൽകുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധ ഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു. എല്ലാവരും ശ്ലീഹന്മാരോ? എല്ലാവരും പ്രവാചകരോ? എല്ലാവരും പ്രബോധകരോ? എല്ലാവരും അദ്ഭുത പ്രവർത്തകരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരങ്ങളുണ്ടോ? എല്ലാവരും വിവിധ ഭാഷകളിൽ സംസാരിക്കുന്നുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ? എന്നാൽ, ഉത്കൃഷ്ടദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ. ഉത്തമമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം''* (12,27-31).


സഭയാണു മ്ശിഹായുടെ ശരീരം. ഈ ശരീരം എല്ലാ അവയവങ്ങളും ചേർന്നതാണ്. അവയവങ്ങളെ ശരീരത്തിൽനിന്നു വേർതിരിച്ചല്ല കാണുന്നത്. ശരീരത്തിലെ അവയവങ്ങളുടെ ധർമമാണു വിഭിന്നമായുള്ളത്. വിഭിന്നമായ ധർമമുള്ളതു ശരീരത്തിന്റെ പൂർണതയാണ്. ശരീരം യഥാവിധി പ്രവർത്തിക്കു ന്നതിന്റെ അടയാളമാണ്. ''നിങ്ങൾ ഓരോരുത്തരും'' അതിലെ അവയവങ്ങളാ ണെന്നതു പ്രധാനമാണ്. കൂട്ടായക്രമീകരണമല്ല, ഓരോ വ്യക്തിയെ സംബ ന്ധിച്ചും ദൈവത്തിനുള്ള നിയതമായ പദ്ധതിയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അടുത്തവാക്യത്തിൽ (12,28) വ്യക്തമാക്കുന്നതുപോലെ, ഓരോരുത്തരെയും ദൈവം ചില ദൗത്യങ്ങൾ ഏല്പിച്ചിരിക്കുന്നു. ദൗത്യങ്ങളുടെ വൈവിധ്യമാണ് ഏകമായിരിക്കുന്ന ശരീരത്തിനു പൂർണത നൽകുന്നത്.

ഈ വസ്തുത വ്യക്തമാക്കിയതിനുശേഷം വിവിധ ദാനങ്ങളുടെ പട്ടിക അവതരിപ്പിക്കുന്നു. സഭാശരീരത്തിലെ ധർമങ്ങളുടെ വൈവിധ്യത്തിനു കാരണം ദൈവമാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ടാണു വിവിധ ദാനങ്ങളുടെ പട്ടിക അവതരിപ്പിക്കുന്നത്. ആദ്യത്തെ മൂന്നെണ്ണം; അതായത് ശ്ലീഹന്മാർ, പ്രവാചകന്മാർ, പ്രബോധകർ എന്നിവരെ പ്രധാനക്രമത്തിൽ പറഞ്ഞിരിക്കുന്നു. ഇവമൂന്നും വചനശുശ്രൂഷയോടു ബന്ധപ്പെട്ടവയാണ്. ആദ്യമായി വരുന്നതു ശ്ലീഹന്മാരാണ്. സുവിശേഷപ്രഘോഷണം വിവിധ സ്ഥലങ്ങളിൽ നടത്തുകയും സഭാസമൂഹങ്ങൾ സ്ഥാപിക്കുകയും തങ്ങളുടെ ജീവിതങ്ങളിലൂടെ കർത്താവിന്റെ മരണോത്ഥാനങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നവരാണവർ. രണ്ടാമതായി കാണുന്നതു പ്രവാചകന്മാരെയാണ്. ആരാധനാവേളകളിൽ സഹോദരവിശ്വാസികളോടു സംസാരിച്ച് അവർക്കു പ്രചോദനം നൽകുന്നവരാണിവർ. മൂന്നാമതായി വരുന്നതു പ്രബോധകരാണ്. വിശ്വാസികളെ സുവിശേഷത്തിന്റെയും പഴയനിയമഗ്രന്ഥങ്ങളുടെയും അർത്ഥം പഠിപ്പിക്കുകയെന്നതായിരുന്നു അവരുടെ ധർമം. ഭാഷാവരത്തിന് ഏറ്റവും അവസാനത്തെ സ്ഥാനമാണു നൽകിയിരിക്കുന്നതെന്നതും ശ്രദ്ധേയമാണ്. സഭയിൽ ദൈവം നൽകുന്ന വരങ്ങളെക്കുറിച്ച് അജപാലകർക്കു വ്യക്തമായ ധാരണയുണ്ടായിരിക്കണം.

## ജീവിതസൂചിക

1. ഈശോ ഭരിക്കുന്ന ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. വരദാനങ്ങൾ നൽകപ്പെടുന്നതു സഭയെ ആരാധനാസമൂഹമായി കെട്ടിപ്പടുക്കുന്നതിനാണെന്ന ബോദ്ധ്യം എനിക്കുണ്ടോ?
3. സഭാംഗങ്ങൾ അവരുടെ ദൗത്യനിർവഹണത്തിലൂടെ സഭയെ കെട്ടിപ്പടുക്കണമെന്നു ഞാൻ അവരെ ബോദ്ധ്യപ്പെടുത്തുന്നുണ്ടോ?
4. ദൈവം നൽകുന്ന ആത്മീയദാനങ്ങൾ തിരിച്ചറിഞ്ഞു സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ വിശ്വാസികളെ ഞാൻ എങ്ങനെ ബോധവത്കരിക്കുന്നു?
5. സഭയിൽ ദൈവം നൽകുന്ന വരങ്ങളെക്കുറിച്ചു വ്യക്തമായ ധാരണ എനിക്കുണ്ടോ?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച്**

19 ചങ്ങനാശ്ശേരി പി.പി. ജോസ് റോഡിലെ അതിരൂപതയുടെ പുതിയ ഷോപ്പിങ് കോംപ്ലക്സിന്റെ കല്ലിടൽകർമം നടത്തി. മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ചു കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും പുതിയ പാരിഷ് ഹാളിന്റെ ആശീർവാദകർമം, ഉദ്ഘാടനം എന്നിവ നടത്തുകയും ചെയ്തു.

20 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ സി.എം.ഐ. സന്യാസസമൂഹാംഗം കാലായിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരകർമത്തിനു രണ്ടാം ഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞു കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിന്റെ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും ഹോസ്പിറ്റൽ സ്റ്റാഫിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾനേരുകയും ചെയ്തു; ഹോസ്പിറ്റലിന്റെ പുതിയ വെബ്സൈറ്റ് ഉദ്ഘാടനം, പ്രയർ സോങ് സി.ഡി. പ്രകാശനം എന്നിവയും നിർവഹിച്ചു.

21 രാവിലെ സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും കുട്ടികളെ സന്ദർശിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിന്റെ രജതജൂബിലി സമാപനസമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

22 രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ കഴിഞ്ഞവർഷം മരണംമൂലം വേർപിരിഞ്ഞ അതിരൂപതാംഗങ്ങളായ വൈദികർ, സമർപ്പിതർ, അല്മായർ എന്നിവർക്കുവേണ്ടി പരിശുദ്ധ കുർബാന അർപ്പിക്കുകയും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട കുട്ടനാട് റിസേർച്ച് ആൻഡ് റിവൈവൽ ഇനിഷ്യേറ്റിവ് സൊസൈറ്റിയുടെ (KRRIS) ഫൊറോനാ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. നാല്പതാംവെള്ളിയോടനുബന്ധിച്ചു കരുവള്ളിക്കാട് സെന്റ് തോമസ് കുരിശുമലതീർത്ഥാടനത്തിൽ പങ്കെടുത്തു സന്ദേശംനൽകി.

23 രാവിലെ അതിരൂപതാകേന്ദ്രത്തിന്റെ ചാപ്പലിൽ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തുന്ന 7 ഹെവ്പദ്യാക്നാമാർക്കു മ്ശംശാനാപ്പട്ടം നൽകി; മേജർ സെമിനാരിയൻസ് ഗ്യാതറിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി.

വൈകുന്നേരം പാറേൽ സെന്റ് മേരീസ് ഇടവകാംഗം ചെറുകര സി.എ. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

24 രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഓശാനഞായർ ശുശ്രൂഷകൾക്കു കാർമികനായി പരിശുദ്ധ കുർബാനയർപ്പിച്ചു; ശേഷംനടന്ന ദർശനസമൂഹത്തിന്റെ വാർഷികപൊതുയോഗം ഉദ്ഘാടനംചെയ്തു സന്ദേശംനൽകി

വൈകുന്നേരം ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രലിൽ സംയുക്തകുരിശിന്റെ വഴിക്കു സമാപനസന്ദേശംനൽകി.

25 പ്രൊലൈഫ് ദിനത്തോടനുബന്ധിച്ചു പാറേൽ സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും സന്ദേശംനൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞു ചേപ്പുംപാറ മാർത്ത് മറിയം ഇടവകാംഗം കൊട്ടുപ്പള്ളിൽ കെ.വി. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

26 രാവിലെ ചീരഞ്ചിറയിൽ എ.എസ്.എം.ഐ. സന്യാസിനിസമൂഹാംഗം സി. കാതറിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാംഘട്ടത്തിനു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിന്റെ ചാപ്പലിൽ ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിനോടൊപ്പം പരിശുദ്ധ കുർബാനയർപ്പിക്കുകയും സന്ദേശംനൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞു മുട്ടാർ ഓൾഡ് സെന്റ് ജോർജ് പള്ളിയിൽ കണിച്ചേരിൽ ബഹു. വർഗീസ് അച്ചന്റെ പിതാവു ലാലി ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

27 രാവിലെ കുന്നന്താനം എൽ.എസ്.ഡി.പി. കോൺവെന്റിന്റെ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അന്തേവാസികളെ സന്ദർശിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞു പാറയ്ക്കൽ ബഹു. തോമാ പൗലോസ് അച്ചന്റെ സഹോദരൻ സജി പോളിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പുന്നത്തുറ സെന്റ് തോമസ് ക്നാനായ പഴയപള്ളി ഇടവകാംഗം തെക്കനാട്ട് സിറിൽ തോമസിന്റെ മൃതദേഹത്തിങ്കൾ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

28 വൈകുന്നേരം ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പെസഹാവ്യാഴത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

29 വൈകുന്നേരം അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ പീഡാനുഭവവെള്ളിയുടെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു വചനസന്ദേശംനൽകി.

30 ഉച്ചകഴിഞ്ഞു രാജമറ്റത്തു ഡി.എസ്.ജെ. സന്യാസിനിസമൂഹാംഗം സി. സെലിൻ കിഴക്കയിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പള്ളിക്കുന്ന് സെന്റ് തോമസ് ഇടവകാംഗം വലിയമറ്റം ബെറ്റിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

31 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഉയിർപ്പു

തിരുനാൾ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു വചനസന്ദേശംനൽകി.

വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഡിപ്പാർട്ടുമെന്റ്തലവന്മാരായ വൈദികർ, റീജൻസി ബ്രദേഴ്സ് എന്നിവരോടൊപ്പം ഈസ്റ്റർ ദിനാഘോഷം നടത്തുകയും സന്ദേശംനൽകുകയും ചെയ്തു.

**ഏപ്രിൽ**

02 രാവിലെ ചങ്ങനാശ്ശേരി സെന്റ് വിൻസെന്റ് പുവർ ഹോമിന്റെ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഓഡിറ്റോറിയത്തിൽ നടന്ന ഈസ്റ്റർവൈദികസമ്മേളനത്തിൽ പങ്കെടുത്തു.

03 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന യർപ്പിച്ചു വചനസന്ദേശംനൽകി.

04 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന അതിരൂപതാ ദൈവവിളിക്യാമ്പിന്റെ ഭാഗമായി പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി. തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ കാഞ്ഞിരത്തുംമൂട്ടിൽ ജോസഫുക്കുട്ടി, എൽസ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശംനൽകി.

05 രാവിലെ കറിക്കാട്ടൂരിൽ സി.എം.ഐ. സന്യാസസമൂഹാംഗം അന്ത്യാകുളം ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരത്തിന് ഒന്നാംഘട്ടശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം കിഴക്കേ ചേന്നങ്കരിയിൽ നവീകരിച്ച സെന്റ് ആന്റണീസ് ചാപ്പലിന്റെ കൂദാശാകർമം നടത്തി. വാഴപ്പള്ളിയിൽ എസ്.എ.ബി.എസ്. സന്യാസിനിസമൂഹാംഗം സി. ഡൊമിനി കളപ്പുരയ്ക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

06 രാവിലെ പള്ളിക്കൂട്ടുമ്മ സി.എം.സി. നസ്രത്ത് കോൺവെന്റിൽ ജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിക്കുകയും പുതുതായി ആരംഭിച്ച ഡ്രൈയിങ് യൂണിറ്റിന്റെ വെഞ്ചരിപ്പുകർമം നിർവഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞു, പുതുതായി നിർമിച്ച തെക്കേക്കര സെന്റ് ജോൺസ് പള്ളിയുടെ കൂദാശാകർമവും കൽക്കുരിശ്, കൊടിമരം എന്നിവയുടെ വെഞ്ചരിപ്പും നടത്തി.

07 രാവിലെ ഇരവിനല്ലൂർ അസംപ്ഷൻ പള്ളിയിൽ അജപാലനസന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞു കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ പ്ലാക്കാലിൽ നമിത, ഇടയിലെമുറിയിൽ മെൽവിൻ എന്നിവരുടെ വിവാഹവാഗ്ദാനകർമം ആശീർവദിച്ചു.

വൈകുന്നേരം കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ  യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന യുവജനസംഗമത്തിൽ പങ്കെടുത്തുസംസാരിച്ചു.

08 രാവിലെ കടുവാക്കുളത്ത് എഫ്.സി.സി. സിസ്റ്റേഴ്സിന്റെ അസ്സീസ്സി വിമൻ ഓൾഡ് ഏജ് ഹോമിൽ ചാപ്പലിന്റെ കൂദാശ, പുതിയഭവനത്തിന്റെ ആശീർവാദ കർമം എന്നിവ നിർവഹിച്ചു.

വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദി കാർത്ഥികളെ കണ്ടുസംസാരിച്ചു.

09 രാവിലെ പുത്തനങ്ങാടി സെന്റ് ജോർജ് ഇടവകാംഗം വൈക്കത്തു കാരൻവീട്ടിൽ ബഹു. ഫിലിപ്പ് അച്ചന്റെ സഹോദരൻ വി.പി. സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

10 രാവിലെ മാന്നാനം ട്വൽവ് അപ്പോസൽസ് ഇടവകാംഗവും വല്ലാത്തറ ബഹു. അലോഷ്യസ് അച്ചന്റെ പിതാവുമായ വി.എസ്. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ പബ്ലിക് റിലേഷൻസ്- ജാഗ്രതാ സമിതിയുടെ രജതജൂബിലിസമ്മേളനത്തിൽ പങ്കെടുത്തു.

11 രാവിലെ തുരുത്തി കാനാ-പൊന്തിഫിക്കൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോൺവൊക്കേഷൻ മീറ്റിങ്ങിൽ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

വൈകുന്നേരം പൊങ്ങ മാർ സ്ലീവാ പള്ളിയിൽ തിരുനാളിനു കൊടി യേറ്റുകയും പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകുകയും ചെയ്തു.

12 രാവിലെ കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം മൂലയിൽ ചെറിയാൻ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം തകഴി-തെന്നടി സെന്റ് റീത്താസ് പള്ളിയിൽ തിരുനാളി നോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകു കയും സെമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും നൂറുമേനി ഇടവകതലവിജയികൾക്കു സമ്മാനംനൽകുകയും ചെയ്തു.

13 രാവിലെ പുറക്കാട് മാർ സ്ലീവാ പള്ളിയിൽ മാവേലിക്കളം ബിജു ജോൺ-ബിറ്റു വർഗീസ് ദമ്പതികളുടെ രണ്ടുകുട്ടികൾക്കു പ്രവേശകകൂദാശകൾ നൽകി. മാങ്ങാനം എസ്.എച്ച്. ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ സുവർണ-രജതജൂബിലികളുടെ ഭാഗമായി പരിശുദ്ധ കുർബാനയർപ്പിച്ചു വചന സന്ദേശംനൽകി.

വൈകുന്നേരം ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി യുടെ ഓഡിറ്റോറിയത്തിൽ അതിരൂപതാതല ബൈബിൾ കൺവെൻഷൻ വോളണ്ടിയേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തുസംസാരിച്ചു.

14 രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഓഡിറ്റോറിയത്തിൽ കേരള കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാതല ഇലക്ഷൻ ഉദ്ഘാടനംചെയ്തു സന്ദേശംനൽകി.

വൈകുന്നേരം ആര്യങ്കാവ് സംയുക്തകൺവെൻഷന്റെ ഭാഗമായി പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി; കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

15 രാവിലെ പാറേൽ അമല തിയളോജിക്കൽ കോളേജിൽ സി.ആർ.ഐ. മീറ്റിങ്ങിൽ പങ്കെടുക്കുകയും ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസകൾനേരുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ WINGS 2.0 മീറ്റിങ്ങിലും വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് മീറ്റിങ്ങിലും പങ്കെടുത്തു.

16 രാവിലെ പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. റെസ്‌ലിറ്റ് കിടങ്ങയിൽ എസ്.എച്ച്., സി. സജിനി അന്ന കുന്നേൽ എസ്.എച്ച്. എന്നിവരുടെ നിത്യവ്രതവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞ് ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗം പറത്തോട് മറിയാമ്മ ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

17 ഉച്ചകഴിഞ്ഞ് എസ്.എ.ബി.എസ്. സന്യാസിനിസമൂഹാംഗം സി. ആനീസ് പ്ലാത്തോട്ടത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ലില്ലി ജോസ് വേളശ്ശേരിൽ എസ്.എച്ച്.ന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു കാർമികത്വംവഹിച്ചു.

വൈകുന്നേരം കുറുമ്പനാടം സെന്റ് ജോസഫ്സ് ക്ലാരിസ്റ്റ് കോൺവെന്റിൽ സി. ജോൺ മരിയ എഫ്.സി.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു

18 രാവിലെ പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ എച്ച്.ജി.എൻ. സന്യാസസമൂഹാംഗം മ്ശംശാനാ കൊശക്കുഴികുന്നുപുറം പീറ്ററിനു പൗരോഹിത്യ പട്ടം നൽകി.

വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ മലയിൽ ജോർജ്, മരിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

19 വൈകുന്നേരം വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകാംഗവും കന്യാകോണിൽ പെരിയ ബഹു. സ്കറിയ അച്ചന്റെ സഹോദരിയുമായ ചെറുകാട് മറിയാമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ളായിക്കാട് സെന്റ് ജോസഫ്സ് ഇടവകാംഗം പാണാട്ടിൽ ബിജു പി.ജെ.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

20 രാവിലെ ചങ്ങനാശ്ശേരി സെന്റ് വിൻസെന്റ് പുവർ ഹോമിന്റെ സെന്റ് അൽഫോൻസാ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞു ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ ഫാമിലി അപ്പോസ്തലേറ്റ് നടത്തിയ അതിരൂപതയിലെ വലിയകുടുംബങ്ങളുടെ സംഗമം-'ഹോളി ഫാമിലി ഫ്രട്ടേണിറ്റി'യിൽ പങ്കെടുത്തുസംസാരിച്ചു.

വൈകുന്നേരം തുരുത്തി മാർത്ത് മറിയം ഫൊറോന ഇടവകാംഗം തറയിൽ ത്രേസ്യാമ്മ ബേബിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

21 പടഹാരം ജോസഫ്സ് പള്ളിയിൽ അജപാലനസന്ദർശനം നടത്തി.

വൈകുന്നേരം കരുവള്ളിക്കാട് സെന്റ് തോമസ് കുരിശുമലയിൽ വൈദികാർത്ഥികൾ നടത്തുന്ന വർക്ക് ക്യാമ്പിന്റെ ഭാഗമായി റംശാപ്രാർത്ഥനയിൽ പങ്കെടുക്കുകയും ക്യാമ്പ് ഉദ്ഘാടനംചെയ്തു സംസാരിക്കുകയും ചെയ്തു.

■

## മാർ തോമസ് തറയിൽ

**മാർച്ച്**

23 അതിരൂപതാകേന്ദ്രത്തിൽ മ്ശംശാനാപട്ടം നൽകി; മേജർ സെമിനാരിക്കാരുടെ ഗ്യാതറിങ്ങിൽ പങ്കെടുത്തു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട യുവദീപ്തി-എസ്.എം.വൈ.എം.ന്റെ റിസോഴ്സ് ടീം പ്രോഗ്രാമിൽ പങ്കെടുത്തുസംസാരിച്ചു.

30 തിരുവനന്തപുരം ഉതിരക്കുഴി സ്നേഹതീരം സൈക്കോ സോഷ്യൽ-റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിക്കുകയും ഈസ്റ്റർസന്ദേശം നൽകുകയുംചെയ്തു. തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ വയോജനങ്ങൾക്കുവേണ്ടി പരിശുദ്ധ കുർബാനയർപ്പിച്ച് ഈസ്റ്റർസന്ദേശം നൽകി.

31 ഫിൽഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ ഉയിർപ്പുതിരുനാൾ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. പൂജപ്പുര സെൻട്രൽ ജയിലിൽ 'ആക്ട്സ്' സംഘടനയുടെ ആഭിമുഖ്യത്തിലുള്ള ഈസ്റ്റർദിനാഘോഷത്തിൽ പങ്കെടുത്തു സന്ദേശംനൽകി.

**ഏപ്രിൽ**

01 കാട്ടാക്കടയിൽ ഏലോസ് റീഹാബിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഇടവകാംഗം പുതിയാപറമ്പിൽ പി.എം. ജോണിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

02 പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശംനൽകി. അതിരൂപതയിലെ വൈദികസമ്മേളനത്തിൽ

പങ്കെടുത്തു. തൊടുപുഴ ഡിവൈൻ മേഴ്സി തീർത്ഥാടനകേന്ദ്രത്തിൽ ദൈവകരുണയുടെ കൺവെൻഷൻ ഉദ്ഘാടനംചെയ്തു.

03-04 പാലാരിവട്ടം പി.ഒ.സി.യിൽ പരിസ്ഥിതിസെമിനാറിൽ പങ്കെടുക്കുകയും പ്രബന്ധമവതരിപ്പിക്കുകയും ചെയ്തു.

05 ബെംഗളുരുവിൽ നാഷണൽ മെന്റൽ ഹെൽത്ത് കോൺഫറൻസിൽ പങ്കെടുക്കുകയും പ്രബന്ധമവതരിപ്പിക്കുകയും ചെയ്തു.

06 നെടുമണ്ണി ഫാത്തിമാ മാതാ ഇടവകാംഗം കളത്തിൽ തോംസൺ ജോസഫിനു പൗരോഹിത്യപട്ടം നൽകി. വാഴപ്പള്ളിയിൽ സി. ഡൊമിനി കളപ്പുരയ്ക്കൽ എസ്.എ.ബി.എസ്. ന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി സെന്റ് ജോസഫ്സ് ഇടവകാംഗം കറുകപ്പറമ്പിൽ ബ്രിജീത്താമ്മ ജോർജിന്റെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

07 മുട്ടാർ ന്യൂ സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയ്ക്കു കാർമികത്വംവഹിച്ചു. തെക്കേക്കര സെന്റ് ജോൺസ് പള്ളിയുടെ ശതാബ്ദി സമാപനസമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു. ആലപ്പുഴ ഫൊറോനയുടെ ആഭിമുഖ്യത്തിൽ പുത്തനങ്ങാടി സെന്റ് ജോർജ് പള്ളിയിൽ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെയും ഡി.എഫ്. സി. ഭാരവാഹികളുടെയും സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി.

08 കൊണ്ടാക്കൽ സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. തായങ്കരി സെന്റ് ആന്റണീസ് പള്ളിയിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികളോടു സംസാരിച്ചു. ചീരംചിറ ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ നടത്തപ്പെടുന്ന അന്നദാനംപദ്ധതിയുടെ ഏഴാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ സമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

09 ഏറ്റുമാനൂർ പള്ളിക്കുന്ന് സൈം ഇന്റർനാഷണൽ സ്കൂളിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയിലും ഉദ്ഘാടനച്ചടങ്ങിലും പങ്കെടുത്തു. വല്ലാത്തറ ബഹു. അലോഷ്യസ് അച്ചന്റെ പിതാവും മാന്നാനം ട്വൽവ് അപ്പോസൽസ് ഇടവകാംഗവുമായ വി.എസ്. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പുത്തനങ്ങാടി സെന്റ് ജോർജ് ഇടവകാംഗം വൈക്കത്തുകാരൻവീട്ടിൽ വി.പി. സെബാസ്റ്റ്യന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

10 അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിലിൽ സംബന്ധിച്ചു. കരുമാടി സെന്റ് ജോസഫ്സ് കുരിശുപള്ളിയിൽ പ്രവേശകകൂദാശകൾ പരികർമംചെയ്തു.

11 വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ വിവാഹവാഗ്ദാനകർമത്തിനു വചനസന്ദേശംനൽകി. തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ

തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചന സന്ദേശംനൽകി.

12 കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം മൂലയിൽ ചെറിയാൻ ജോസഫിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. കിടങ്ങറയിൽ പ്രവർത്തിക്കുന്ന സ്നേഹതീരം-പോപ്പ് ജോൺ XIII റീഹാബിലിറ്റേഷൻ സെന്റർ ഫോർ ഓൾഡ് ആൻഡ് മെന്റലി ചലഞ്ച്ഡ് വിമൻ സന്ദർശിച്ചു. വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

13 പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമംചെയ്തു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ വിവാഹം ആശീർവദിച്ചു. തകഴി-തെന്നടി സെന്റ് റീത്താസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു റംശാപ്രാർത്ഥനയ്ക്കു കാർമികത്വം വഹിക്കുകയും വചനസന്ദേശംനൽകുകയും ചെയ്തു.

14 തൃശ്ശൂരിൽ ഫിയാത്ത് മിഷൻ സംഘടിപ്പിച്ച ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷന്റെ എക്സിബിഷൻ സന്ദർശിക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകുകയും ചെയ്തു.

15-20 ബാങ്കോക്കിൽ നടത്തപ്പെട്ട എഫ്.എ.ബി.സി. ബിഷപ്സ് ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തു.

22 ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയിൽ പ്രവേശകകൂദാശകൾ പരികർമംചെയ്തു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽഹൗസിൽ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ പുന്നപ്ര സെന്റ് ജോസഫ്സ് പുവർ ഹോം ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം മേരി അമ്പലത്തിങ്കലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

23 കരുവള്ളിക്കാട് സെന്റ് തോമസ് കുരിശുമലയിൽ വൈദികാർത്ഥികളുടെ വർക്ക് ക്യാമ്പിൽ പങ്കെടുക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകുകയും ചെയ്തു. കുറവിലങ്ങാട് മാർത്ത് മറിയം ഇടവകാംഗം ചാക്കോച്ചൻ പൂവാട്ടിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

■



# ENGAGEMENTS
## MAY 2024


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:00 am | Pastoral Council @ Kallarackal Hall, St. Berchmans College, Changanacherry |
| | 03:00 pm | Message - KLM Rally @ Kavukatt Hall, St. Berchmans College, Changanacherry |
| 02 | 11:00 am | Jubilee & Final Profession @ Little Sisters of Christ, Manganam |
| | 03:30 pm | Meeting - Archdiocesan Temperance Movement for Awareness and Treatment of Addicts (ATMATA) @ Archbishop House, Changanacherry |
| 03 | | Engaged |
| 04 | 06:30 am | Solemn Holy Communion @ St. Joseph's Church, Veroor |
| | 11:00 am | Prize Distribution - Logos Quiz @ Sandesanilayam, Changanacherry |
| | 03:00 pm | Concluding Ceremony - Centenary @ St. Joseph Press, Changanacherry |
| 05 | 06:00 am | Pastoral Visit @ Assumption Church, Kurumpanadom |
| | 05:00 pm | Parish Day Celebration @ Christ the King Church, Ettumanoor |
| 06 | 10:30 am | Vestition, First Profession & Silver Jubilee - CMC Sisters @ Carmel Mount Retreat Centre, Chethipuzha |
| | 05:00 pm | Inauguration - Major Seminarians' Gathering @ St. Thomas Minor Seminary, Kurichy |
| 07 | 06:30 am | Holy *Qurbana* @ Santi Sadan FCC Convent, Veroochira |
| | 11:00 am | Meeting - Major Seminary Professors @ St. Thomas Minor Seminary, Kurichy |
| | 03:00 pm | Visitors |
| 08 | 06:30 am | Baptism (5th Child) @ Lourdes Matha Church, Pacha-Chekkidikad |
| | 10:00 am | Presbyteral Council @ Archbishop House, Changanacherry |

| | | |
|---|---|---|
| | 06:30 pm | Inter-Department Meeting @ Archbishop House, Changanacherry |
| 09 | 06:30 am | Minor Orders & Vestition - Rev. Brothers @ St. Thomas Minor Seminary, Kurichy |
| 10 - 19 | | Rome |
| 20 | 09:30 am | *Athiroopathadinam* @ St. Antony's Forane Church, Kurumpanadom |
| | 06:30 pm | Meeting - Fourth Year Brothers @ Mar Thoma Sleeha Centre, Niranam |
| 21 | 10:30 am | Blessing - Chapel @ SABS Convent, Athirampuzha |
| | 03:00 pm | Sacraments of Initiation @ St. Mary's Major Archiepiscopal Church, Kudamaloor |
| 22 | 11:00 am | Jubilee Holy *Qurbana* - Apostolic Oblates @ Spirituality Centre, Manganam |
| 23-26 | | Meeting - Pravasi Apostolate @ Oman |
| 27 | 09:00 am | NGO Legal Compliance Workshop @ Archbishop House, Changanacherry |
| 28 | 10:00 am | Blessing - Chapel & Holy *Qurbana* @ Snehatheeram, Vilakkudy |
| 29 | | Engaged |
| 30 | 09:30 am | Blessing - House @ Kattachira |

**FR. SECRETARY - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## MAY 2024

| | | |
|---|---|---|
| 01 | 06:30 am | Holy Communion @ Kodinattumkunnu, St. Sebastian's Church |
| | 09:00 am | Pastoral Council @ Changanacherry, St. Berchmans College, Kallarackal Hall |
| | 12:00 noon | Betrothal @ Chethipuzha, Sacred Heart Church |
| | 03:30 pm | May Day Celebration - KLM @ Changanacherry, St. Berchmans College, Kavukatt Hall |
| 02 | 06:15 am | Holy *Qurbana* @ Kunnamthanam, LSDP Generalate |
| 03 | | Engaged |
| 04 | 06:30 am | Holy Communion @ Arpookara, Little Flower Church |
| | 11:00 am | Jubilee *Qurbana* @ Punnavely, FDSHJ Generalate |
| | 03:00 pm | Concluding Ceremony - Centenary @ Changanacherry, St. Joseph Press |
| 05 | 07:30 am | Holy Communion @ Nedungadapally, St. Athanasius Church |
| | 02:30 pm | *Mikav 2024* @ Changanacherry, Sandesanilayam |
| 06 | 05:45 am | Holy *Qurbana* @ Edathua, St. George Forane Church |
| | 09:00 am | Formator's Course @ Punnapra, Denahalaya |
| | 06:00 pm | Major Seminarians' Gathering @ Kurichy, St. Thomas Minor Seminary |
| 07 | 10:30 am | Jubilee *Qurbana* @ Kothamangalam-Karukandom, FCC Laverna Retreat Centre |
| | 06:00 pm | Talk @ Puthoor, St. George Orthodox Valiyapally |
| 08 | 06:30 am | Holy *Qurbana* @ Ithithanam, St. Joseph's Priest Home |
| | 09:00 am | Presbyteral Council @ Changanacherry, Archbishop House |
| | 02:00 pm | Youth Convention @ Aruvithura, St. Alphonsa Junior College |
| | 06:30 pm | Inter-Department Meeting @ Changanacherry, Archbishop House |
| 09 | 06:30 am | Minor Orders & Vestition @ Kurichy, St. Thomas Minor Seminary |

| | | |
|---|---|---|
| | 09:30 am | Zonal Convention - Teachers @ Kurumpanadom, St. Peter's HSS |
| | 11:30 am | Marriage @ Changanacherry, St. Mary's Metropolitan Church |
| | 02:30-04:00 pm | Visitors |
| 10 | 09:30 am | Zonal Convention - Teachers @ Muttar, St. George HSS |
| | 11:00 am | Conclusion - Major Seminarians' Gathering @ Kurichy, St. Thomas Minor Seminary |
| | 06:30 pm | CSI Diocesan Convention @ Kollam, Craven LMS High School |
| 11 | 09:30 am | Zonal Convention - Teachers @ Amboori, St. Thomas HSS |
| | 10:30 am | Talk - Catechism Teachers @ Parassala, Charottukonam, St. George Church |
| | 05:00 pm | Nazreth Meet @ Sreekaryam, Emmaus Church |
| 12 | 09:00 am | Blessing - Chapel @ Pongummoodu, St. Alphonsa Church |
| | 03:00 pm | *Samudaya Sangam* @ Aruvithura, St. George Forane Church |
| | 05:00 pm | Parish Day @ Mannarkunnu, St. Gregorios Church |
| 13 | 07:00 am | Baptism @ Nedumkunnam, St. John the Baptist Forane Church |
| | 09:30 am | Zonal Convention - Teachers @ Changanacherry, St. Joseph's GHSS |
| 14 | 10:30 am | Priests' Conference @ Thiruvananthapuram, Lourdes Forane Church |
| 15 | | Formator's Course @ Punnapra, Denahalaya |
| 16 | 10:00 am | Jubilee *Qurbana* @ Changanacherry, FCC Devamatha Provincial House |
| | 02:30- 04:00 pm | Visitors |
| 17-18 | | Seminar @ Bengaluru, Kristu Jyoti College |
| 19 | 06:15 am | Holy *Qurbana* @ Vettickalpurayidom, St. Sebastian's Church |
| | 09:00 am | $70^{th}$ Anniversary - St.Vincent de Paul Society @ Veroor, St. Joseph's Church |
| | 04:00 pm | Betrothal @ Changanacherry, St. Mary's Metropolitan Church |
| | 05:30 pm | *Ramsa* @ Kurumpanadom, St. Antony's Forane Church |
| 20 | | *Athiroopathadinam* @ Kurumpanadom, St. Antony's Forane Church |
| 21 | 07:00 am | Baptism @ Thrickodithanam, St. Xavier's Forane Church |
| | 11:00 am | Requiem Holy *Qurbana* @ Punnathura, St. Thomas Church |
| | 02:30 pm | Anniversary @ Parel, Sevanikethan |

| | | |
|---|---|---|
| 22 | 11:00 am | Jubilee *Qurbana* @ Changanacherry, St. Mary's Metropolitan Church |
| | 02:30- 04:00 pm | Visitors |
| 23-24 | | Engaged |
| 25 | 10:00 am | Homily @ Punnamada, St. Mary's Church |
| | 12:00 noon | Talk @ Punnapra, IMS Dhyanabhavan |
| | 04:00 pm | Holy *Qurbana* @ Puthupally-Poomattom, St. Antony's Church |
| | 07:00 pm | Parish Day @ Koilmuck, St. Joseph's Church |
| 26 | 10:00 am | Retreat - Catechism Teachers @ Ernakulam, St. Albert's College |
| | 05:00 pm | Parish Day @ Nazareth, St. Jerome's Church |
| 27 | 09:00 am | CHASS NGO Meet @ Changanacherry, Archbishop House |
| 28 | 04:00 pm | Inauguration - New Block @ Vilakkudy, Snehatheeram Psycho - Social Rehabilitation Centre |
| 29 | | Engaged |
| 30 | 11:00 am | Marriage @ Thekkekara, St. John's Church |
| 31 | 05:00 pm | Holy *Qurbana* @ Kuzhikkattusserry, St. Mariam Thresia Shrine |

**FR. SECRETARY - 8078088468**

■

## ഐക്കൺവിവരണം
(കവർ ബാക്ക്)

# പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചുള്ള ഐക്കൺ

ഇതൊരു യുക്രേനിയൻ ഗ്രീക്ക് ഐക്കണാണ്. ഐക്കണിന്റെ മുകൾഭാഗത്തു സ്ലാവോണിക് ഭാഷയിൽ 'പരിശുദ്ധാത്മാവിന്റെ ആഗമനം' എന്നെഴുതിയിരിക്കുന്നു. ശ്ലീഹന്മാരുടെ നടപടികൾ 2:1-4ലെ സംഭവമാണ് ഇതിനടിസ്ഥാനം. ഐക്കണിൽ ചിത്രീകരിച്ചിരിക്കുന്നതു കേവലമൊരു ചരിത്രസംഭവം മാത്രമല്ല ആഴത്തിലുള്ള ആത്മീയയാഥാർത്ഥ്യംകൂടിയാണ്.

ഐക്കണിന്റെ മുകൾഭാഗത്തു പരിശുദ്ധാത്മാവു മൻഡോർലയിൽനിന്നു പ്രകാശകിരണങ്ങളായി പുറപ്പെടുന്നു. ഒരു ബദാം ആകൃതിയിലുള്ള ഓറിയോളയാണ് മൻഡോർല. ഓറിയോള എന്നാൽ തിളങ്ങുന്ന ഒരു മേഘത്തിന്റെ പ്രഭയാണ് (ഇതിനെ ഇംഗ്ലീഷിൽ 'ഹാലോ' അല്ലെങ്കിൽ 'നിംബസ് ' എന്നുവിളിക്കുന്നു). മൻഡോർല സ്വർഗത്തിന്റെ മഹത്ത്വത്തെ പ്രതിനിധീകരിക്കുന്നു.

ഐക്കണിന്റെ മധ്യഭാഗത്തു *തെയോതോക്കോസ്* (ദൈവമാതാവ്) അഥവാ പരി. മറിയം സഭയുടെ പ്രതിനിധിയെന്നനിലയിൽ പരിശുദ്ധാത്മാവിന്റെ ദാനം പരസ്യമായി സ്വീകരിക്കുന്നതിനായി തുറന്നകൈകളോടും ഹൃദയത്തോടും പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. പരി. മറിയത്തിന്റെ ഇരുവശങ്ങളിലായി അർദ്ധവൃത്താകൃതിയിൽ ശ്ലീഹന്മാർ ദൈവത്തിൽമാത്രം ശ്രദ്ധകേന്ദ്രീകരിച്ചു ശാന്തമായി നിലകൊള്ളുന്നു. അവരുടെ കൈകളിലെ ചുരുളുകൾ ഈശോയ്ക്കൊപ്പം പരസ്യജീവിതകാലത്തു ലഭിച്ച ജ്ഞാനത്തെയും അധികാരത്തെയും ലോകത്തോടു സുവിശേഷം പ്രസംഗിക്കുകയെന്ന ഈശോയുടെ കല്പനയെയും പ്രതിനിധീകരിക്കുന്നു.

ഐക്കണിന്റെ താഴ്‌വശത്തുള്ള രാജാവിന്റെ രൂപം (കിങ് കോസ്മോസ്) പാപാന്ധകാരത്തിന്റെ നിഴലിൽ ജീവിക്കുന്ന ലോകത്തെ പ്രതിനിധീകരിക്കുന്നു. അവൻ തന്റെ കൈകളിൽ ഒരു തുണി പിടിച്ചിരിക്കുന്നു, അതിലെ പന്ത്രണ്ടുചുരുളുകൾ 12 ശ്ലീഹന്മാരുടെ പഠിപ്പിക്കലുകളെ പ്രതിനിധീകരിക്കുന്നു. പരിശുദ്ധാത്മാവിനാൽ പ്രകാശിതമായ ഈ ഉപദേശങ്ങളാണു ലോകത്തിനു വെളിച്ചംനൽകുന്നത്.

തിരുസ്സഭ പന്തക്കുസ്താത്തിരുന്നാൾ ആഘോഷിക്കുമ്പോൾ കേവലമൊരു മുൻകാലസംഭവത്തെ അനുസ്മരിക്കുകയല്ല മറിച്ച്, വർത്തമാനകാലയാഥാർത്ഥ്യത്തെ ആഘോഷിക്കുകയാണ് - അതായതു സഭയിലെ പരിശുദ്ധാത്മാവിന്റെ നിരന്തരമായ സാന്നിധ്യം. മ്ശിഹായുടെ തുടർച്ചയായ സഭയിലെ അംഗമെന്നനിലയിൽ നമ്മുടെ ശ്രദ്ധ എപ്പോഴും ഐക്യത്തിലും സമാധാനത്തിലും ജ്ഞാനത്തിലും സ്നേഹത്തിലുമായിരിക്കണമെന്ന് ഈ ഐക്കൺ ഓർമിപ്പിക്കുന്നു.

## അതിരൂപതാദിനാചരണ ഒരുക്കപ്രാർത്ഥന
**(മെയ് 12 മുതൽ 19 വരെ)**

കർത്താവായ ഈശോയേ, മാമോദീസായിലൂടെ ത്രിത്വൈക കൂട്ടായ്മയിലേക്കും സഭാജീവിതത്തിലേക്കും ഞങ്ങളെ വിളിച്ച അവിടുത്തെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. ആദിമസഭയെപ്പോലെ 'ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേരുന്ന' സഭാസമൂഹമായി വളരുവാൻ അതിരൂപതാദിനാചരണം ഞങ്ങളെ സഹായിക്കട്ടെ. സഭാകൂട്ടായ്മയെ തളർത്തുന്ന ചിന്തകളും സംസാരങ്ങളും പ്രവൃത്തികളും ഞങ്ങളിൽനിന്നും ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും എടുത്തുമാറ്റണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും നിന്റെ സഭയെ സംരക്ഷിക്കണമേ. അതിരൂപതയിൽ ഞങ്ങൾ ഒരു കുടുംബമാണ് എന്ന ബോധ്യത്തിൽ, സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അങ്ങേയ്ക്കു നിരന്തരം കൃതജ്ഞത അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അതിരൂപതാദിനാചരണം ഞങ്ങളെ ഈശോയുടെ സാക്ഷികളും സഭയുടെ വിശ്വസ്തമക്കളുമായി രൂപാന്തരപ്പെടുത്തട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ**

*(പരിശുദ്ധ കുർബാനയിലെ കാറോസൂസായിലും കുടുംബപ്രാർത്ഥനയ്ക്കുശേഷവും ചൊല്ലുക)*

## അതിരൂപതാദിനപ്രതിജ്ഞ

സഭയെന്നനിലയിലുള്ള / ഞങ്ങളുടെ അസ്തിത്വത്തിന്റെ അടിസ്ഥാനം / പരിശുദ്ധ ത്രിത്വമാണെന്നു / ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു./ സ്നേഹ കൂട്ടായ്മയിൽ സ്വർഗീയജീവനെ ഞങ്ങൾ അനുഭവിക്കുന്നു./ ദൈവവിശ്വാസത്തെയും / സഭാകൂട്ടായ്മയെയും / ദുർബലപ്പെടുത്തുന്ന വെല്ലുവിളികളെ/ ഞങ്ങൾ തിരിച്ചറിയുന്നു./ പരിശുദ്ധ കുർബാനയിലൂടെയും/ കൂദാശാജീവിതത്തിലൂടെയും/ ഉപവാസത്തിലൂടെയും / ഞങ്ങൾ അവയെ അതിജീവിക്കും. കൂട്ടായ്മയെ തളർത്തുന്ന/ ചിന്തകളിൽനിന്നും / സംസാരങ്ങളിൽനിന്നും / പ്രവൃത്തികളിൽനിന്നും ഞങ്ങൾ വിട്ടുനിൽക്കും. കൂടുതൽ തീക്ഷ്ണതയോടെ / വരും തലമുറകളിലേക്കു / വിശ്വാസമൂല്യങ്ങൾ കൈമാറുവാൻ/ ഞങ്ങൾ ജാഗ്രതയുള്ളവരാകും./ പരിശുദ്ധ പിതാവിനോടും / സഭാതലവനോടും / അതിരൂപതാദ്ധ്യക്ഷനോടും / വൈദിക, സമർപ്പിത സമൂഹത്തോടും/ സഭാഗാത്രത്തോടു പൊതുവിലും / ഞങ്ങൾക്കുള്ള ഐക്യദാർഢ്യം ഞങ്ങൾ പ്രഖ്യാപിക്കുന്നു./ 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നത് അന്വർത്ഥമാക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കും. അതിരൂപതാദിനാചരണം വിജയിക്കട്ടെ.

**VEDAPRACHARA MADHYASTAN VOL.96 No.11 2024 MAY**
Date of Publication: 30-04-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




**പന്തക്കുസ്താസുദിനത്തിൽ**
**റൂഹായാകും തിരുദാനം**
**തീനാവുകളുടെ രൂപത്തിൽ**
**ശ്ലീഹന്മാരിൽ നിറയുകയായ്**
***(ഓനീസാ ദ്സപ്രാ, സപ്രാ, ശ്ലീഹാക്കാലം ഒന്നാം ഞായർ)***

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org